
LEAD KINDLY LIGHT
NEWMAN Voice '95 THODUPUZHA

QUALITY COLOUR PRINTS

FotoFast

Konica Photo Express

COMPUTERISED COLOUR LAB
MATHA SHOPPING ARCADE, THODUPUZHA. PHONE: 2394





# VOICE - 95

## NEWMAN COLLEGE ANNUAL '94-'95

**LEAD KINDLY LIGHT**



CARDINAL NEWMAN

Chief Editor : Prof. M.C. John ■ Staff Editors : Prof, Jose Peter, Sr. Vigiliya, Prof. E.J. Margerat ■ Editor : Gigu thomas ■ Sub Editor : Shiji John, Titus C. James, Jayesh K.K. ■ Cover Design : Benny Joseph Kakanattu ■ Illustration : Regi V.S. M.A. ■ Photo : Lazy Boys Thodupuzha ■ Typesetting & Printing : Chithira Printers Publishers, Manikath Road, Cochin-16, Phone : 364005

# OUR PATRON



**Rt. Rev. Dr. GEORGE PUNNAKKOTTIL Ph.D. D.D.**

# OUR PRINCIPAL



Prof. M.C. JOHN



*Rev. Fr. Thomas Malakudy*
*Manager*



*Rev. Fr. Paul Nedumpauram*
*Burzar*



*Prof. K.U. Joseph*
*Vice principal*



*Prof. M.M. George*
*Staff Advisor*

# ARCHITECTS OF VOICE '95



*Prof. Jose peter*
*English*
*Staf Editor*



*Prof. E.J. Margerat*
*Hindi*
*Staf Editor*



*Sr. Vigilya*
*Malayalam*
*Staf Editor*



*Gigu Thomas - K.A*
*Chief Student Editor*



*Shiji John M.4.*
*Sub Editor.*



*Jayesh K K H2*
*Sub Editor*



*Titus C. James E4*
*Sub Editor*

# OUR HOMAGE TO...



*Prof. Manual Thomas*





*Anusha C.M.*



പ്രിയരേ,

മോഹങ്ങളുടെയും മോഹഭംഗങ്ങളുടെയും നിറക്കൂട്ടിനു മിഴിവേകാൻ ഓർമ്മകളും ഓർമ്മത്തുടിപ്പുകളും നിറഞ്ഞുനിൽക്കുന്ന ഒരു സ്മരണിക.

കഴിഞ്ഞ കലാലയ വർഷത്തിൻെറ സ്പന്ദനങ്ങൾ ഒപ്പിയെടുത്ത ഈ സൃഷ്ടിയിൽ ഉടനീളം വിരിയുന്ന അക്ഷരക്കൂട്ടങ്ങളിൽ കാമ്പസിൻെറ ഹൃദയത്തുടിപ്പുകളും വികാര വിചാരങ്ങളും പകർത്തിവയ്ക്കുവാൻ ആവുന്നത്ര ശ്രമിച്ചിട്ടുണ്ട്. നിങ്ങളുടെ സ്വരങ്ങൾക്ക് ഈണവും സ്വപ്നങ്ങൾക്ക് നിറവും നൽകുവാൻ പരമാവധിശ്രമിച്ചിട്ടുണ്ട്.

ആലങ്കാരിക ഭാഷയുടെ അകമ്പടിയില്ലാതെ പറയട്ടെ, തികഞ്ഞ ആത്മാർത്ഥത ഈ സൃഷ്ടിക്കുവേണ്ടി കാട്ടിയിട്ടുണ്ട്. ക്രിയാത്മകമായ വിമർശനങ്ങളും, വിലയിരുത്തലും സ്വാഗതം ചെയ്യുന്നു. നിങ്ങളാണ് വിധികർത്താക്കൾ എന്ന ഉത്തമ ബോധ്യത്തോടെ നിങ്ങൾക്കുമുമ്പിൽ ഇത് സമർപ്പിക്കട്ടെ.....

സ്നേഹത്തോടെ, സവിനയം

*ജിജു തോമസ് (എഡിറ്റർ)*

# Representatives



*Sunadakumari P.K.*
*Lady Rep*



*Jijo George*
*III DC*



*Kochurani Mathew*
*Lady Rep.*



*Siji Sebastian*
*II MSc*



*Prem T.S.*
*II PDC*



*Jaison James*
*II DC*



*Rajesh George*
*I DC*



*Ist PDC*
*Sanoj Thomas*

# Association Secretaries



*Bitto Sebastian*
*Commerce*



*Thomas K.J.*
*English*



*Biju V.M.*
*Physics*



*Dianoj Sebastian*
*Zoology*



*Shaji Antony*
*Economics*



*VinosBabu*
*History*



*Roy Josepph*
*Chemistry*



*Nidhin Sasidaran*
*Mathematics*

# WE BID FAREWELL TO...



*Prof P.J. Mathew*
*Physics*

*Head of the Department*



*Prof. K.O. Ousaph*
*English*



*Prof. Jacob Mathew*
*History*
*Head of the department*



*V.T. Peter*
*U.D. Clerk*



*K.T. Thomas*
*Lab: Assistant Zoology.*

നിഷ്കളങ്കതയുടെ ബാല്യവും
കൗമാരത്തിൻെറ ആവേശവും
കലാലയത്തിൽ ഉയിർകൊണ്ട സത്യങ്ങളും
സന്തോഷത്തിൻെറ പൂർണ്ണതയിൽ.





*Canteen & Student's Centre*



എൻ. ഒ. ചെറിയാൻ
എൽ. 4

# ഗാന്ധിയൻ ദർശനത്തിന് ഒരു പുനരാഖ്യാനം

ആധുനിക കാലഘട്ടത്തിലെ ഏറ്റവും വലിയ ചരിത്രകാരനാണ് ഡോ. അർനോൾഡ്ടോയിൻ ബി. അദ്ദേഹം ഒരിക്കൽ പറഞ്ഞു. പടിഞ്ഞാറ് ആരംഭിച്ച ഒരധ്യായം മാനവരാശിയുടെ മുഴുവൻ നാശത്തിൽ കലാശിക്കാതിരിക്കണമെങ്കിൽ അതിന് ഒരു ഇന്ത്യൻ പരിസമാപ്തി വേണമെന്ന്. മനുഷ്യചരിത്രത്തിലെ ഏറ്റവും അപകടംനിറഞ്ഞ ഈ കാലഘട്ടത്തിൽ മാനവസമൂഹത്തിനുള്ള ഏകരക്ഷാമാർഗ്ഗം അശോകചക്രവർത്തിയുടെയും മഹാത്മാഗാന്ധിയുടെയും അക്രമരാഹിത്യത്തിന്റെയും ശ്രീരാമകൃഷ്ണന്റെ മതസൗഹാർദ്ദത്തിന്റെയും മാർഗ്ഗമാണ്. മനുഷ്യവർഗ്ഗത്തിന് ഒരൊറ്റ കുടുംബമായി വളരുവാനാവശ്യമായ സ്പിരിറ്റും മനോഭാവവും അവിടെയുണ്ടാകുമെന്ന് അദ്ദേഹം തുടർന്നുപറഞ്ഞു. ഈ ആറ്റമിക് യുഗത്തിൽ നമ്മൾ സ്വയം നശിക്കാതിരിക്കണമെങ്കിൽ വേറെ മാർഗ്ഗമില്ലെന്നും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. അന്യർക്ക് അനുകരണീയമായി ഇന്ത്യാമാർഗ്ഗം സംശുദ്ധമായി സൂക്ഷിക്കുകയും ചെയ്യേണ്ട ഇന്ത്യക്ക് ഇന്ന് അത്ചെയ്യാൻ കഴിയാതെയായിരിക്കുന്നു. ഇന്ത്യയുടെ മാത്രമല്ല ലോകത്തിന്റെതന്നെ നിലനിൽപിന് ആ ഇന്ത്യൻ സംസ്കാരം അനിവാര്യമാണെന്ന് പറയുന്നവരാണ് ടോയിൻബിപ്പോലുള്ളവർ. ഇവിടെ ടോയിൻബിയോട് നമുക്ക് മാപ്പുപറയാം.

കാരണമെന്തെന്നു വിശദീകരിക്കാനാവാത്തവിധം നിരവധിഭയങ്ങൾ നിറഞ്ഞുനിൽക്കുന്ന ദുരന്തഭൂമിയാണ് ഇന്നു ഭാരതം. എല്ലാഭയങ്ങളുംതീർന്നു എന്ന് നാം എന്ന് വിചാരിച്ചോ ആനിമിഷത്തിൽ രൂപംകൊണ്ടതാണ് ഈഭയങ്ങളെല്ലാം. ഔദാര്യംവേണ്ടിടത്ത്, സ്വാർത്ഥതയും സഹിഷ്ണുതവേണ്ടിടത്ത്, അസഹിഷ്ണുതയുമാണ് നാം കാണിക്കുന്നത്.

സാർവദേശീയതലത്തിൽ കൂടുതൽ അംഗീകാരവും പ്രസക്തിയും ഏറിവരുന്ന ഒരു വിഷയം-ഗാന്ധിയൻ ദർശനം. അത് പിറന്നുവീണമണ്ണിൽത്തന്നെ ഊർദ്ധ്വശ്വാസം വലിക്കുന്നത് എന്തുകൊണ്ടാണ്. ഒന്നോ രണ്ടോ അവധികളിലും തെരുവോരത്ത് മഞ്ഞും വെയിലുമേറ്റ് കാക്കകൾക്കും മറ്റും കാഷ്ഠിക്കുവാനുള്ള ഒന്നോ രണ്ടോ പ്രതിമകളിലുമായി ആ മഹാനുഭാവനെ ഒതുക്കുവാനുള്ളശ്രമം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. സ്വാതന്ത്ര്യപ്രാപ്തിമുതൽ ഇന്നുവരെ നടന്നുകൊണ്ടിരിക്കുന്നതും അതാണ്.

നമ്മുടെ രാഷ്ട്രം ഒരു ബഹുജാതി ബഹുമതരാഷ്ട്രമാണ്. ജാതിവ്യവസ്ഥയിൽ ഇന്നും അടിയുറച്ചുവിശ്വസിക്കുന്ന, യാഥാസ്ഥിതികതയുടെ വേര് വളരെ ആഴത്തിൽ താഴ്ന്നിറങ്ങിയിരിക്കുന്ന ഒരുസമൂഹത്തിലാണ് നമ്മൾ ജീവിക്കുന്നത്. സ്വാതന്ത്ര്യം ലഭിച്ചതിനുശേഷവും പട്ടികജാതിപട്ടികവർഗ്ഗങ്ങളും മറ്റുപിന്നോക്കജാതിക്കാരും ജീവിതത്തിന്റെ എല്ലാതുറകളിലും നിരവധിവിവേചനങ്ങളും അവശതയും അനുഭവിക്കുന്നു. ഈ അവർണ്ണ-സവർണ്ണജാതിമതവർഗ്ഗവൈരുദ്ധ്യങ്ങൾ സാമൂഹ്യപരിവർത്തനത്തിന്റെയും പുരോഗതിയുടെയും പ്രശ്നങ്ങൾ സങ്കീർണ്ണമാക്കുന്നു.

*ജാതിവ്യവസ്ഥയിൽ ഇന്നും അടിയുറച്ച് വിശ്വസിക്കുന്ന, യാഥാസ്ഥിതികതയുടെവേര് വളരെ ആഴത്തിൽ താഴ്ന്നിറങ്ങിയിരിക്കുന്ന ഒരുസമൂഹത്തിലാണ് നമ്മൾ ജീവിക്കുന്നത്.*

ജാതി നിലനിൽക്കുന്നിടത്തോളം കാലം അയിത്തവും നിലനിൽക്കും. ജാതിക്കെതിരായി ഒറ്റവാക്കുപോലും മിണ്ടാതെ അയിത്തോച്ചാടന പ്രസ്ഥാനങ്ങൾ നടത്തുന്ന സാമൂഹ്യപരിഷ്കർത്താക്കൾ ഈ രാജ്യത്തിന്റെ പുരോഗതിയെയും ഐക്യത്തെയുമല്ല കാംക്ഷിക്കുന്നത്. മറിച്ച് അയിത്തജാതിക്കാരുടെ കണ്ണിൽ മണ്ണെറിഞ്ഞ് അവരുടെ അധോഗതിയെ ത്വരിതപ്പെടുത്തുകയാണ് ചെയ്യുന്നത്. ജാതിനശിക്കാതെ എങ്ങനെ അയിത്തമില്ലാതാവും. ജാതിയുടെ നിഴലാണ് അയിത്തം. ഒരുമരം നിറുത്തിക്കൊണ്ട് അതിന്റെ നിഴലിനെ ഇല്ലാതാക്കാൻ കഴിയുമോ? ഒരു ഭിത്തിയെപ്പോലെയോ മുള്ളുവേലിപോലെയോ പെട്ടെന്ന് എടുത്തുമാറ്റാനോ നശിപ്പിക്കാനോ കഴിയുന്ന ഇന്ദ്രിയഗോചരമായ ഒരു ഭൗതികവസ്തുവല്ല ജാതി. അത് അനേക നൂറ്റാണ്ടുകളായി ജനങ്ങളുടെ മനസ്സിൽ വേരുന്നിനിൽക്കുന്ന വെറുമൊരു ധാരണ അഥവാ വിശ്വാസം മാത്രമാണ്. ഹിന്ദുക്കൾ ജാതി ആചരിക്കുന്നത് അവർ മനുഷ്യത്വമില്ലാത്തവരോ തെറ്റിദ്ധാരണകൾക്ക് വശംവദരാകുന്നവരോ ആയിട്ടല്ല. അവർ അടിയുറച്ച മതവിശ്വാസികളും അവരുടെ വേദശാസ്ത്രങ്ങളിൽ ഗാഢമായി വിശ്വസിക്കുന്നവരുമായിട്ടാണ്.

അപ്പോൾ തെറ്റ് സ്ഥിതിചെയ്യുന്നത് ഹിന്ദുക്കളിലല്ല. പ്രത്യുത ജാതിചിന്ത അവരുടെ മസ്തിഷ്കത്തിൽ അ

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Moovatupuzha

*ജാതി നിലനിൽക്കുന്നിടത്തോളം കാലം അയിത്തവും നിലനിൽക്കും. ജാതിക്കെതിരെ ഒറ്റവാക്കുപോലും മിണ്ടാതെ അയിത്തോച്ചാടന പ്രസ്ഥാനങ്ങൾ നടത്തുന്ന സാമൂഹ്യപരിഷ്കർത്താക്കൾ ഈ രാജ്യത്തിന്റെ പുരോഗതിയേയും ഐക്യത്തെയുമല്ല കാംക്ഷിക്കുന്നത്. മറിച്ച് അയിത്തജാതിക്കാരുടെ കണ്ണിൽ മണ്ണെറിഞ്ഞ് അവരുടെ അധോഗതിയെ ത്വരിതപ്പെടുത്തുകയാണ് ചെയ്യുന്നത്.*

ടിച്ചേൽപ്പിക്കുന്ന മതഗ്രന്ഥങ്ങളിലാണ്. അപ്പോൾ നാം കൈകാര്യംചെയ്യേണ്ട മുഖ്യശത്രു ജനങ്ങളെ ജാതി ആചരിക്കാൻ പ്രേരിപ്പിക്കുന്ന വേദങ്ങളും സ്മൃതികളുമാണ്. ജാതിസമ്പ്രദായത്തെ അരക്കിട്ടുറപ്പിച്ചു നിറുത്തിയിരിക്കുന്ന വേദശാസ്ത്രങ്ങളെ ചോദ്യം ചെയ്യാതിരിക്കുകയും ജനങ്ങളെ അവയുടെ പാരമ്യത്തിലും പരമാധികാരത്തിലും വിശ്വസിക്കാൻ പ്രേരിപ്പിക്കുകയും, അതേസമയം അവരെ പരിഹസിക്കുകയും ചെയ്യുക എന്നപ്രവണത കാപട്യപരമായ സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങൾമാത്രമാണ്.

പട്ടികജാതി പട്ടികവർഗ്ഗങ്ങളെ ഒന്നായിക്കണ്ട്, ദൈവത്തിന്റെ മക്കൾ എന്ന അർത്ഥത്തിൽ ഗാന്ധിജി ഇവരെ ഹരിജനങ്ങൾ എന്നുവിളിച്ചു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഇന്നും നിലനിൽക്കുന്ന ദേവദാസി സമ്പ്രദായത്തിൽനിന്നും, അച്ഛൻ ആരെന്നറിയാതെ ജനിക്കുന്ന കുഞ്ഞുങ്ങളും ഹരിജനങ്ങൾ എന്നപേരിലാണ് അറിയപ്പെടുന്നത്.

രാജ്യത്തിന്വേണ്ടി ആജീവനാന്തം സേവനമനുഷ്ഠിച്ചിട്ടുള്ള മഹാൻമാരോട് നന്ദിയുള്ളവരായിരിക്കുന്നതിൽ തെറ്റില്ല. പക്ഷേ ആ നന്ദിക്കും ഒരു പരിധിയുണ്ട്. ഐറിഷ് ദേശാഭിമാനി ദാനിയൽ ഓ കോൺ ഒരിക്കൽ, പറഞ്ഞതുപോലെ ഒരുരാജ്യവും അവിടുത്തെ സ്വാതന്ത്ര്യത്തിന്റെപേരിൽ കൃതജ്ഞതാർഹമല്ല. ഒരു പുരുഷനും തന്റെ കുലീനതയുടെപേരിൽ കൃതജ്ഞതാർഹനുമല്ല.

വിദേശീയന്റെ വെറുമൊരു കോളനിയിൽനിന്നുകൊണ്ട് ഇന്ത്യയെന്ന ചൈതന്യത്തിന് രൂപവും ഭാവവും നൽകിയ ഗാന്ധിജിയുടെ നെഞ്ചിൽ വെടിയുണ്ടകൾകൊണ്ടുചോരക്കളം തീർത്ത നാഥുറാം വിനായക് ഗോഡ്സേ തന്റെ ചിതയിൽനിന്ന് ഇന്ത്യൻ മണ്ണിൽ പുനർജ്ജനിക്കാൻപോകുന്നു. പൂനയിലും, ബോംബെയിലും മീററ്റിലും, കാൺപൂരിലുമെല്ലാം ജനങ്ങൾ പടക്കംപൊട്ടിച്ചാണ് ഗോഡ്സെയുടെ ചരമവാർഷികമാഘോഷിക്കുന്നത്. ഇത്തരം വേളകളിൽ ഉയർന്നുകേൾക്കുന്ന പ്രസംഗങ്ങൾ ഗോഡ്സെസ്മരണ നിലനിറുത്താനുള്ള ഒരു ഭൂരിപക്ഷത്തിന്റെ തീവ്രാഭിലാഷത്തിന്റെ ബഹിർസ്ഫുരണമാണ്.

പൂന സർവ്വകലാശാലയിൽനിന്നും ബിരുദമെടുത്ത ഗോഡ്സെ ഗാന്ധിയെവധിക്കാനുള്ള കാരണങ്ങളെക്കുറിച്ച് വിശദീകരിക്കുന്നത് മരണശിക്ഷക്ക് വിധിക്കപ്പെട്ടശേഷം ജയിലിൽ വച്ചെഴുതിയ വിൽപ്പത്രത്തിലാണ്. നാം എത്രയധികം വെറുപ്പോടെ വീക്ഷിച്ചാലും, സ്വന്തം മനഃസാക്ഷിയുടെ പൂർണ്ണബോധത്തോടെയാണ് ഗോഡ്സെ ഗാന്ധിയെവധിച്ചതെന്ന് കേസിന്റെ വിചാരണവേളയിൽ അദ്ദേഹം കോടതിയിൽ നടത്തിയ പ്രസ്താവനയിൽനിന്നും മനസ്സിലാവും. ഗോഡ്സെയുടെ സ്വപ്നസാക്ഷാത്കാരത്തിന് തടസ്സംനിന്ന ഗാന്ധിയെ നിഷ്കരുണം അദ്ദേഹം വധിച്ചു. പാകിസ്ഥാനും ഇന്ത്യയുമടങ്ങുന്ന അഖണ്ഡഹിന്ദുഭാരതമായിരുന്നു ഗോഡ്സെയുടെ സ്വപ്നം എന്ന്. അങ്ങനെയുള്ളൊരുഭാരതം സൃഷ്ടിക്കപ്പെടുന്നുവോ അന്നുമാത്രമെ തന്റെ ചിതാഭസ്മം നിമജ്ജനംചെയ്യാവു എന്നദ്ദേഹം പറഞ്ഞിട്ടുണ്ട്. ലോകത്തിലെ ഏറ്റവും മഹത്തായ സംസ്കാരത്തിന്റെയും മഹത്തായചരിത്രപാരമ്പര്യത്തിന്റെയും ഉറവിടം സിന്ധുനദീതടമാണ്. ആർഷഭാരതത്തിന്റെ ആത്മസത്തയായ വേദങ്ങളും ഉപനിഷത്തുകളും രചിക്കപ്പെട്ടതും അവിടെവച്ചാണ്. അതുകൊണ്ടാണ് സിന്ധുനദി ഭാരതത്തിന്റെ ഭാഗമാകുന്നകാലത്തേ അതിൽ തന്റെ ചിതാഭസ്മം നിമജ്ജനം ചെയ്യാവു എന്ന് ഗോഡ്സേ ആവശ്യപ്പെട്ടത്.

ഗോഡ്സെപറഞ്ഞു. "ഒരാൾക്ക് തന്റെ മാതൃരാജ്യത്തോടുള്ള കടപ്പാട് പാപമായിക്കരുതാമെങ്കിൽ, പാപമാണ് ഞാൻ ചെയ്തതെന്ന് സമ്മതിക്കുന്നു. മറിച്ച്, അതൊരുബഹുമതിയാണെങ്കിൽ ആ ബഹുമതി വിനയപൂർവം ഞാൻ സ്വീകരിക്കുന്നു. ഭാരതത്തിൽ എന്റെ ചിതാഭസ്മം ഒഴുക്കാൻ പറ്റിയ ഒരു നദി സിന്ധുമാത്രമേയുള്ളൂ. മറ്റെല്ലാനദികളും ഗാന്ധിയുടെ ചിതാഭസ്മം ഒഴുക്കിയതുമൂലം മലിനമാക്കപ്പെട്ടിരിക്കുന്നു" ഗോഡ്സെ തുടർന്നുപറഞ്ഞു. "ഒരുപക്ഷേ എന്റെ അഭിലാഷം സാക്ഷാത്കരിക്കപ്പെടാൻ ഒന്നോ രണ്ടോ തലമുറകൾവേണ്ടിവന്നേക്കാം. അത്രയുംകാലം ഈ ചിതാഭസ്മം സൂക്ഷിക്കുക. ഈ തലമുറയിൽ സാധിച്ചില്ലെങ്കിൽ അടുത്തതലമുറയിലേക്ക് അത് കൈമാറുക"

അതെ, ചരിത്രം പിൻതിരിഞ്ഞുനടക്കുകയാണ്. ചരിത്രത്തിന്റെ ഈ പ്രയാണം ഒരുപക്ഷേ പുതിയൊരു ചരിത്രത്തിന്റെ സൃഷ്ടിക്ക്വേണ്ടിയല്ല എന്ന് എങ്ങനെപറയാനാവും.

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Moovatupuzha



*മനോജ് പി.*
*കെ. 3*

# സമയദീക്ഷ

സമയത്തെയും ദൂരത്തേയും സയൻസിന്റെ പുരോഗതികൾകൊണ്ട് നമുക്ക് അതിജീവിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിൽകൂടി എല്ലാവരും എപ്പോഴും പറയുന്ന വാചകമാണ് "ഒന്നിനും സമയമില്ല" എന്നാൽ എത്ര സമയമാണ് നാം വെറുതേ കളയുന്നത്. നമ്മളിലാരുംതന്നെ സമയദീക്ഷ പാലിക്കുന്ന കാര്യത്തിൽ ശ്രദ്ധ ചെലുത്താറില്ല. മഹാൻമാരുടെയെല്ലാം ജീവിതവിജയത്തിന്റെ പ്രധാനകാരണം അവരുടെ സമയദീക്ഷതന്നെയാണ്.

മറ്റുപല കാര്യങ്ങളിലെന്നപോലെ തന്നെ സമയദീക്ഷയുടെ കാര്യത്തിലും മഹാത്മാഗാന്ധി നമുക്കൊരു നല്ലമാതൃകയാണ്. പൊതുയോഗത്തിൽ പങ്കെടുക്കുമ്പോഴാകട്ടെ, സന്ദർശകരെ കാണുവാൻ നിശ്ചയിച്ചാലാകട്ടെ ഏർപ്പെടുത്തിയ സമയത്ത് ഗാന്ധിജി അത് നിർവഹിച്ചിരിക്കും. ആനിബസന്റിന്റെയും സമയദീക്ഷ വളരെ പ്രശസ്തമാണ്. പതിനഞ്ച് മിനിറ്റാണ് ഒരു പ്രസംഗത്തിന് അനുവദിച്ചിരിക്കുന്നതെങ്കിൽ പതിനഞ്ചാമത്തെ മിനിട്ട് കഴിയുമ്പോൾ അവരുടെ പ്രസംഗവും അവസാനിച്ചിരിക്കും.



സമയദീക്ഷപാലിക്കാത്തതുകൊണ്ട് നമുക്കോരോരുത്തർക്കും ഉണ്ടാകുന്ന നഷ്ടങ്ങളുടെ കണക്കുബോധിപ്പിക്കുകയാണെങ്കിൽ അത് നമ്മെതെല്ലൊന്നുമല്ല അമ്പരിപ്പിക്കുന്നത്. സമയം ഒരിക്കലും നമ്മെ കാത്തിരിക്കുകയില്ല. സമയത്തു തുടങ്ങിയാൽ എല്ലാറ്റിനും സമയമുണ്ടാകും. ചെറുപ്പത്തിൽതന്നെ സമയദീക്ഷ പാലിച്ചുതുടങ്ങുകയാണെങ്കിൽ പിന്നീട് അത് നമ്മുടെ സ്വഭാവത്തിന്റെ ഒരു ഭാഗമായി തീർന്നുകൊള്ളും. കാര്യങ്ങൾ പ്രയാസംകൂടാതെ നിശ്ചയിച്ച സമയത്തുചെയ്യുന്നതിന് അത് നമ്മളെ പ്രാപ്തമാക്കുകയും ചെയ്യും.

സർ എം. വിശ്വേശ്വരയ്യ ഒരുദിവസം മൂന്നുമണിക്ക് ഒരാളെ കാണുവാൻ നിശ്ചയിച്ചിരുന്നു. മൂന്ന് അഞ്ചായപ്പോഴാണ് സന്ദർശകനെത്തിയത്. അയാളെകണ്ടപ്പോൾ അദ്ദേഹം ആദ്യം പറഞ്ഞതിതായിരുന്നു "സുഹൃത്തേ എന്റെ അഞ്ച് മിനിറ്റ് നിങ്ങൾ അപഹരിച്ചല്ലോ: സമയനിഷ്ഠ പാലിക്കുന്നതിൽ അദ്ദേഹം അത്രക്കധികം ബദ്ധശ്രദ്ധനായിരുന്നു.

അന്നന്നു ചെയ്തുതീർക്കേണ്ട കാര്യങ്ങൾ അന്നന്നുതന്നെ ചെയ്തുതീർക്കണം. പലകാര്യങ്ങളും പിന്നീടത്തേക്കു മാറ്റിവയ്ക്കുന്നതിനുള്ള സ്വഭാവം പലരിലും കാണാം. അങ്ങനെ കാര്യങ്ങൾ മാറ്റിവച്ച് മാറ്റിവച്ച് ചെയ്തുതീർക്കുവാൻ സാധിക്കാത്തവിധമായിത്തീരുന്നു. ഇങ്ങനെയുള്ള മാറ്റിവയ്ക്കലുകൾകൊണ്ട് എത്രയെത്ര ഓഫീസുകാര്യങ്ങളാണ് താറുമാറാകുന്നത്. യാതൊരൊഴിവുകഴിവുമില്ലാതെ കാര്യങ്ങൾ നിശ്ചിതസമയത്തുതന്നെ ചെയ്തുതീർക്കുകയാണെങ്കിൽ ജീവിതവിജയം താനേകൈവന്നുകൊള്ളും.

നെപ്പോളിയന്റെ സമയദീക്ഷ ലോകപ്രശസ്തമാണ്. ചില സൈനികോദ്യോഗസ്ഥൻമാരെ അദ്ദേഹം 8 മണിക്ക് അത്താഴത്തിനുക്ഷണിച്ചിരുന്നു. അതിനുശേഷം 8 1/2ക്ക് സൈനികകാര്യങ്ങളെ സംബന്ധിച്ചുള്ള കൂടിയാലോചനകളും. നിശ്ചയിച്ച പ്രകാരം സൈനികോദ്യോസ്ഥൻമാർ നിശ്ചിതസമയത്തെത്തിച്ചേർന്നില്ല. 8 1/2 കഴിഞ്ഞതിനുശേഷമാണ് സൈനികോദ്യോഗസ്ഥൻമാരെത്തിച്ചേർന്നത്. സമയത്തെത്താത്തതിൽ അവർ ഖേദം പ്രകടിപ്പിച്ചു. "ആകട്ടെ സാരമില്ല, ഞാൻ 8 മണിക്കുതന്നെഭക്ഷണം കഴിച്ചു. നമുക്കിനി സൈനികകാര്യങ്ങളിലേക്കുകടക്കാം എന്നായിരുന്നു നെപ്പോളിയന്റെ മറുപടി. സമയദീക്ഷ പാലിക്കാത്തതുകൊണ്ട് അന്ന് അത്താഴം കഴിക്കാതെ ഉദ്യോഗസ്ഥൻമാർക്ക് പണിയെടുക്കേണ്ടിവന്നു.

സമയദീക്ഷ പ്രയത്നം ഫലപ്രദമാക്കുന്നതിന് വളരെയധികം ആവശ്യമാണ്. ഓരോദിവസവും ചെയ്തുതീർക്കേണ്ട കാര്യങ്ങളെപ്പറ്റി ഓരോരുത്തർക്കും ശരിയായ ബോധംവേണം. മാത്രമല്ല അവ ഓരോന്നും കൃത്യസമയത്തുതന്നെ ചെയ്തുതീർക്കുമെന്നുമുള്ള നിശ്ചയവും. ആ നിശ്ചയം തെറ്റിക്കുകയില്ലെന്നുള്ള ഉറച്ചവിശ്വാസവുംവേണം. സമയനിഷ്ട പാലിക്കുന്നതുമൂലം നാം മറ്റുള്ളവരിലും സമയനിഷ്ട പാലിക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു. നമ്മുടെ രാജ്യത്ത് സമയത്തോടുള്ള അവഗണന സർവ്വസാധാരണമാണ്. ഇതിന് മാറ്റം വരുത്തിയേ പറ്റൂ. നമ്മുടെ ഉയർച്ചക്കതാവശ്യമാണ്. അതുവഴി നമ്മുടെ നാടിന്റെ പുരോഗതിക്കും.

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Moovatupuzha



ജോമോൻ വി. സേവ്യർ
കെ 5

# വികസനത്തിൽ മാധ്യമങ്ങളുടെ പങ്ക്

നൂറ് ശതമാനം സാക്ഷരത നേടിയ നമ്മുടെ സംസ്ഥാനം, ജീവിത നിലവാരം ഭാരതത്തിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ വളരെ മുന്നിൽ, ലോകത്തിലെ തന്നെ ഉയർന്ന ജീവിത നിലവാരമുള്ള രാജ്യങ്ങളോട് കിടപിടിക്കുന്ന തരത്തിലുള്ളത് എന്ന് പറഞ്ഞാലും തെറ്റില്ല. നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾ അതായത് മലയാളികൾ ലോകത്തിൻെറ എല്ലാ ഭാഗത്തും ചിതറിക്കിടക്കുന്നു. എവിടെ മലയാളി ഉണ്ടോ അവിടെയെല്ലാം അവർ തങ്ങളുടെ കഴിവ് പ്രകടമാക്കിയിരിക്കും.

സ്കൂൾ വിദ്യാഭ്യാസത്തിലും ഉന്നത വിദ്യാഭ്യാസത്തിലും മലയാളി മുന്നിട്ട് നിൽക്കുന്നു. വിദ്യ അഭ്യസിക്കുവാനുള്ള അവൻെറ ആഗ്രഹം ആദ്യകാലം മുതലേ ഉള്ളതാണ്. പുരാണങ്ങളിൽ അത് കൃത്യമായി വിവരിച്ചിട്ടുണ്ട്.

മലയാളിയെ വിദ്യ അഭ്യസിപ്പിക്കുന്ന കാര്യത്തിൽ നമ്മുടെ വിദ്യാലയ സംവിധാനത്തോടൊപ്പം നമ്മുടെ മാധ്യമങ്ങളും പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ഇപ്പോഴും മാധ്യമങ്ങൾ അവരുടേതായ പങ്ക് വഹിക്കുന്നുമുണ്ട്. 1847-ൽ തലശ്ശേരിക്കടുത്ത് ഇല്ലിക്കുന്നിൽ ജർമ്മൻ മിഷനറിയായ ഹെർമൻ ഗുണ്ടർട്ട് ആദ്യത്തെ മലയാള പത്രിക പ്രസിദ്ധീകരിച്ചതിൽ നിന്ന് മലയാള പത്രപ്രവർത്തനത്തിൻെറ ചരിത്രം ആരംഭിക്കുന്നു. അന്നുമുതൽ ഇന്നുവരെ നമ്മുടെ മാധ്യമ സംവിധാനം ദ്രുതഗതിയിലുള്ള വളർച്ചയിലായിരുന്നു. 1993-ലെ കണക്കനുസരിച്ച് നമുക്ക് 1058 പ്രസിദ്ധീകരണങ്ങളുണ്ട്. അതിൽ 168 ദിനപത്രങ്ങൾ, 145 വാരിക, 132 ദ്വൈവാരിക, 556 മാസിക എന്നിവ ഉൾപ്പെടുന്നു. ഒരു ദിവസം 23 ലക്ഷത്തിലേറെ പത്രപ്രതികളാണ് മലയാളി വായിക്കുന്നത്.

ആദ്യപത്രമായ 'രാജ്യസമാചാര' മുതൽ കേരളത്തിൻെറ വികസനത്തിൽ മാധ്യമങ്ങൾ വളരെയേറെ പങ്കുവഹിക്കുന്നു. ജനാധിപത്യത്തിൻെറ നെടുംതൂണുകളാണ് മാധ്യമങ്ങൾ. സ്വാതന്ത്ര്യസമരക്കാലത്ത് മലയാളിക്ക് സമരാവേശം പകർന്നതും മലയാളിയെ ഒറ്റക്കെട്ടായി ബ്രിട്ടീഷ് ഭരണത്തിനെതിരെ കൊണ്ടുവരുന്നതിലും നമ്മുടെ മാധ്യമങ്ങൾ വളരെ സ്തുത്യർഹമായ പങ്കാണ് വഹിച്ചിട്ടുള്ളത്. സ്വാതന്ത്ര്യത്തിന് ശേഷം നമ്മുടെ സംസ്ഥാനത്ത് ജനാധിപത്യ സർക്കാരുകൾ നിലവിൽ വരുന്നതിനും നീതിപൂർവ്വമായ തെരഞ്ഞെടുപ്പുകൾ നടക്കുന്നതിനും നമ്മുടെ മാധ്യമങ്ങൾ അവരുടേതായ പങ്ക് വഹിച്ചിട്ടുണ്ട്.

കേരളത്തിൻെറ നല്ല ശതമാനം ജനങ്ങളെ പ്രതിനിധീകരിക്കുന്ന കാർഷിക മേഖലയുടെ വികസനത്തിനും, വ്യവസായ വികസനത്തിനും മാധ്യമങ്ങൾ ആദ്യം മുതലേ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. വ്യവസായം കൂടാതെ ഒരു നാടും പുരോഗമിക്കില്ലാ എന്ന ആശയം പ്രചരിപ്പിച്ചുകൊണ്ട് നമ്മുടെ നാട്ടിൽ ഒരു വ്യവസായ വിപ്ലവത്തിന് മാധ്യമങ്ങൾ തുടക്കം കുറിച്ചു.

ജനങ്ങളോടൊപ്പം നിന്ന് അഴിമതിക്കും കൊള്ളക്കും കൊള്ളരുതായ്മക്കും എതിരായി നമ്മുടെ മാധ്യമങ്ങൾ വീറോടെ പോരാടി.

നമ്മുടെ കലാ-കായിക പുരോഗതിക്കും ചരിത്രത്തെ അതിൻെറ ഗൗരവത്തോടെ പുതിയ തലമുറയെ പരിചയപ്പെടുത്തുന്നതിലും മാധ്യമങ്ങൾ മുന്നിലായിരുന്നു. ഒരു ദേശത്തിന് വേണ്ട എല്ലാ സൗകര്യങ്ങൾക്കും വേണ്ടി അതിൻെറ ഗുണങ്ങൾ അക്കമിട്ട് നിരത്തി നമ്മുടെ മാധ്യമങ്ങൾ അതിൻെറ ആവശ്യകത അധികാരികളെ അറിയിച്ച് അതിന് വേണ്ടി ജനങ്ങളോടൊപ്പം പോരാടുന്നു.

ഇന്ന് മാധ്യമങ്ങൾ അവരുടെ കടകൾ മറക്കുന്നു. പരിണാമങ്ങളുടെ പാതയിൽ മാറ്റത്തിൻെറ കാറ്റ് സ്വതന്ത്ര മാധ്യമങ്ങളുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ആ പഴയ സങ്കൽപത്തെ ചരിത്രത്തിൻെറ ചവറ്റുകുട്ടയിൽ തള്ളി. ഇന്ന് മാധ്യമ സംവിധാനം വൻ വ്യവസായമായി മാറിയിരിക്കുന്നു. ആദർശങ്ങളോടും മൂല്യങ്ങളോടും ജനങ്ങളോടും സ്വന്തം ദേശത്തിനോടും ഉള്ള പ്രതിബദ്ധത വാണിജ്യ ലക്ഷ്യങ്ങൾക്ക് വേണ്ടിയുള്ളതായി മാറി.

നമ്മുടെ മാധ്യമങ്ങളുടെ അമിത രാഷ്ട്രീയ താൽപര്യവും അപകടകരമാണ്. ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയെ തുണക്കുമ്പോൾ മാധ്യമങ്ങൾ ഇവിടുത്തെ ജനങ്ങളെ മറക്കുന്നു.

ജനങ്ങളുടെ പ്രശ്നങ്ങൾ സർക്കാരിനു മുമ്പിൽ അവതരിപ്പിക്കാനുള്ള ഇടനിലക്കാരാണ് മാധ്യമങ്ങൾ. മാധ്യമങ്ങൾ ജനങ്ങളിൽനിന്ന് അകലുമ്പോൾ സർക്കാരും ജനങ്ങളും തമ്മിലുള്ള അകലവും വർദ്ധിക്കുന്നു. മാധ്യമങ്ങൾ തങ്ങളുടെ കടമകൾ മറക്കുമ്പോൾ ഇവിടെ അഴിമതിയും സ്വജനപക്ഷപാതവും വളരുന്നു. വികസനം പകുതിക്ക് വഴിമുട്ടുന്നു. ഒരു ദേശത്തിൻെറ സർവ്വതോൻമുഖമായ വികസനത്തിൽ മാധ്യമങ്ങൾക്കുള്ള പങ്ക് വളരെ വിലപ്പെട്ടതാണ്.

K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Moovatupuzha



സുനിൽ ജോൺ
ഇ. 3

# മദ്യവും മൂല്യശോഷണവും

ദൈവസൃഷ്ടിയായ മനുഷ്യനും മനുഷ്യസൃഷ്ടിയായ മദ്യവും തമ്മിൽ ഇന്നു വലിയ ഒരുപോരാട്ടം നടന്നുകൊണ്ടിരിക്കുകയാണ്. ഈ പോരാട്ടത്തിൻെറ അനന്തരഫലങ്ങൾ കണ്ടും കേട്ടും നനഞ്ഞുപോയ നമ്മുടെ കണ്ണുകളെ ഒരന്വേഷണമേഖലയിലേയ്ക്കു തിരിക്കാം.

ദൈവസൃഷ്ടിയിൽ ഏറ്റവും മഹത്തരമാണെന്നു വിശേഷിപ്പിക്കപ്പെട്ട മനുഷ്യന് എല്ലാത്തിൻെറയും മേൽ അധികാരം നൽകി. ആ അധികാരം ഉപയോഗിച്ച് അവന് മറ്റുസൃഷ്ടികളെ എല്ലാം നിയന്ത്രിക്കുവാൻ സാധിക്കും. മനുഷ്യനെക്കാൾ വളരെ അധികം ശക്തിയും വലിപ്പവുമുള്ള ആനയെവരെ അവന് നിയന്ത്രിക്കാം. അതുപോലെ മനുഷ്യനിർമ്മിതമായ എല്ലാറ്റിൻെറയും നിയന്ത്രണവും അവൻെറ കൈയ്യിൽതന്നെ. പക്ഷെ ഒരു മനുഷ്യന് മറ്റൊരു മനുഷ്യനെ നിയന്ത്രിക്കുക സാധ്യമല്ല. ഏതൊരു മനുഷ്യൻെറയും നിയന്ത്രണം അവൻെറ കൈയ്യിൽതന്നെ. എന്നാൽ മദ്യത്തിനു സാധിക്കും അവൻെറ നിയന്ത്രണത്തെ തകർക്കുവാൻ. അമിതമായി മദ്യം കഴിച്ചവൻ മദംപൊട്ടിയ ആനയ്ക്കു സദൃശനാണ്. പാപ്പാൻെറ നിയന്ത്രണം വിട്ട ആന നശീകരണത്തിലേയ്ക്കു നീങ്ങുന്നു. അതുവരെ അനുസരിക്കുകയും തനിക്കുഭക്ഷണം തരുകയും ചെയ്ത പാപ്പാനെ ആന കൊല്ലുവാൻ ശ്രമിക്കുന്നു. ഇതുതന്നെയാണ് മദ്യപാനിയുടെയും സ്ഥിതി. മദ്യം കഴിച്ച് നിയന്ത്രണം വിട്ടവന് വ്യക്തിബന്ധങ്ങൾ ഒന്നും അല്ല. സ്വന്തം ഭാര്യയോ, അച്ഛനോ, അമ്മയോ ആരും ഒന്നുമല്ല. എല്ലാവരും ശത്രുക്കൾ. ശത്രുക്കളെ നശിപ്പിക്കുക നമ്മുടെ എല്ലാവരുടെയും ആഗ്രഹവുമാണ്. അപ്പോൾ മദ്യപാനിയുടെ ആഗ്രഹം സഫലീകരിക്കുവാൻ മദ്യം സഹായകരമായിതീരുന്നു.

ഇത്രമാത്രം ഉത്തേജിതാവസ്ഥ നൽകുന്ന മദ്യം, പലരും പലവിധത്തിലാണ് ഉപയോഗിച്ചുതുടങ്ങുന്നത്. ശാരീരികവും മാനസികവും ആയ സൗഖ്യം തരുവാൻ മദ്യത്തിനു കഴിയും എന്ന അന്ധവിശ്വാസമാണ് ഒരുപരിധിവരെ മദ്യപാനികളെ സ്വാധീനിക്കുന്നത്. അതുകൊണ്ട് ചിലർ കൂട്ടുകൂടി സന്തോഷം പങ്കുവയ്ക്കുവാൻ മദ്യം ഉപയോഗിക്കുമ്പോൾ മറ്റു ചിലർ ദുഃഖങ്ങൾ മറക്കുവാനായി ഉപയോഗിക്കുന്നു. വേറെ ചിലർ ധൈര്യം കിട്ടുന്നതിനുവേണ്ടിയാകുമ്പോൾ മറ്റുചിലർ ബോറടിമാറ്റുവാനായി മദ്യം ഉപയോഗിച്ചു തുടങ്ങുന്നു. അതുപോലെ മദ്യത്തെ ഫാഷനും മാന്യതയും ആയി വലിയവർ കാണുമ്പോൾ യുവജനങ്ങൾ ആണത്തത്തിൻെറ ലക്ഷണമായി മദ്യത്തെ കരുതുന്നു. വീണ്ടും നോക്കിയാൽ നമുക്ക് കാണുവാൻ സാധിക്കും ഏതൊരു പരിപാടിയും ആഘോഷമാകണമെങ്കിൽ മദ്യം അനിവാര്യമായിതീർന്നിരിക്കുന്നു. രാഷ്ട്രീയ നേതാക്കൻമാരുടെ മീറ്റിംങ്ങ് ആയാലും, കുട്ടിയുടെ പിറന്നാൾ ആയാലും, അല്ലെങ്കിൽ വിവാഹമോ, മരണമോ, മരണവാർഷികമോ എന്തുതന്നെയായാലും അവിടെ മദ്യം ആവശ്യമാണ്.



എന്താണ് മദ്യം? മുമ്പുപറഞ്ഞതുപോലെ ഉത്തേജിപ്പിക്കുന്ന അല്ലെങ്കിൽ സാധാരണ ഇല്ലാത്ത എന്തോ പ്രത്യേക ഉത്തേജിതാവസ്ഥ നൽകുന്ന ഒന്നാണ് മദ്യം. ഇതു കഴിക്കുന്ന വ്യക്തിക്കു ബാഹ്യമായി ഉത്തേജനവും, ഉൻമേഷവും, പ്രവർത്തനക്ഷമതയും ലക്കുവിട്ട സംസാരവും കൈയ്യുണ്ടാക്കുന്നു. എങ്കിലും അകമേ വിഷാദവും മന്ദതയുമാണുണ്ടാവുക. രാസപരമായി പറയുകയാണെങ്കിൽ കാർബൺ ഹൈഡ്രജൻ ഓക്സിജൻ ഇവയുടെ സംയുക്തമാണ് മദ്യം. അതിൻെറ വീര്യം അടങ്ങിയിരിക്കുന്നത് അതിലുള്ള ആൽക്കഹോളിൻെറ തോതനുസരിച്ചാണ്.

മദ്യത്തിൻെറ ഏറ്റവും പ്രധാനപെട്ട ഒരു ഗുണമാണ് ഒന്നു കഴിച്ചവനെ വീണ്ടു വീണ്ടും കഴിപ്പിക്കും എന്നുള്ളത്. അതുകൊണ്ടാണ് മദ്യം കഴിക്കുന്നവരിൽ മിക്കവരും മദ്യത്തിന് അടിമയാകുന്നത്. ആദ്യം ഒരുരസത്തിനുവേണ്ടിയോ പാർട്ടയിൽവച്ചോ, മറ്റുള്ളവരുടെ നിർബന്ധത്തിനുവഴങ്ങിയോ, മദ്യം കഴിച്ചവനെയായിരിക്കും പിന്നീടു നാം മുഴുകുടിയനായികാണുക. പക്ഷെ ഈ വ്യക്തിക്കു കുടിനിറുത്തണമെന്ന ആഗ്രഹവും കാണും എങ്കിലും "കള്ള്" അല്ലെങ്കിൽ "ചാരായം" എന്ന ബോർഡ്കാണുമ്പോൾ അവൻെറ കാലുകൾ അവനെ അങ്ങോട്ട് വഹിച്ചുകൊണ്ടുപോകുന്നു. അതുവരെ ഭാര്യയെകുറുച്ച്, കുട്ടികളെകുറിച്ച്, മാതാപിതാക്കളെക്കുറിച്ച്, അവനെക്കുറിച്ചുതന്നെ കരുതിയതെല്ലാം മറന്ന് സുഖമായികുടിക്കുന്നു, ഉൻമത്തനാകുന്നു. ഒരു അവൻെറയും അവനെ ആശ്രയിക്കുന്നവരുടെയും നാശത്തിനുകാരണമാകുന്നു.

മനുഷ്യർ അകത്താക്കുന്ന മദ്യം നേരെ രക്തത്തിൽ കലരുകയും

K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Moovatupuzha

ശേഷം കരളിൽഎത്തി വിഷമായിമാറുകയുംചെയ്യുന്നു. പക്ഷെ കരളെന്ന കൊച്ചുഫാക്ടറിക്ക് വളരെയധികം പ്രവർത്തനങ്ങൾ ഉണ്ട്. ഇനി മദ്യം എന്ന വിഷം ഉള്ളിൽ ചെന്നുകഴിയുമ്പോൾ കരളിന്റെ പ്രവർത്തനങ്ങൾക്ക് തടസം സൃഷ്ടിക്കുന്നു. തൽഫലമായി മദ്യപാനിയ്ക്ക് തളർച്ച, വിശപ്പില്ലായ്മ, രോഗപ്രതിരോധശേഷിക്കുറവ്, കരൾസംബന്ധമായ അസുഖങ്ങൾ അങ്ങനെ അവസാനം വേദനാജനകമായ മരണത്തിൽ ചെന്നുകലാശിക്കുന്നു. മദ്യപാനിയുടെ സ്ഥിതി ഇതാണെങ്കിൽ അദ്ദേഹം അന്തിയുറങ്ങുവാൻ കയറിച്ചെല്ലുന്ന കുടുംബത്തിലേയ്ക്ക് നോക്കിയാൽ ഭർത്താവിന്റെ സ്നേഹം അനുഭവിച്ചിട്ട് നാളുകൾമറന്ന ഭാര്യ നനഞ്ഞ കണ്ണുകളുമായിരിക്കുമ്പോൾ, അമ്മേ വിശക്കുന്നു എന്നുപറഞ്ഞ് അച്ഛന്റെ സ്നേഹം അനുഭവിക്കാത്ത കുട്ടികൾ എത്തുമ്പോൾ, സഹിക്കുവാൻവേണ്ടി മാത്രം ഭൂമിയിലേയ്ക്കു വന്നവരാണോ സ്ത്രീകൾ എന്നുതോന്നിപോകുന്നു. എങ്കിലും അവർക്ക് തന്റെ മക്കളോടുള്ള സ്നേഹം നിമിത്തം കൂലിപണിക്കുപോകേണ്ടതായിവരുന്നു. (അമ്മയെ തന്റെ അന്തസിനുചേരാത്തപണിക്കുപോയി എന്നുപറഞ്ഞ് മദ്യപാനി അടിക്കുമ്പോൾ എല്ലാം കാണുവാൻമാത്രം വിധിച്ച ആ കുഞ്ഞുങ്ങൾ കരഞ്ഞു കരഞ്ഞു തളരുന്നു). അതോടൊപ്പം തളരുന്ന കൊച്ചുമനസ്സുകളെ ആർക്കുകാണുവാൻ സാധിക്കും. എങ്കിലും അച്ഛൻ അമ്മയുടെ അടുത്തുവരും. അന്തസ്സില്ലാത്ത ജോലിയിൽനിന്നു കിട്ടിയ കാശ്വാങ്ങുവാൻ. കാരണം, വിൽക്കുവാനുണ്ടായിരുന്നവ വിറ്റിട്ടുപോലും കുടിക്കുവാൻ തികയാത്തതുകൊണ്ട്. ഇവിടെ അച്ഛന്റെ സ്ഥാനത്ത് മകനാണെങ്കിലും സ്ഥിതി ഇതുതന്നെ. അതായത് ആ കുടുംബത്തിന്റെ തകർച്ച ഭൂമിയിലെ സ്വർഗ്ഗം എന്നുവിശേഷിപ്പിക്കപ്പെടേണ്ട കുടുംബത്തിൽ ഒരുമദ്യപാനിയുണ്ടെങ്കിൽ അത് നരകമാകും. കാരണം ഓരോ മനുഷ്യന്റെയും മനസ്സിൽ ഒരു അപൂർവ്വ ശക്തിയുണ്ട് തെറ്റുചെയ്യുമ്പോൾ ചെയ്യരുത് എന്നുപറയുന്ന ഒരു ശക്തി. മദ്യം ഉള്ളിൽ ചെന്നുകഴിയുമ്പോൾ മനസ്സിന്റെ ആ ശക്തി നഷ്ടപ്പെടുന്നു. പിന്നെ അവന് എന്തും ചെയ്യാം എന്നായി. അങ്ങനെ അവൻ കുടലുരുക്കിയും കുടുംബം കലക്കിയും സമൂഹം കുലുക്കിയും നാടുനടുക്കിയും ആയിമാറുന്നു.



മുൻപ് മദ്യപാനിയുടെയും കുടുംബത്തിന്റെയും തകർച്ചയെകുറിച്ച് പറഞ്ഞല്ലോ. ഇനി ആ തകർച്ച എങ്ങനെ സമൂഹത്തെ കുലുക്കുന്നു എന്നും, നാടിനെ നടുക്കുന്നു എന്നുംനോക്കാം. സമൂഹജീവിയായ മനുഷ്യൻ പരസ്പരം സഹകരിച്ചാണ് മുന്നോട്ട് നീങ്ങേണ്ടത്. പക്ഷെ ഒരു മദ്യപാനിയിലൂടെ സമൂഹത്തിനു നഷ്ടപ്പെടുന്നത് നല്ല ഒരുകലാകാരനോ, അതിലുപരി സമൂഹത്തെ സ്നേഹിക്കുന്ന ഒരു വ്യക്തിയോ അല്ലെങ്കിൽ നല്ല ഒരു ഉദ്യോഗസ്ഥനോ ആകാം. എന്തായാലും നല്ല ഒരു കുടുംബത്തിന്റെ തകർച്ച സമൂഹത്തെ സാരമായി ബാധിക്കും എന്നത് തീർച്ചയാണ്. വീണ്ടും മദ്യപാനി തന്റെ നില തുടരുകയാണെങ്കിൽ നാടിനെ നടുക്കുന്നവാർത്തകളാകും പുറത്തുവരുക. അതായത് സ്വന്തംഭാര്യയെ ഇടിച്ചുകൊന്നു, കുഞ്ഞുങ്ങളെ മണ്ണെണ്ണ ഒഴിച്ചുകത്തിച്ചു..... തുടങ്ങിയ വാർത്തകൾ ഇതിനെല്ലാം സാക്ഷിയാകേണ്ട നാട്ടുകാരുടെ കണ്ണുകൾ അറിയാതെ നനഞ്ഞുപോകുന്നു.

ഇനിയും ഈ തകർച്ചയെകുറിച്ചു മാത്രം പറഞ്ഞാൽ ഞാൻ എഴുതിയതുമുഴുവൻ ഒരു രാഷ്ട്രീയ പ്രസംഗംപോലെയാകും. കാരണം, നാം നിത്യവും കാണുന്ന കാര്യത്തെകുറിച്ച് രാഷ്ട്രീയക്കാർ അതിവിപുലമായ പ്രസംഗങ്ങൾ നടത്താറുണ്ട്. അവ ഉണ്ടാകുന്നതിനെ കുറിച്ചോ ഒഴിവാക്കുന്നതിനെക്കുറിച്ചോ, ഒന്നും പറയാതെതന്നെ.

ആദ്യഭാഗത്ത് വ്യക്തികൾ മദ്യം ഉപയോഗിച്ച് തുടങ്ങുന്നതിനെക്കുറിച്ച് പറഞ്ഞല്ലോ. അങ്ങനെ പലവിധത്തിൽ മദ്യംകഴിച്ച് മദ്യത്തിന് അടിമയാകുന്നവരെ കരകയറ്റേണ്ടത് അല്ലെങ്കിൽ രക്ഷിക്കേണ്ടത് നമ്മുടെ എല്ലാവരുടെയും ആവശ്യമാണ്. ഒരു മദ്യപാനിയെ രക്ഷപ്പെടുത്തണമെങ്കിൽ ആദ്യം ആ വ്യക്തിക്കുതന്നെ ആഗ്രഹമുണ്ടാകണം. രണ്ടാമതായി കുടുംബത്തിലെ അന്തരീക്ഷം മെച്ചപ്പെടുത്തണം. അതായത് മദ്യപാനിയോട് കുടുംബാംഗങ്ങൾക്കുള്ള വെറുപ്പുമാറ്റണം. മദ്യപാനി കയറിവന്നുകഴിയുമ്പോൾ കുട്ടികൾ ഓടിമാറാതെ ആ വ്യക്തിയുമായി സ്നേഹബന്ധത്തിൽ ഏർപ്പെടണം. അതുപോലെ എല്ലാവരും. അതുവഴി എല്ലാവരും തന്നെ സ്നേഹിക്കുന്നുണ്ടെന്ന് ബോദ്ധ്യമാകണം. ഒരുകാരണവശാലും ആ വ്യക്തിയെ കുറ്റപ്പെടുത്തരുത്, മറിച്ച് മദ്യപാനത്തിൽനിന്നും മോചനം കിട്ടിയാൽ തനിക്കുതന്നെയാണ് ഏറ്റവും കൂടുതൽ പ്രയോജനം എന്ന് ആ വ്യക്തിയെ ബോദ്ധ്യപ്പെടുത്തണം. എന്നുപറഞ്ഞാൽ താൻ മറ്റാർക്കും വേണ്ടിയല്ല തനിക്കു വേണ്ടിയാണ് ജീവിക്കുന്നത് എന്ന ബോദ്ധ്യം അയാളിൽവരുത്തണം. ഇനിയുമുണ്ട് സമൂഹത്തിനുചെയ്യേണ്ടതായ കാര്യങ്ങൾ. മദ്യപാനികളെ സമൂഹം സാധാരണയായി എല്ലാകാര്യങ്ങളിൽനിന്നും പുറംതള്ളുകയാണ് പതിവ്. ആ പതിവ് തീർച്ചയായും മാറ്റി മദ്യപാനിയെയും സമൂഹം അംഗീകരിക്കണം, സ്നേഹിക്കണം. കൂടാതെ മദ്യപാനി സുബോധാവസ്ഥയിലാകുമ്പോൾ സ്വയം സമൂഹത്തിൽനിന്നു മാറുവാൻ ശ്രമിക്കും. കാരണം മദ്യമില്ലാതെ ആ വ്യക്തിക്ക് മറ്റുള്ളവരെ അഭിമുഖീകരിക്കുവാൻ പറ്റുകയില്ല. അപ്പോൾ മദ്യപിച്ചുകഴിയുമ്പോൾ സമൂഹം അയാളിൽനിന്നും മാറുവാൻ ശ്രമിച്ചാൽ.... അതുകൊണ്ട് മദ്യപാനിയുടെ ഈ അവസ്ഥയെ സമൂഹം ശരിക്കും മനസ്സിലാക്കി അതിനനുസരിച്ചു പ്രവർത്തിക്കണം.

ആദ്യം പറഞ്ഞ മദംപൊട്ടിയ ആനയുടെ നശീകരണത്തെകുറിച്ച് ശരിക്കും അറിയാവുന്നതുകൊണ്ട് സമൂഹം എത്രയും പെട്ടെന്ന് അതിനെ പിടിച്ചുതളയ്ക്കുവാൻ ശ്രമിക്കുന്നു. അപ്പോൾ മദംപൊട്ടിയ ആനയ്ക്കു തുല്യനായ മദ്യപാനിയുടെ പ്രവർത്തനങ്ങൾ കണ്ട് നാം വെറുതെ കണ്ണുനനയ്ക്കാതെ എത്രയും പെട്ടെന്ന് ആ വ്യക്തിയെ മദ്യപാനത്തിൽനിന്നും മോചിപ്പിച്ചു, നല്ല ഒരു ജീവിതം നൽകുവാനായി, സമൂഹജീവിയായ നമുക്കോരോരുത്തർക്കും പരിശ്രമിക്കാം.

K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Moovatupuzha



*എബിൻ. കെ. പ്രേം*
*കെ 3*

# കൃഷ്ണാ നീയെവിടെ....?

നമ്മുടെ വാർഷികപദ്ധതികളിൽ ഒന്നാമത്തെ ചെലവ് ഇനം പ്രതിരോധമാണെങ്കിൽ രണ്ടാമത്തേത് വിദ്യാഭ്യാസമാണ്. രാജ്യത്തിന്റെ പരമാധികാരം, സ്വാതന്ത്ര്യം എന്നിവ ഏറ്റവും മുന്തിയ പരിഗണന അർഹിക്കുന്നതുപോലെതന്നെ വ്യക്തികളെ അറിവില്ലായ്മയുടെയും, അന്ധവിശ്വാസങ്ങളുടെയും അബദ്ധധാരണകളുടെയും അടിമത്വത്തിൽനിന്ന് മോചിപ്പിക്കുകഎന്നതും സുപ്രധാനമായിരിക്കുന്നു എന്നുള്ളതുകൊണ്ടാണ് വിദ്യാഭ്യാസമേഖലയിൽ ഇത്രവലിയൊരു മുതൽമുടക്ക് നാം നടത്തുന്നത്. ഈ രണ്ടുകാര്യങ്ങളും ഒരേപോലെ പ്രധാനപ്പെട്ടതും പരസ്പരം ബന്ധപ്പെട്ടതും ആയതുകൊണ്ട് ഈ വ്യവസ്ഥയെ കുറ്റപ്പെടുത്താനാകില്ല.

പഠിപ്പിക്കാതെ പഠിക്കാൻ കഴിയാത്തത് മനുഷ്യനുമാത്രമാണെന്ന് 'പ്ലിനി' എന്ന ചിന്തകൻ പറയുന്നു. പരിശീലനമില്ലാതെ സംസാരിയ്ക്കാനോ നടക്കുവാനോ അവനുകഴിയില്ല. ആകെ അവനുകഴിയുന്നത് കരയാൻ മാത്രം. അത്രമാത്രം ദുർബലനായ മനുഷ്യശിശുവിനെ പഠിപ്പിച്ച് പൂർണ്ണതയിൽ എത്തിയ്ക്കുക എന്നദൗത്യം ഒട്ടും നിസ്സാരമല്ല. സ്വാതന്ത്ര്യപ്രാപ്തിയ്ക്കു മുമ്പുള്ള കാലഘട്ടത്തിൽ ബ്രിട്ടീഷ് ഭരണാധികാരികൾ കുറേപേർക്കു ആവശ്യത്തിനു വിദ്യാഭ്യാസം നൽകി അവരെ ഉപയോഗിക്കുക, ബാക്കിയുള്ള ബഹുഭൂരിപക്ഷത്തിന് അക്ഷരജ്ഞാനം നൽകാൻപോലും ശ്രമിക്കാതിരിക്കുക എന്ന നയം സ്വീകരിച്ചതുകൊണ്ട് സ്വാതന്ത്രഭാരതം ലോകത്തിലെ ഏറ്റവും നിരക്ഷരരുള്ള രാജ്യങ്ങളുടെ പട്ടികയിൽവന്നു. സമ്പൂർണ്ണസാക്ഷരതലക്ഷ്യം വച്ച് മുതിർന്നവരെ പഠിപ്പിക്കുവാനൊക്കെ ദേശീയതലത്തിൽ ശ്രമങ്ങൾ നാം നടത്തിയെങ്കിലും 380 ദശലക്ഷം ഭാരതീയർ ഇന്നും സ്വന്തം പേരെഴുതാൻ അറിയാത്തവരാണ്. നിരക്ഷരതയുടെ കാര്യത്തിൽ നമുക്കുപിന്നിൽ നിൽക്കുവാൻ ആറു രാജ്യങ്ങളേ ഉള്ളൂ എന്നറിയുമ്പോഴാണ് നമ്മുടെ ദയനീയാവസ്ഥ കൂടുതൽ വ്യക്തമാകുന്നത്.

> *സ്വാതന്ത്ര്യപ്രാപ്തിയ്ക്കു മുമ്പുള്ള കാലഘട്ടത്തിൽ ബ്രിട്ടീഷ്ഭരണാധികാരികൾ കുറേപേർക്കു ആവശ്യത്തിനു വിദ്യാഭ്യാസം നൽകി അവരെ ഉപയോഗിക്കുക, ബാക്കിയുള്ള ബഹുഭൂരിപക്ഷത്തിന് അക്ഷരജ്ഞാനം നൽകാൻ പോലും ശ്രമിക്കാതിരിക്കുക എന്ന നയം സ്വീകരിച്ചതു കൊണ്ട് സ്വതന്ത്രഭാരതം ലോകത്തിലെ ഏറ്റവും നിരക്ഷരരുള്ള രാജ്യങ്ങളുടെ പട്ടികയിൽവന്നു*

സാമൂഹ്യസാമ്പത്തിക രംഗങ്ങളിലെ മാറ്റങ്ങൾ ഉൾക്കൊള്ളാൻ ഒരു ജനതയ്ക്കു കഴിയണമെങ്കിൽ പുത്തൻ ആശയങ്ങൾ വാക്കുകളിലൂടെ അക്ഷരങ്ങളിലൂടെ അവരുടെ ഹൃദയത്തിൽ പ്രവേശിക്കണം. നിരക്ഷരത സാമൂഹ്യപുരോഗതിയ്ക്ക് വിലങ്ങുതടിയാകുന്നത് ഈ പ്രക്രിയ അസാദ്ധ്യമായിത്തീരുന്നതുകൊണ്ടാണ്. വെറും സാക്ഷരതകൊണ്ട് എന്തുനേടാനാണ്? സാക്ഷരതയല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. മനുഷ്യന്റെ പരിപൂർണ്ണതയുടെ വെളിപ്പെടുത്തലാണ് വിദ്യാഭ്യാസമെന്നു പറയുന്നത്. വ്യക്തിയുടെ ചിന്താശക്തിയെ തൊട്ടുണർത്തി, അവനിൽ ആത്മവിശ്വാസം നിറച്ച് അവനെ കർമ്മോൻമുഖനാക്കുവാൻ വിദ്യാഭ്യാസത്തിനു കഴിയണം. ഓരോ മനുഷ്യരിലും കുടികൊള്ളുന്ന ഈശ്വരാംശത്തെ ഊതികത്തിച്ച് വെളിച്ചമാക്കുവാൻ കഴിയണം. ശ്രീകൃഷ്ണന്റെയും അർജ്ജുനന്റെയും പാരസ്പര്യത്തിൽനിന്ന് ഒരു സന്ദേശം ഉയർന്നതുപോലെ, മീൻപിടുത്തക്കാർ ക്രിസ്തുവുമായി ഇടപഴകിയപ്പോൾ വ്യത്യസ്തരായിതീർന്നതുപോലെ, ശ്രീരാമകൃഷ്ണപരമഹംസന്റെ ശിക്ഷണത്തിൽ നരേന്ദ്രനാഥ് സ്വാമിവിവേകാനന്ദനായി മാറിയതുപോലെ, ഗുരുശിഷ്യബന്ധത്തിന്റെ ഊഷ്മളതയിൽ പുതുജീവൻ ഉൾക്കൊള്ളുവാൻ ഓരോ വിദ്യാർത്ഥിക്കും കഴിയണം. പക്ഷെ ഇന്ന് എവിടെയാണിതു നടക്കുന്നത്? ക്ലാസിൽ അദ്ധ്യാപകന്റെമുമ്പിൽ ഇരിക്കുന്നത് വിദ്യാ

K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Moovatupuzha

ർത്ഥിയല്ല, വിദ്യാർത്ഥികൾമാത്രം. അവർക്ക് ഒറ്റയ്ക്ക് ഒറ്റയ്ക്ക് മുഖമേയില്ല. വിദ്യാർത്ഥി സമൂഹമോ രാഷ്ട്രീയക്കാരുടെ ഭാഷയിൽ വിദ്യാർത്ഥി വർഗ്ഗമോമാത്രം. ഫലമോ? നമ്മുടെ വിദ്യാഭ്യാസപ്രക്രിയയ്ക്ക് ഊർജ്ജമേറെയുണ്ടെങ്കിലും ആത്മാവില്ലാ, മാനുഷികഭാവമില്ല, മൂല്യസങ്കൽപ്പങ്ങളില്ല. സ്കൂൾ വിദ്യാഭ്യാസം കോടിക്കണക്കിനുകുട്ടികളെ ഉൾക്കൊള്ളുന്നതായതുകൊണ്ട് അതിങ്ങനെയൊക്കെയേ ആകൂ എന്നാണ് നമ്മുടെ വിലയിരുത്തൽ.

□□

*സാമൂഹ്യസാമ്പത്തിക രംഗങ്ങളിലെ മാറ്റങ്ങൾ ഉൾകൊള്ളാൻ ഒരു ജനതയ്ക്കു കഴിയണം എങ്കിൽ പുത്തൻ ആശയങ്ങൾ വാക്കുകളിലൂടെ അക്ഷരങ്ങളിലൂടെ അവരുടെ ഹൃദയത്തിൽ പ്രവേശിക്കണം. നിരക്ഷരത സാമൂഹ്യപുരോഗതിയ്ക്ക് വിലങ്ങുതടിയാകുന്നത് ഈ പ്രക്രിയ അസാദ്ധ്യമായിത്തീരുന്നതുകൊണ്ടാണ്. വെറും സാക്ഷരതകൊണ്ട് എന്തുനേടാനാണ്? സാക്ഷരതയല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. മനുഷ്യന്റെ പരിപൂർണ്ണതയുടെ വെളിപ്പെടുത്തലാണ് വിദ്യാഭ്യാസമെന്നു പറയുന്നത്. വ്യക്തിയുടെ ചിന്താശക്തിയെ തൊട്ടുണർത്തി, അവനിൽ ആത്മവിശ്വാസം നിറച്ച് അവനെ കർമ്മോൻമുഖനാക്കുവാൻ വിദ്യാഭ്യാസത്തിനു കഴിയണം*

□□

ആവട്ടെ! കോളേജ് വിദ്യാഭ്യാസമോ? സ്കൂളിൽചേരുന്നവരിൽ 7.5 % പേർമാത്രമേ കോളേജ് വിദ്യാഭ്യാസം നേടുന്നുള്ളു. ഇത്രചെറിയൊരു ഭാഗത്തിനുവേണ്ടി ചെലവഴിക്കപ്പെടുന്നത് ഇമ്മിണിവല്യതുകയാണ്. കലാശാല വിദ്യാഭ്യാസം നിയന്ത്രിക്കുന്ന ഉന്നതാധികാരസമിതി, യൂണിവേഴ്സിറ്റി ഗ്രാൻറ് കമ്മീഷൻ (U.G.C.)തന്നെ ഗ്രാൻറ് നൽകുന്ന ഒരു സംവിധാനമായാണ് നാം കാണുക. വളരെ ചെറിയൊരു വിഭാഗത്തിനുവേണ്ടി വലിയൊരുതുക ചെലവഴിക്കപ്പെടുമ്പോൾ അതിന്റെ ഗുണഭോക്താക്കൾ ആകാശത്തോളം വളരേണ്ടതല്ലേ? പക്ഷേ ചുറ്റുപാടുകളിൽ നാം കാണുന്നതെന്താണ്. ക്യാമ്പസ്സിനുള്ളിലുള്ളവരും അവിടെ കടന്നുചെല്ലാൻ കഴിയാത്തവരും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്? ഇംഗ്ലീഷ്പറയാനും കംമ്പ്യൂട്ടർ ഉപയോഗിക്കാനും കലാശാലവിദ്യാഭ്യാസം കിട്ടിയവർക്കു കഴിയുന്നുണ്ടായിരിക്കാം. പക്ഷെ, അതിലുപരി ഒന്നും കാണുന്നില്ല. നമ്മുടെസാമൂഹിക സാമ്പത്തിക രാഷ്ട്രീയ വേദികളെയൊക്കെ കളങ്കപ്പെടുത്തുന്നവരുടെ ഇടയിൽ കലാശാല വിദ്യാഭ്യാസമുള്ളവർ മുൻനിരക്കാരായിമാറുന്നു. സ്വാമി വിവേകാനന്ദൻ പറയുന്നു 'തലയുടെ വികാസം ഹൃദയത്തിന്റെ ചെലവിലാകരുത്'. മാനവികത വളർത്താൻ ഉപകരിക്കാത്ത വിദ്യാഭ്യാസം സമൂഹത്തിന് ചെയ്യുന്ന നൻമ പരിമിതമായിരിക്കും.

വർഗ്ഗീയതയും ദുർബലവിഭാഗങ്ങളെ ചൂഷണംചെയ്യലും, ദാരിദ്ര്യവും ഒന്നും വിദ്യാഭ്യാസമുള്ളവരെ അശേഷം അലട്ടുന്നില്ല ഇന്ന്. ഈ ഒരു നിസ്സംഗതക്രൂരമാണ്. സാമൂഹ്യമാറ്റത്തിനുള്ള ശക്തമായ ഉപകരണമായി യുവജനങ്ങളെ മാറ്റുവാൻ ഉദ്ദേശിച്ചാണ് അവരുടെ ഉപരിപഠനത്തിനായി രാഷ്ട്രം ഇത്ര വലിയ ഒരുതുക നീക്കിവച്ചിരിക്കുന്നത്. പക്ഷേ സ്വാർത്ഥതാൽപ്പര്യങ്ങളുടെ സംരക്ഷണത്തിനായി തന്റെ കഴിവുകളും സൗകര്യങ്ങളും ഉപയോഗിക്കുവാനാണ് വിദ്യാഭ്യാസമുള്ളവരും ശ്രമിക്കുന്നത്. അതിന്റെ അർത്ഥം നമുക്കുള്ള കേടുപാടുകളിൽനിന്ന് നമ്മെ മോചിപ്പിക്കുവാൻ കലാ

□□

*സാമൂഹ്യമാറ്റത്തിനുള്ള ശക്തമായ ഉപകരണമായി യുവജനങ്ങളെ മാറ്റുവാൻ ഉദ്ദേശിച്ചാണ് അവരുടെ ഉപരിപഠനത്തിനായി രാഷ്ട്രം ഇത്ര വലിയ ഒരുതുക നീക്കിവച്ചിരിക്കുന്നത്. പക്ഷേ സ്വാർത്ഥതാൽപ്പര്യങ്ങളുടെ സംരക്ഷണത്തിനായി തന്റെ കഴിവുകളും സൗകര്യങ്ങളും ഉപയോഗിക്കുവാനാണ് വിദ്യാഭ്യാസമുള്ളവരും ശ്രമിക്കുന്നത്. അതിന്റെ അർത്ഥം നമുക്കുള്ള കേടുപാടുകളിൽനിന്ന് നമ്മെ മോചിപ്പിക്കുവാൻ കലാശാലവിദ്യാഭ്യാസം നമ്മെ സഹായിക്കുന്നില്ല എന്നുതന്നേയാണ്. നമ്മുടെ കലാലയാന്തരീക്ഷത്തിലേയ്ക്ക് മൂല്യബദ്ധമായ ഒരു കർമ്മ ജീവിതത്തിന്റെ ഗീതോപദേശവുമായി എന്നാണൊരു ശ്രീകൃഷ്ണൻ കടന്നുവരുക!*

□□

ശാലവിദ്യാഭ്യാസം നമ്മെ സഹായിക്കുന്നില്ല എന്നുതന്നേയാണ്. നമ്മുടെ കലാലയാന്തരീക്ഷത്തിലേയ്ക്ക് മൂല്യബദ്ധമായ ഒരു കർമ്മജീവിതത്തിന്റെ ഗീതോപദേശവുമായി എന്നാണൊരു ശ്രീകൃഷ്ണൻ കടന്നുവരുക!





*ജോഷ്വാ ജോർജ്*
*2 ബിഎ. എക്കണോമിക്സ്*

# കോളേജ് ജീവിതവും ദൈവവിശ്വാസവും

'ദൈവം ഉണ്ടോ? ആരാണ് ദൈവം? ആ പേര് എങ്ങനെ കിട്ടി? ഇത് വെറും മിഥ്യയായ കാര്യമല്ലേ? ദൈവത്തിന്റെ പേരും പറഞ്ഞ് നടക്കുന്നവർ കള്ളൻമാരും മണ്ടൻമാരും അല്ലേ? പണമുണ്ടാക്കുവാനുള്ള ഒരു തന്ത്രമല്ലേ ഇത്? ചിലരുടെ വയറ്റിപ്പിഴപ്പല്ലേ ഇത്? മനുഷ്യനാണ് വലുത്. ഈ സമൂഹം അത് തെളിയിക്കും. സയൻസ് അത് തെളിയിക്കും. ദൈവം എന്ന ഒന്നില്ല." ഒരു കോളേജ് വിദ്യാർത്ഥിയോട് ഒരു മനുഷ്യൻ ദൈവത്തെക്കുറിച്ച് ചോദിച്ചപ്പോൾ പറഞ്ഞ മറുപടിയാണ് മുകളിൽ പറഞ്ഞിരിക്കുന്നത്. ഇത് ശരിയല്ലേ? മനുഷ്യനല്ലേ വലുത്? സാധാരണ ലോകജനതയുടെ ഭൂരിഭാഗം വരുന്ന ജനങ്ങളും ചോദിക്കുന്ന അതേ ചോദ്യമാണ് ഈ കോളേജ് വിദ്യാർത്ഥിയും ചോദിച്ചത്. ഇനി ഈ ചോദ്യത്തിന് എന്തെങ്കിലും ഉത്തരം ഉണ്ടോ അഥവ, ഉത്തരം പറയാൻ സാധിക്കുമോ എന്ന് നമുക്ക് പരിശോധിക്കാം.

ഒരിക്കൽ ബാംഗ്ലൂരിന്റെ പ്രധാനപ്പെട്ട ഒരു സിറ്റിയിലൂടെ ഞങ്ങൾ നടന്നു പോകുമ്പോൾ മനോഹരമായ ഒരു മ്യൂസിയം കണ്ടു. അത് ഒരു "ടെക്നോളജിക്കൽ മ്യൂസിയം" ആയിരുന്നു. അതിന്റെ പേര് 'വിശേശ്വരയ്യ' എന്നാണ്. ഞങ്ങൾ അതിൽ 'പാസ്' എടുത്ത് കാണുവാനായികയറി. നമ്മുടെ പിതാക്കൻമാർ പണ്ട് ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ മുതൽ ഇന്ന് കമ്പ്യൂട്ടർയുഗത്തിൽ ഉപയോഗിക്കുന്ന സർവ്വ ഉപകരണങ്ങളും ഈ മ്യൂസിയത്തിലുണ്ട്. മൂന്ന്, നാല് നിലയുള്ള ഈ മ്യൂസിയത്തിന്റെ ഓരോ നിലയിലും പ്രത്യേകം പ്രത്യേകം സാധനസാമഗ്രികളും ഉപകരണങ്ങളും ആണ് ക്രമീകരിച്ചിരിക്കുന്നത്. ഈ മ്യൂസിയത്തിന്റെ മറ്റൊരു പ്രത്യേകത ഇവിടെയുള്ള ഉപകരണങ്ങൾ എല്ലാംതന്നെ നമുക്ക് സ്വയം കൈകാര്യം ചെയ്യാം എന്നുള്ളതാണ്. അങ്ങനെ ഞങ്ങൾ ഈ ഉപകരണങ്ങൾ എല്ലാം പ്രവർത്തിപ്പിച്ച് മുന്നോട്ട് നീങ്ങുമ്പോൾ ഒരു പ്രത്യേക ഉപകരണത്തിന്റെ മുമ്പിൽ ഞങ്ങൾ ചെന്ന്നിന്നു. ഈ ഉപകരണത്തിന്റെ പ്രത്യേകതയെന്ന് പറഞ്ഞാൽ നമ്മൾ ഒരു 'സ്റ്റാൻഡിൽ' കയറിനിന്നിട്ട് ഒരു സ്വിച്ച് അമർത്തിയാൽ ഈ ലോകത്തിലെ ഏത് ഗ്രഹത്തിലും ചന്ദ്രൻ, സൂര്യൻ തുടങ്ങിയവയിലും നമ്മുടെ ഭാരം (കിലോ) എത്രയുണ്ട്യെന്ന് മനസ്സിലാക്കാം. നാം ചന്ദ്രനിലോ, ശുക്രനിലോ, ബുധനിലോ പോകാതെ, അവിടെ നമ്മൾ ചെന്നാൽ നമ്മുടെ ഭാരം എത്രയുണ്ടെന്ന് ഇവിടെ (ഭൂമി) നിന്നുകൊണ്ട് മനസ്സിലാക്കാൻ സാധിക്കും.

*ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവിന് പണത്തിന് ഒരു ദാരിദ്ര്യവും ഇല്ല. തന്നെയുമല്ല, ഈ സൃഷ്ടാവിന്റെ പ്രവർത്തനത്തിന്വേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുന്നവർക്ക് പണം കൊടുക്കുവാൻ ഈ ദൈവം ബാദ്ധ്യസ്ഥനുമാണ്*

സത്യത്തിൽ ഈ ഉപകരണം ഞങ്ങൾ കണ്ടപ്പോൾ അത് ഉണ്ടാക്കിയ മഹത്വ്യക്തിയെക്കുറിച്ച് അറിയാതെ ഓർത്ത്പോയി. ആ ഉപകരണത്തിന്റെ പ്രവർത്തനം കണ്ട് ഞങ്ങൾ അത്ഭുതപ്പെടുകയും ചെയ്തു. ഇത് ഇവിടെ പറയാൻ കാരണം, ആ ഉപകരണം അവിടെ ഉണ്ടാക്കിവച്ചിരിക്കുന്ന ഒരു ആൾ ഉണ്ട് തീർച്ച. ഈ ഉപകരണം മാത്രമല്ല ആ മ്യൂസിയത്തിലെ എല്ലാ ഉപകരണങ്ങളും ഉണ്ടാക്കിയവ ഉണ്ട്. ഇതിൽനിന്ന് ഒരു കാര്യം സ്പഷ്ടം. ഒരു സൃഷ്ടിയ്ക്കു ഒരു സ്രഷ്ടാവുണ്ട് തീർച്ച.

ഇനി നമുക്ക് നമ്മുടെ മാനുഷിക ജീവിതത്തിലേയ്ക്ക് ഒന്ന് തിരിഞ്ഞ് നോക്കാം. ഈ മനുഷ്യസൃഷ്ടിയ്ക്ക് ഒരു സ്രഷ്ടാവുണ്ട്. എന്നാൽ ചില ആളുകൾ ഇങ്ങനെ ചിന്തിക്കാറുണ്ട്, എങ്ങനെയോ ജനിച്ചു, എങ്ങനെയോ ജീവിക്കുന്നു, എങ്ങനെയോ മരിക്കുന്നു, അതിനുശേഷം എന്തൊക്കെയോ സംഭവിക്കുന്നു. ഇങ്ങനെ, ചിന്തിക്കുന്നവരുടെ ജീവിതത്തിൽ ഒരു ലക്ഷ്യവും ഭദ്രതയും കാണുകയില്ല. ജനിച്ചതുകൊണ്ട് ജീവിക്കുന്നു എന്നാണ് അവരുടെ പക്ഷം. എന്നാൽ ഏതൊരു കാര്യത്തിനും രണ്ട് വശം ഉള്ളതുപോലെ, ഇതിന്റെ മറ്റൊരു വശം എന്ന് പറയുന്നത്. മനുഷ്യരേയും ജന്തുക്കളേയും, സസ്യങ്ങളേയും ഈ പ്രപഞ്ചത്തേയും സൃഷ്ടിച്ച ഒരാൾ ഉണ്ട്. അതായത് ഈ പ്രപഞ്ചസൃഷ്ടിയ്ക്ക് ഒരു സൃഷ്ടാവുണ്ട്. തീർച്ച. ഈ സൃഷ്ടാവിന് എന്തോ ഉദ്ദേശം മനുഷ്യനെക്കുറിച്ച് ഉണ്ട്. അതിനായി അവൻ മനുഷ്യന് ജീവൻ നൽകി, വിശേഷപ്പെട്ട ഒരു ജീവിയായി അവനെ സൃഷ്ടിക്കുകയും ചെയ്തു. ഇതിൽനിന്ന് ഒന്ന് വ്യക്തം, മനുഷ്യനെ സൃഷ്ടിച്ച ഒരു സൃഷ്ടാവ്

ഉണ്ട്. ആ സൃഷ്ടാവിന് മനുഷ്യനെക്കുറിച്ച് ഒരു പ്ലാനും ഉണ്ട്.

ഇനി ഈ സൃഷ്ടാവിന് എങ്ങനെ ദൈവം (GOD) എന്ന പേര് ലഭിച്ചുവെന്ന് നോക്കാം. ഒരു സ്നേഹിതനോട് ഒരാൾ ഇങ്ങനെ ചോദിച്ചു. "എങ്ങനെയാണ് ദൈവത്തിന് "ദൈവം" എന്ന പേര് കിട്ടിയത്. എന്റെ സ്നേഹിതൻ പറഞ്ഞ ഉത്തരം ഒരു ചോദ്യമായിരുന്നു. ആ ചോദ്യം ഇപ്രകാരം ആയിരുന്നു." ഈ ലോകത്തിലെ മനുഷ്യർക്കും ജന്തുക്കൾക്കും സസ്യങ്ങൾക്കും ഇല്ലാത്ത ഒരു പേരു പറയാമോ? 'എനിക്കറിയില്ല.' എന്നാണ് മറ്റേയാൾ പറഞ്ഞത്. ഉടൻ എന്റെ സ്നേഹിതൻ പറഞ്ഞ മറുപടി "ആർക്കും ഇല്ലാത്ത ഒരുപേര്" എന്ന് മാത്രമേ ഈ പേരുകൊണ്ട് അർത്ഥമാക്കുന്നുള്ളൂ."

ഇനിയും ഒരു ചോദ്യം ദൈവീക നാമത്തിൽ പണം പിരിക്കുന്ന ഒരു വിഭാഗമില്ലേ? തീർച്ചയായും ഉണ്ട്. എന്നാൽ ഒരു കാര്യം മനസ്സിലാക്കണം. ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവിന് പണത്തിന് ഒരു ദാരിദ്ര്യവും ഇല്ല. തന്നെയുമല്ല, ഈ സൃഷ്ടാവിന്റെ പ്രവർത്തനത്തിന്വേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുന്നവർക്ക് പണം കൊടുക്കുവാൻ ഈ ദൈവം ബാദ്ധ്യസ്ഥനുമാണ്. ആ ദൈവത്തിന്റെ കൈയ്യിൽ അതിനുള്ള പണവും ഉണ്ട്. അതുകൊണ്ട് ഇത് ഒരു പണപിരിവ് പരിപാടിയല്ല. എന്നാൽ ഇന്ന് ഇതൊരു പണപ്പിരിവ് ആക്കിമാറ്റുന്നുണ്ട് എന്നത് വാസ്തവം. പക്ഷെ സത്യം നാം മനസ്സിലാക്കിയിരിക്കണം.

പിന്നീട് ഉയർന്നുവരുന്ന മറ്റൊരു ചോദ്യമാണ് മനുഷ്യനല്ലേ വലുത്? ശരിതന്നെ. പക്ഷെ ഒരിക്കലും സൃഷ്ടിച്ചവനേക്കാൾ സൃഷ്ടി വലുതാകുന്നില്ല. സൃഷ്ടിച്ചവനത്രേ വലുത്. എന്നാൽ മറ്റൊരുകാര്യം ദൈവത്തിന്റെ സൃഷ്ടിയിൽ (ലോകസൃഷ്ടാവ്) ഏറ്റവും വിശേഷപ്പെട്ട സൃഷ്ടി മനുഷ്യൻതന്നെ തീർച്ച. മനുഷ്യകുലത്തിന്റെ കണ്ടുപിടുത്തങ്ങൾ അത് തെളിയിക്കുന്നു. എന്നാൽ ഈ സമയത്ത് ഒരു കാര്യം ഓർക്കണം. ഇത്രയും വിശേഷപ്പെട്ട മനുഷ്യനെ സൃഷ്ടിച്ച ഈ സൃഷ്ടാവ് മനുഷ്യനേക്കാൾ എത്രയോ ഉന്നതൻ ആയിരിക്കും.

ഇതേ സമയം മറ്റൊരു വിഭാഗം പറയുന്നു, സയൻസ് വളർന്നു. അതുകൊണ്ട് ഇത്തരം കാര്യങ്ങൾക്ക് പ്രസക്തിയില്ല. ഈക്കൂട്ടർ ഒരു കാര്യം

> ***ദൈവം എല്ലാവരേയും ഉള്ളവർ ആയിസൃഷ്ടിച്ചു വെന്ന് സങ്കൽപിക്കുക. ലോകത്തിന്റെ സ്ഥിതി എന്താകും. ആരും പണിയെടുക്കാനില്ല. ആരും രാജ്യം ഭരിക്കാനില്ല. എല്ലാവരും താന്താന്റെ കാര്യം നോക്കുന്ന ഒരവസ്ഥ***

ചിന്തിക്കണം. ഇത്രയും വളർന്ന സയൻസ് എന്തുകൊണ്ടാണ് ഇന്നത്തെ മാരകമായ പല രോഗങ്ങൾക്കും മരുന്ന് കണ്ട് പിടിക്കാത്തത്, എന്തുകൊണ്ട് മരിച്ച ഒരു മനുഷ്യനെ വീണ്ടും ജീവിപ്പിക്കുന്നില്ല. മറ്റൊരുകാര്യംകൂടി പറയാം, പ്രശസ്തശാസ്ത്രജ്ഞനായ 'ന്യൂട്ടൺ' ഇപ്രകാരം പറഞ്ഞു: 'ഞങ്ങൾ (ശാസ്ത്രജ്ഞർ') കടലാകുന്ന ഈ കണ്ടുപിടുത്തങ്ങളിൽനിന്ന് ഒരു കപ്പിൽ കുറച്ച് വെള്ളം കോരിയെടുത്ത് കരയ്ക്ക് ഒഴിച്ചു എന്നേയുള്ളു". ഈ ഒരു സത്യം എല്ലാ ശാസ്ത്രജ്ഞരും സമ്മതിക്കുന്നു. അവർ പറയുന്നത് ഇനിയും എത്രയോ കണ്ടുപിടിക്കാൻ കിടക്കുന്നുവെന്നാണ്. ഇതിൽനിന്നും ഈ പ്രപഞ്ചസൃഷ്ടാവ് എത്രയോ വലിയവൻ എന്ന് മനസ്സിലാക്കാൻ സാധിക്കും.

ഇത്രയും ആയിക്കഴിഞ്ഞാൽ ചില സോഷ്യലിസ്റ്റുകൾ ചോദിക്കാം എന്തിനാണ് ഈ സൃഷ്ടാവ് മനുഷ്യനെ രണ്ടായിത്തിരിച്ചത്. 'ഉള്ളവൻ'എന്നും 'ഇല്ലാത്തവൻ' എന്നും. അതായത് ചിലർ സുഖമായി ജീവിക്കുമ്പോൾ മറ്റുചിലർ കടത്തിണ്ണയിലും, ബസ് സ്റ്റാൻഡിലും കിടക്കുകയും തെരുവിൽ ജീവിക്കുകയും ചെയ്യുന്നു. ഈ ദൈവത്തിന് എല്ലാവരേയും ഒരുപോലെ (ഉള്ളവർ)സൃഷ്ടിച്ചാൽ പോരായിരുന്നില്ലേ? ശരിതന്നെ എന്നാൽ സൃഷ്ടാവിന് ഒരിക്കലും തെറ്റ് പറ്റുകയില്ല. ഇങ്ങനെ പറയുന്നവർ ഒന്ന് ചിന്തിക്കണം-ഇപ്പോൾ ദൈവം എല്ലാവരേയും ഉള്ളവർ ആയിസൃഷ്ടിച്ചുവെന്ന് സങ്കൽപിക്കുക. ലോകത്തിന്റെ സ്ഥിതി എന്താകും. ആരും പണിയെടുക്കാനില്ല. ആരും രാജ്യം ഭരിക്കാനില്ല. എല്ലാവരും താന്താന്റെ കാര്യം നോക്കുന്ന ഒരവസ്ഥ. പരസ്പരം ഒരു ബന്ധവും ഇല്ലാത്ത ഒരു ജീവിതം. ഇങ്ങനെയായാൽ ജീവിക്കാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് സൃഷ്ടിച്ചവനായ ദൈവത്തിന് ഓരോ സൃഷ്ടിയെക്കുറിച്ചും ഒരു പ്ലാൻ ഉണ്ട് തീർച്ച.

ഇനിയും ദൈവം ഇല്ലായെന്ന്പറയുന്നവരോട് ഒരു ചോദ്യം "നിങ്ങൾ 'വായു' കണ്ടിട്ടുണ്ടോ?'....എന്നാൽ അത് ഇല്ലായെന്ന് പറയാൻ സാധിക്കുമോ?..... വീണ്ടും നിങ്ങൾ കറന്റ് കണ്ടിട്ടുണ്ടോ? തീർച്ചയായും വായുവും കറന്റും ഉണ്ട്. ആരും കണ്ടിട്ടില്ലായെന്ന് മാത്രം. ഇതിൽനിന്ന് ദൈവം എന്നത് ഒരു സങ്കൽപ്പമല്ല. ഉള്ള സംഗതിയാണെന്ന് വ്യക്തം. തന്നെയുമല്ല നിരന്തരം ഈ ദൈവീക നടത്തിപ്പ് അനുഭവിച്ചുകൊണ്ടാണ് ഓരോ വ്യക്തിയും ഇരിക്കുന്നത്. ഓരോ മനുഷ്യനും തന്റെ ആവശ്യം ഈ സൃഷ്ടാവിനോട് പറഞ്ഞ് അത് നേടിയെടുക്കുകയത്രേ വേണ്ടത്. (പ്രാർത്ഥന) ഇങ്ങനെ നല്ലൊരു ജീവിതം ഭൂമിയിൽ ജീവിക്കാനായിട്ടാണ് ദൈവം മനുഷ്യനെ ഭൂമിയിൽ ആക്കിവച്ചിരിക്കുന്നത്.

ഇത്രയും നാം ചിന്തിച്ചതിൽനിന്നും ചിലകാര്യങ്ങൾ വ്യക്തമാണ്. ദൈവം ഉണ്ട് അവൻ ഇന്നും ജീവിക്കുന്നു. സർവ്വത്തിനേയും പരിപാലിക്കുന്നു. തുടങ്ങിയവ. ഇന്ന് ലോകത്തിലെ ഏതൊരു മഹാനേയും എടുത്ത് നോക്കിയാൽ അവനിൽഅടിയുറച്ച ദൈവവിശ്വാസം ഉണ്ടെന്നും അതിലൂടെ അവൻ മഹാനായ്ത്തീർന്നുവെന്നും മനസ്സിലാക്കാം. (ഗാന്ധിജി, നെഹ്റു, ലിങ്കൺ) അതുകൊണ്ട് ഒരു കോളേജ് ജീവിതത്തിൽ അതായത് യൗവനത്തിൽ പലതും ചിന്തിക്കാം, പലരെയും അനുകരിയ്ക്കാം, പലരും പറയുന്നത് അതുപോലെ പറയാം, വാദിക്കാം....എന്നാൽ അടിയുറച്ചദൈവവിശ്വാസത്തോടെ നാം ജീവിതം കെട്ടിപ്പടുക്കുന്നുവെങ്കിൽ ഈ ജീവിതം മൂലം നമ്മുടെ കുടുംബത്തിനും നമ്മുടെസമൂഹത്തിനും, രാഷ്ട്രത്തിനും എന്തിനേറെ ഈ ലോകത്തിന് പ്രയോജനമുള്ളവരായ്ത്തീരും. അതുകൊണ്ട് ദൈവിക മർമ്മങ്ങളെ ഗ്രഹിച്ചുകൊണ്ട് നിങ്ങളുടെ ജീവിതം കെട്ടിപ്പടുക്കുക. അതിനായി പ്രപഞ്ചസൃഷ്ടാവായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!!!

K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Moovatupuzha



*ടിജി ജോർജ്*
*ഇ.4*

# വിദ്യാഭ്യാസം ഒരു തൊഴിലുപാധി മാത്രമോ?

ഇന്നത്തെ വിദ്യാഭ്യാസം തൊഴിൽ ലഭിക്കുന്നതിനുള്ള ചവിട്ടുപടിയായി അധഃപതിച്ചിരിക്കുന്നു. ഇപ്പോഴത്തെ വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ച തുടങ്ങിയിട്ട് വർഷങ്ങളേളമായി. പാഠ്യപദ്ധതിയേയും പരീക്ഷാസമ്പ്രദായത്തെയുമൊക്കെ ഇതിന്റെപേരിൽ പഴിപറയാറുണ്ട്. ഒരു പരിധിവരെ ഇതു ശരിയാണെങ്കിലും യഥാർത്ഥകാരണങ്ങൾ മറ്റു പലതുമല്ലേ?

വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഒരു പൊതുനിലവാരം പ്രതീക്ഷിക്കുന്നുണ്ടെങ്കിലും പലയവസരങ്ങളിലും സാധിക്കാറില്ല. ഗവൺമെന്റ് – പ്രൈവറ്റ് വ്യത്യാസം, പ്രാദേശികതലങ്ങൾ തുടങ്ങിയവ ഇതിനു കാരണമാകാറുണ്ട്. പ്രൈവറ്റ് ഏജൻസികൾ നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഗവൺമെന്റുടമയിലുള്ളതിനേക്കാൾ മെച്ചപ്പെട്ട നിലവാരമുള്ളതാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങൾ പൊതുവേ നിലവാരം പുലർത്തുന്നതാണെന്ന് അഭിപ്രായവുമുണ്ട്. പക്ഷേ എല്ലാക്കാര്യത്തിലുമെന്നപോലെ ഇതിനും എതിർവാദഗതികളുണ്ട്.

അറിയാനും അത് പ്രാവർത്തികമാക്കാനുള്ള കഴിവ് വിദ്യാഭ്യാസത്തോടൊപ്പം ജീവിതവിജയത്തിനും അത്യന്താപേക്ഷിതമാണ്. നൂതനാശയങ്ങൾക്ക് നേരെപുറംതിരിഞ്ഞു നിൽക്കാതെ അവയുടെ ഗുണാംശങ്ങൾ ഉൾക്കൊള്ളുവാൻ പരമാവധി ശ്രമിക്കണം. ബിരുദവും ബിരുദാനന്തരബിരുദവും സമ്പാദിച്ച എത്രയോ യുവതീ-യുവാക്കളാണ് ഒരു തൊഴിലിനുവേണ്ടി കാത്തിരിക്കുന്നത്. ഇവരിൽ പലർക്കും ധാരാളം സർട്ടിഫിക്കറ്റുകളുണ്ടെന്നല്ലാതെ ഏതെങ്കിലും വിധത്തിലുള്ള, ഉത്പാദനക്ഷമങ്ങളായ കൈത്തൊഴിലുകൾ വശമില്ല. കുട്ടികൾക്ക് അടിസ്ഥാന വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ പരിചയംകൂടി നൽകണമെന്ന ഗാന്ധിജിയുടെ വിദ്യാഭ്യാസലക്ഷ്യം ഈയവസരത്തിൽ പ്രസക്തമാണ്. ശരീരത്തിനും, മനസ്സിനും, ആത്മാവിനുംവേണ്ടിയുള്ള വിദ്യാഭ്യാസം തൊഴിലിലൂടെ നിർവ്വഹിക്കണമെന്നതാണ് അദ്ദേഹത്തിന്റെ പ്രധാന പ്രവർത്തനലക്ഷ്യം.

വ്യക്തിയുടെ സർവ്വതോൻമുഖമായ വികസനമാണ് നമ്മുടേതുപോലുള്ള ഒരു ജനാധിപത്യരാജ്യത്തിന്റെ വിദ്യാഭ്യാസലക്ഷ്യം. അവകാശങ്ങളേയും കടമകളേയും പറ്റി മനുഷ്യനെ ബോധവാനാക്കാനുള്ള ഉത്തരവാദിത്വം സ്വയം ഏറ്റെടുത്തു നടത്താൻ കഴിയുന്നതുമാണ് യഥാർത്ഥ വിദ്യാഭ്യാസലക്ഷ്യമെന്ന് ജനാധിപത്യവിശ്വാസികൾ കരുതുന്നു. അനാചാരങ്ങളും അന്ധവിശ്വാസങ്ങളും അകറ്റി ജൻമനായുള്ള ചിന്താശക്തി വർദ്ധിപ്പിക്കേണ്ടത് വിദ്യാഭ്യാസത്തിന്റെ കടമയാണ്. സേവന സന്നദ്ധരും ധൈര്യശാലികളുമായ പൗരൻമാരെ ലഭിച്ചെങ്കിലേ ജനാധിപത്യത്തിൽ ഭരണം വിജയിക്കുകയുള്ളൂ.

വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്ന വിജ്ഞാനം പൂർണ്ണതയിലെത്തിക്കാനും അറിവിന്റെ അന്വേഷണം തുടരാനുമുള്ള സാംസ്കാരിക സ്ഥാപനങ്ങളാണ് ഗ്രന്ഥശാലകൾ. നല്ല നല്ല ഗ്രന്ഥശാലകൾ അഭ്യസ്തവിദ്യർക്കും, ഇടയ്ക്കുവച്ച് പഠനം നിറുത്തിയവർക്കും ഒരുപോലെ പ്രയോജനപ്രദമാണ്. ആഹാരം ശരീരത്തിൽ ഏതുവിധത്തിൽ പ്രയോജനപ്പെടുന്നുവോ അതുപോലെതന്നെ ബുദ്ധിപരമായ വിദ്യാഭ്യാസം മനസ്സിനെയും ശക്തിപ്പെടുത്തുന്നു. പക്ഷേ ഇന്ന് നഗരങ്ങളിൽപോലും നല്ല ഗ്രന്ഥശാലകളുടെ അപര്യാപ്തത ഒരു വലിയ പ്രശ്നമാണ്. ആവശ്യത്തിന് പഠനോപകരണങ്ങൾ ഇല്ലാത്തതും ഉള്ളതുതന്നെ വേണ്ടവിധത്തിൽ വിതരണം ചെയ്യപ്പെടാത്തതും ഇതിന്റെ ന്യൂനതയാണ്.

ഫലപ്രദമായ ജീവിതം നയിക്കാൻ മനുഷ്യനെ തയ്യാറാക്കുന്നതും വിദ്യാഭ്യാസമാണ്. വിദ്യാഭ്യാസത്തിനുവേണ്ടിയുള്ളതുമാത്രമാകരുത് വിദ്യാഭ്യാസം, മറിച്ച് സമൂഹികമായും ശരീരശാസ്ത്രപരമായും ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള പ്രവർത്തനമണ്ഡലും കൂടിയായി ഇതിനെ കണക്കാക്കണം. ഭരണകർത്താക്കളുടെ ആദർശങ്ങളാണ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സ്വാഭാവികമായും സ്വാധീനം ചെലുത്തുക. രാഷ്ട്രീയക്കാർ അവരുടെ സ്വാർത്ഥതാല്പര്യങ്ങൾ നേടിയെടുക്കുന്നതിനുള്ള വേദിയായി ഇന്നത്തെ വിദ്യാർത്ഥി സമൂഹത്തെമാറ്റിക്കഴിഞ്ഞു.രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയുടെ പ്രധാനശത്രുക്കളായ അഴിമതിയും ജനസംഖ്യാവർദ്ധനവും നിയന്ത്രണാധീനമാക്കാൻ ജനങ്ങൾ വിദ്യാസമ്പന്നരായിരിക്കണം. കാര്യപ്രാപ്തിയും, ആത്മവിശ്വാസവും സത്യസന്ധതയുമുള്ള ഉദ്യോഗസ്ഥരാണ് അഴിമതിയും ചൂഷണവും ഒഴിവാക്കാൻ അവശ്യം വേണ്ടത്.

> ***കായികശേഷിയിലും ആരോഗ്യത്തിലും അടിസ്ഥാനമായ സ്വഭാവ രൂപീകരണമായിരിക്കണം നമ്മുടെ വിദ്യാഭ്യാസലക്ഷ്യം***

സ്വഭാവരൂപീകരണവും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണ്. ബുദ്ധിപരവും നയപരവുമായ പെരുമാറ്റങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിദ്യാഭ്യാസത്തിന് കഴിയുന്നു. ഓരോ പ്രവർത്തിയിലും ബുദ്ധിയും ശക്തിയും എന്തുമാത്രം പ്രവർത്തിക്കുന്നുവെന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് അതിന്റെ മൂല്യം നിർണ്ണയിക്കുന്നത്. അന്വേഷണത്തിൽ നിന്നാണ് ചിന്തയും അറിവും ഉണ്ടാകുന്നത്. അന്വേഷണം പുരോഗമിക്കുമ്പോൾ അറിവ് വളരുന്നു. അർത്ഥവ്യാപ്തിയുണ്ടാകുന്നതും ഇതിൽനിന്നുതന്നെ.

വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യമെന്തെന്ന ചോദ്യത്തിന് ഉത്തരം നൽകാൻ പല മഹാൻമാരും ശ്രമിച്ചിട്ടുണ്ട്. വ്യക്തി നന്നായാൽ സമൂഹവും നന്നാകുമെന്നാണ് ഗാന്ധിജിയുടെ അഭിപ്രായം. ചുരുക്കിപ്പറഞ്ഞാൽ, കായികശേഷിയിലും ആരോഗ്യത്തിലും അടിസ്ഥാനമായ സ്വഭാവരൂപീകരണമായിരിക്കണം നമ്മുടെ വിദ്യാഭ്യാസലക്ഷ്യം. അതുപോലെ തന്നെ ബുദ്ധിപരവും ആസ്വാദനപരവുമായ ലക്ഷ്യങ്ങളും അവശ്യം ഉണ്ടായിരിക്കണം. 'ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സ് ഉണ്ടാവുകയുള്ളൂ' എന്ന പഴമൊഴി ഇവിടെ അന്വർത്ഥമാണ്.

K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Moovatupuzha



ടി. എം. മുജീബ്
ഇ. 3

# ചവിട്ടിയരയ്ക്കപ്പെടുന്ന ഔഷധങ്ങൾ

മൂന്നാം ലോകരാജ്യങ്ങളിലെ മനുഷ്യർ ഏറ്റവും കൂടുതൽ ചൂഷണം ചെയ്യപ്പെടുന്നത് വൈദ്യശാസ്ത്രരംഗത്താണ്. അനാവശ്യമായ ഔഷധങ്ങൾ വൻതോതിൽ ഉപയോഗിക്കാൻ ഇവിടങ്ങളിലെ പൗരൻമാർ നിർബന്ധിതരാകുന്നു. പാശ്ചാത്യ കുത്തകമരുന്നു കമ്പനികളുടെ ആധിപത്യത്തെ ചെറുക്കാൻ ഭരണകൂടങ്ങൾക്കുപോലും സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഇതിനൊരു പരിഹാരം എന്നനിലയിലാണ് ലോകാരോഗ്യസംഘടന അവശ്യമരുന്ന് പട്ടിക നിർമ്മിച്ചത്. ആകെ 200 ഔഷധങ്ങൾ ആണ് ഈ പട്ടികയിലുള്ളത്. ചികിൽസായോഗ്യവും, സ്വീകാര്യമായതും അപകടരഹിതവും ജനങ്ങളുടെ ആരോഗ്യാവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതുമായ ഔഷധങ്ങൾമാത്രം ഉൾക്കൊള്ളുന്നതാണ് ഈ പട്ടിക. പക്ഷേ കുത്തകകമ്പനികളുടെ മറികടക്കാനാവാത്ത സ്വാധീനംമൂലം ഏറെ സ്വാതന്ത്ര്യരാഷ്ട്രങ്ങൾക്കും ഇത്തരം പട്ടികകൾക്ക് രൂപംകൊടുക്കാനോ അവ നടപ്പിൽ വരുത്താനോ കഴിഞ്ഞില്ല. എന്നാൽ ഒരു ദരിദ്രരാഷ്ട്രമായ ബംഗ്ലാദേശിന് ഇത് സാധിച്ചു എന്നത് അഭിമാനകരമാണ്.

ഈ അവസ്ഥ നിലനില്ക്കുമ്പോൾ കോളേജ് വിദ്യാഭ്യാസം നടത്തുന്ന നമുക്ക് എന്ത് ചെയ്യാൻ കഴിയും. "മുറ്റത്തെ മുല്ലയ്ക്ക് മണമില്ല" എന്ന പഴമൊഴി നാം ഏതാണ്ട് സ്വീകരിച്ചമട്ടാണ് ഇന്ന് നിലവിലുള്ളത്. ഈ അവസ്ഥ മാറ്റിമറിക്കാൻ ചെറിയ സംരംഭം എന്നനിലയിലാണ് ഈ College ലെ 86 വിദ്യാർത്ഥികൾചേർന്ന് Skylark Club എന്ന സംഘടനയ്ക്ക് രൂപം നൽകിയത്. ഒരു പ്രത്യേക മാനസിക സുഖം ഈ ക്ലബ്ബിലെ അംഗങ്ങൾക്കുണ്ട് എന്നത്തന്നെ ഇതിന്റെ വിജയമാണ്. നാം ദിവസവും കാൽചുവട്ടിൽ അമർത്തിഞെരിച്ചുകളയുന്ന പച്ചപ്പിന്റെ നിറം-സൂക്ഷിച്ചുനോക്കു. മുകളിൽ പറഞ്ഞ 200 ഔഷധങ്ങളുടെ കൂടെ ഉൾപ്പെടുന്നതാണ് അത്. അതെ, നമ്മൾ ശ്രദ്ധിക്കാതെപോകുന്ന നമ്മുടെ കാമ്പസിൽ 19 ഔഷധച്ചെടികൾ Skylark Clubലെ അംഗങ്ങൾ കണ്ടെത്തിയിരിക്കുന്നു. ഒരുപക്ഷേ അത്ഭുതകരമായ വാർത്തയാണെങ്കിലും താഴെ പറയുന്ന ഔഷധച്ചെടികൾ ഈ കാമ്പസിൽ നിങ്ങൾക്ക് കണ്ടെത്താം.



1 പാണൽ - തലവേദന, ശരീരകാന്തിക്ക്

2 കുറുന്തോട്ടി - വാതം, ശരീരപുഷ്ടി, കഷായം

3 പൂവാംകുരുന്ന് - ടോൺസിലൈറ്റിസ്, ജലദോഷം

4 വള്ളിപ്പാല - പ്രമേഹം

5 തൊട്ടാവാടി - ആസ്തമ, ഗ്യാസ്ട്രബിൾ

6 അമൃതാമ - ഉദരരോഗത്തിന്

7 ചെമ്പരത്തി - താളി, താരൻ

8 തുളസി - പനി, ജലദോഷം

9 കീഴാനെല്ലി - പ്രമേഹം, മഞ്ഞപ്പിത്തം

10 കുടകൻ - ബുദ്ധിശക്തി, ഓർമ്മശക്തി

11 വരമ്പേകൊടുവേലി - ചതവ്, നീര്

12 തെരുവ - പുൽതൈലം, തലവേദന, പുഴുക്കടി

13 മുരിങ്ങ - പച്ചക്കറി, കഷായം

14 കുപ്പച്ചീര

15 കറുകപ്പുല്ല്

16 കമ്മ്യൂണിസ്റ്റ്പച്ച

17 പപ്പായ

18 വാഴ

19 തെങ്ങ് ഇളനീര്, വയറുകടി, തലവേദന

മുകളിൽപറഞ്ഞ ഔഷധ സസ്യങ്ങൾ നമ്മുടെ വീടുകളിലും ധാരാളം കാണാം. ചെറിയ തലവേദനമുതൽ ഈ നൂറ്റാണ്ടിലെ മഹാരോഗം - എയ്ഡ്സ്വരെ - ചെറുത്തുനിൽക്കാൻ കഴിവുള്ള ഔഷധങ്ങൾ ഇതിൽപ്പെടുന്നു. സസ്യലതാദികളെ വെട്ടിനശിപ്പിച്ച് പ്രകൃതിയുടെ സന്തുലിതാവസ്ഥ നശിപ്പിക്കുകയും വീണ്ടും വെച്ചുപിടിപ്പിച്ചു തീയിട്ട്. കാട്ടുതീയാണ് എന്ന്പറഞ്ഞ് പണം വാരിക്കൂട്ടുന്ന ഇന്നത്തെ തലമുറയ്ക്ക് ഇതിനെക്കുറിച്ച് ചിന്തിക്കാൻ സമയം കിട്ടിഎന്നുവരില്ല. നാളെകളിൽ ഈ രാജ്യം നയിക്കേണ്ട നമ്മൾ ചിന്തിച്ചേ മതിയാകൂ. കാരണം അപകടത്തിന്റെ വക്കിലെത്തി നിൽക്കുന്നവർ നമ്മൾമാത്രമാണ്.

K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Moovatupuzha

വാസുദേവൻ നമ്പൂതിരി കെ.ആർ. M.A.
BLISC, ചീഫ് ലൈബ്രേറിയൻ

# വായനയും സംസ്ക്കാരവും : ഒരു മൂല്യാധിഷ്ഠിത സമീപനം

മനുഷ്യൻ സമൂഹജീവി ആണല്ലോ. പരസ്പരസംവേദനവും, വ്യക്തിയേയും സമൂഹത്തെയുംപറ്റിയുള്ള സങ്കൽപ്പങ്ങളും അവനെ മറ്റു ജീവികളിൽനിന്നു വ്യത്യസ്ഥനാക്കുന്നു. തന്റെ ചുറ്റുപാടുകളിൽനിന്ന് വേണ്ടത് ഉൾക്കൊള്ളുവാനും വേണ്ടാത്തതു തള്ളുവാനും അവന് സ്വാതന്ത്ര്യമുണ്ട്. കേവലം ജൈവപരിതസ്ഥിതിക്ക് അപ്പുറം ബുദ്ധിപരവും ആശയപരവുമായ കാര്യങ്ങൾ അവനെ പലപ്പോഴും ആകർഷിക്കുന്നുണ്ട്. ഇവയൊക്കെ അടിസ്ഥാനപരമായി ചിലമൂല്യങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ളവയാണ്. ലോകചരിത്രത്തെ നിർണ്ണായകമായി സ്വാധീനിച്ചിട്ടുള്ള വ്യക്തികളും സംഘടനകളും ഏതെങ്കിലും തത്വങ്ങൾക്കുവേണ്ടി നിലകൊണ്ടിട്ടുള്ളവരാണല്ലോ. നമുക്ക് നമ്മുടെ സംസ്ക്കാരവുമായുള്ള ബന്ധവും ഇങ്ങനെ ചില മൂല്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ജനതയുടെ ജീവിതം, ഭൗതികസാഹചര്യങ്ങൾ, ഭക്ഷണം , കല, സാഹിത്യം, മതം, തത്വചിന്ത, വിദ്യാഭ്യാസം, കുടുംബജീവിതം മുതലായ എല്ലാമേഖലകളിലും മൂല്യങ്ങളുടെ പ്രതിഫലനം കാണാം. ഇങ്ങനെ ജീവിത സർവ്വസ്വമായിരിക്കുന്ന മൂല്യങ്ങളെ തലമുറയിൽനിന്നു തലമുറയിലേക്കു കൈമാറുന്ന കണ്ണിയേതാണ്? തീർച്ചയായും, വിദ്യാഭ്യാസം, കുടുംബജീവിതം, മുതലായവയ്ക്ക് വ്യക്തമായ സ്വാധീനം വ്യക്തികളിൽ പതിപ്പിക്കുവാൻ കഴിയുന്നുണ്ട്. എന്നാൽ ഇവയൊക്കെ ഏറിയോ, കുറഞ്ഞോ സാഹചര്യങ്ങളുടെ സൃഷ്ടിയാണല്ലോ. അതായത് വ്യക്തി ഏതെങ്കിലും ചുറ്റുപാടുകളുമായി ബന്ധപ്പെടുവാൻ നിർബ്ബന്ധിതനാകുകയും അതനുസരിച്ചുജീവിക്കുവാൻ തുടങ്ങുകയും ചെയ്യുന്നു. ഇവയിൽനിന്നും വ്യത്യസ്ഥമായി വ്യക്തിയുടെ ബൗദ്ധിക, മാനസിക വ്യാപാരങ്ങളെ സ്വാധീനിക്കുന്നഘടകമാണ് പുസ്തകങ്ങൾ. വായനയെ രണ്ടുവിഭാഗമായിതിരിക്കാം. ഒന്ന് സമകാലീന സംബന്ധിയായവായന. ഇത് കൂടുതലും മാനസിക ഉല്ലാസങ്ങൾക്കുവേണ്ടി അപ്പഴപ്പോഴത്തെ അഭിരുചിക്കനുസരിച്ച് എഴുതുന്നവയാണ്. ഈയിനത്തിൽ ടി.വി., റേഡിയോ, മറ്റു ദൃശ്യശ്രാവ്യമാധ്യമങ്ങളുംപെടുന്നു. ഇന്ദ്രിയങ്ങളെയും മനസ്സുകളെയും അനായാസം അലിയിക്കുന്ന മാധ്യമങ്ങൾ ഗൗരവമായ പ്രശ്നങ്ങൾ അവതരിപ്പിക്കാറില്ല. എല്ലാക്കാലത്തും കൂടുതൽ ആളുകളെ സ്വാധീനിക്കുന്ന മാദ്ധ്യമവും ഇതുതന്നെയാണ്. രണ്ടാമത്തെ വിഭാഗത്തിൽ കലാ-ശാസ്ത്രീയ-സാഹിത്യരംഗത്തെ മാറ്റങ്ങളെയും ചിന്തകളെയും പ്രതിപാദിക്കുന്ന ഗൗരവതരമായ പ്രസിദ്ധീകരണങ്ങൾ ആണ്. താരതമേന്യ ഒരു ന്യൂനപക്ഷം മാത്രമേ ഇത്തരം മാധ്യമങ്ങളെ ഉപയോഗിക്കുന്നുള്ളൂ. പുസ്തകം, സിനിമ, ചിത്രരചന മുതലായമേഖലകളും ഈ ഗൗരവതരമായ മേഖലയിൽപെടുന്നതാണ്. ഇലക്ട്രോണിക് മീഡിയ ഇന്ന് സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം സുവിദിതമാണല്ലോ.

പേപ്പറിന്റെയും അച്ചടിയുടെയും കണ്ടുപിടുത്തവുമായി ഇന്നത്തെ ഇലക്ട്രോണിക് മാധ്യമങ്ങളുടെ ആവിർഭാവത്തെ താരതമ്യപ്പെടുത്തുന്നത് രസാവഹമായിരിക്കും. ഇലക്ട്രോണിക് മാധ്യമങ്ങൾ ജനതയെ മയക്കിക്കിടത്തുന്ന ബുദ്ധിപരമായ വന്ധീകരണത്തിന് കാരണമായിതീർന്നിട്ടില്ലേ

*ഇലക്ട്രോണിക് മാധ്യമങ്ങൾ ജനതയെ മയക്കിക്കിടത്തുന്ന ബുദ്ധിപരമായ വന്ധീകരണത്തിന് കാരണമായിതീർന്നിട്ടില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇന്നിപ്പോൾ പേപ്പർ ഇല്ലാത്ത സമൂഹത്തെപ്പറ്റി (Paperless Society) കേട്ടുതുടങ്ങിയിട്ടുണ്ട്.*

K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Moovatupuzha

എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇന്നിപ്പോൾ പേപ്പർ ഇല്ലാത്ത സമൂഹത്തെപ്പറ്റി (Paperless Society) കേട്ടുതുടങ്ങിയിട്ടുണ്ട്. ഇലക്ട്രോണിക് മാധ്യമങ്ങൾ കൂടുതൽ Information oriented ആണ് എന്നുള്ളത് ഒരു സത്യംതന്നെ. ഇൻഫർമേഷൻ രംഗത്ത് ഇലക്ട്രോണിക്ക് മാധ്യമങ്ങൾ വിപ്ലവകരമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട് എന്നുള്ളതും സത്യമാണ്. സയൻസിന്റെ വികാസത്തിനും കൂടുതൽ യന്ത്രവൽകൃതമായ സമൂഹത്തിന്റെ വികസനത്തിനും ഇൻഫർമേഷൻ ടെക്നോളജി നേതൃത്വം നൽകുന്നു. ആ അർത്ഥത്തിൽ ആധുനികശാസ്ത്രങ്ങളുടെ കേന്ദ്രസ്ഥാനവും ഇൻഫർമേഷൻ ടെക്നോളജിക്ക് ഉണ്ട്. എന്നാൽ മനുഷ്യന്റെ ചിന്തയെ ഉണർത്തുന്ന, ഉന്നതീകരിക്കുന്ന (Sublimate)കാര്യത്തിൽ പുതിയമാധ്യമങ്ങൾ പിന്നിൽതന്നെയാണ്. പുസ്തകങ്ങളുടെ സാംസ്കാരികമായ നേതൃത്വം ഇവയ്ക്കൊന്നും അവകാശപ്പെടുവാൻ സാധിക്കുമോ എന്നു സംശയമാണ്. ഈ സാംസ്ക്കാരിക ഘടകമാണ് പുസ്തകങ്ങളുടെ നിലനിൽപിന്റെ ഏറ്റവും പ്രധാനഘടകവും. പുതിയ മാധ്യമങ്ങളും പുസ്തകങ്ങളും തമ്മിലുള്ള മറ്റൊരു പ്രധാനവ്യത്യാസം Identity യുടേതാണ്. പുസ്തകങ്ങൾ ജനഹൃദയങ്ങളിൽ സ്ഥാനംപിടിക്കുകയും, സാംസ്ക്കാരിക സംക്രമണത്തിനുള്ള ഉപാധിയായി വർത്തിക്കുകയും ചെയ്യുമ്പോൾ പുതിയ മാധ്യമങ്ങൾ അനുബന്ധങ്ങൾ മാത്രമായിപോകുന്നു. ഇന്നും ലോകജനസംഖ്യയുടെ നല്ലൊരു ശതമാനം ആളുകളും ഏതെങ്കിലും മതഗ്രന്ഥങ്ങളോ, രാഷ്ട്രീയതത്വശാസ്ത്രഗ്രന്ഥങ്ങളോ, സാഹിത്യകൃതികളോ തങ്ങളുടെ വഴികാട്ടിയായികരുതുന്നു എന്നുള്ളത് ഇതിന് തെളിവാണ്. പുസ്കതങ്ങളുടെ വൈകാരികമായ ഈ മേധാവിത്വമാണ് മിക്കവാറും എല്ലാ സംഘടനകളുടെയും അടിസ്ഥാനം. ചിഹ്നങ്ങൾ കഴിഞ്ഞാൽ (Symbols) ഏറ്റവും ജനപ്രീതിയുള്ള, ഒന്നിച്ചുനിർത്തുന്ന ആശയങ്ങളുടെ പ്രതിനിധിയും പുസ്തകങ്ങൾതന്നെ. ഉദാഹരണത്തിന് മത-രാഷ്ട്രീയ-സംഘടനകൾ തന്നെ. പുസ്തകങ്ങളിലെ ആശയസംഹിത (Thought content)ആണ് അടുത്തഘടകം. പലപ്പോഴും വൈകാരികഭാവങ്ങൾക്കിടയിൽ മറന്നുപോകുന്ന അല്ലെങ്കിൽ അവഗണിക്കുന്നഘടകമാണ് ആശയങ്ങൾ. പുസ്തകങ്ങളെ

*പുസ്തകങ്ങൾ ജനഹൃദയങ്ങളിൽ സ്ഥാനംപിടിക്കുകയും, സാംസ്ക്കാരിക സംക്രമണത്തിനുള്ള ഉപാധിയായി വർത്തിക്കുകയും ചെയ്യുമ്പോൾ പുതിയ മാധ്യമങ്ങൾ അനുബന്ധങ്ങൾ മാത്രമായിപോകുന്നു. ഇന്നും ലോകജനസംഖ്യയുടെ നല്ലൊരു ശതമാനം ആളുകളും ഏതെങ്കിലും മതഗ്രന്ഥങ്ങളോ, രാഷ്ട്രീയതത്വശാസ്ത്രഗ്രന്ഥങ്ങളോ, സാഹിത്യകൃതികളോ തങ്ങളുടെ വഴികാട്ടിയായികരുതുന്നു എന്നുള്ളത് ഇതിന് തെളിവാണ്.*

സ്വതന്ത്രമായി സമീപിക്കുന്ന ആളുകൾ ഉണ്ടെന്നുള്ളതും സത്യംതന്നെ. എന്നാൽ കൂടുതൽ ആളുകളും ഏതെങ്കിലും പ്രത്യേക വീക്ഷണത്തിന്റെ വക്താക്കളായി പുസ്തകങ്ങളെ സമീപിക്കുന്നതുകൊണ്ട് ശരിയായ രീതിയിൽ കാര്യങ്ങൾ ഉൾക്കൊള്ളാൻ കഴിയാത്തവരാകുന്നു. ഇന്ന് ലോകത്തിലുള്ള എല്ലാ അഭിപ്രായവ്യത്യാസങ്ങളുടെയും ഒരു പ്രധാനകാരണം ഇതുതന്നെയാണ്. പൂർണ്ണമായ തെറ്റോ ശരിയോ ആയി ലോകത്തിൽ ഒന്നുംതന്നെയില്ലായെന്നു മനസ്സിലാക്കുകയാണെങ്കിൽ സഹിഷ്ണുതയോടെ കാര്യങ്ങളെ മനസ്സിലാക്കുവാൻ സാധിക്കും. ഇത് സാമൂഹികകാര്യങ്ങളിൽ മാത്രമല്ല. ശാസ്ത്രീയകാര്യങ്ങളിൽപോലും ബാധകമാണ് എന്ന് പറയേണ്ടിയിരിക്കുന്നു. ശരിതെറ്റുകളുടെ ആപേക്ഷികത പുസ്തകങ്ങളിൽ ഉൾക്കൊള്ളുന്ന ആശയങ്ങൾ അപ്രമാദിത്വം ഇല്ലാത്തതാണെന്നു തെളിയിക്കുന്നതാണ്. എല്ലാ പുസ്തകങ്ങളെയും ഇത്തരത്തിൽ വിലയിരുത്തുകയാണെങ്കിൽ കൂടുതൽ ശാസ്ത്രീയമായ വിലയിരുത്തലുകൾ സാധ്യമായേനെ. എന്നാൽ പുസ്തകങ്ങൾ ഏതു സാംസ്ക്കാരിക പാശ്ചാത്തലത്തിലാണോ എഴുതപ്പെട്ടത് ആ പശ്ചാത്തലത്തിൽനിന്നുകൊണ്ടുമാത്രമേ അവയെ വിലയിരുത്താവു. അല്ലാതെയുള്ള വിലയിരുത്തലുകളാണ് മിക്കവാറും എല്ലാത്തരം ദുർവ്യാഖ്യാനങ്ങൾക്കും കാരണമാകുന്നത്. അതാത് കാലഘട്ടത്തിന്റെ സാംസ്ക്കാരിക സംഭാവനകളായി പുസ്തകങ്ങളെ കരുതിയാൽ ഇത്തരം തെറ്റുകൾ ഒഴിവാക്കാം.

ഇത്രയും വിവരിച്ചതിൽനിന്ന് സാംസ്ക്കാരിക രംഗത്ത് പുസ്തകങ്ങൾക്കുള്ള സ്ഥാനം സുവ്യക്തമാണല്ലൊ. എന്നാൽ പുസ്തകങ്ങളെക്കാൾ പ്രാധാന്യമുള്ള ഏതെങ്കിലുംഘടകങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കുന്നത് രസാവഹമായിരിക്കും. ഉണ്ട് എന്നുതന്നെ നിസ്സംശയംപറയാം. പുസ്തകങ്ങൾ ആരുടെ ചിന്തകളുടെ സംവാഹകരാണോ അവർ പുസ്തകങ്ങളേക്കാൾ വലിയവർ ആണല്ലോ. പുസ്തകത്തിന് കേവലം സംവാഹകർ എന്നസ്ഥാനമാണല്ലോ ഉള്ളത്. എന്നാൽ ഗ്രന്ഥകർത്താവിനേക്കാൾ പുസ്തകങ്ങൾക്ക് പ്രാധാന്യം സിദ്ധിക്കുന്ന സംഭവങ്ങളും വിരളമല്ല. ഉദാ: ഭാരതത്തിലെ ക്ലാസ്സിക്കുകൾതന്നെ.

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Moovatupuzha



*Shahitha M.*
*M 4*

# Suicide - Is it a remedy?



Nowadays we see a regular new in all of our daily newspapers. It is nothing but the case of suicides. Now it becomes a type of hysteria which grasp our young and old generations alike.

Why it is so happened? What is its reasons? The common saying reasons are disappointments, broken families, financial problems and strange diseases. Sometimes I doubt, suicide now becomes a thrilling experience to our young generations like many other things. The transformations from joint families to nuclear families, the lack of social safety and the exiting media coverage are the points to consider seriously.

But above all these, the main reason for it is the disintegration of our moral values. The competitive world and the wild effects of western trends and the television also bring in line with this.

In the modern society, the man becomes a lonely figure. Everyone lives in his small world and busy with his own matters. The vast developments in science and technology make him a machine. Then there comes the problems of being alone with his sorrows and happy. No one is ready to share a hand where it needs. The dreams and sobbings which arise in their own nest is their friends. Then naturally, they seek a way to put a full stop to all these. The reports say that about 77% of the people, having the tendency to suicide, are suffering a wild type of loneliness.

Among students, the main reason for suicide is the failures which occur in examinations. This is also a result of this competitive attitude of life. There isn't any other solution in this, than to make aware both the parents and their children, about a world of reality above all this exams. Life is some thing divine, they must know it.

The tendency to suicide is more is woman than men. There are about 69% of women in this group comparing with the men. The problems of dowry, and the family problems are the main reasons which lead them to this tragedy.

The changing attitude of the society towards the suicide cases is another matter. In order to escape from the cruel attack of the society and situations in many cases, the man find it as an easy way.

In April 27, 1994, the Supreme Court announced an important judgment. Supreme Court cancelled the part 309 in Indian Penal Code which included the suicide as a crime. It also brought a favourable situation to this. In that decision, the honourable judges quoted two lines from a poem written by William Earnest, which says that the owner of life of a man is the man himself. But a man, who has faith in God and religion, never accepts it.

It may be true that the persons who try to suicide must be given advises and mental treatment instead of physical punishment. If the things are going on like this, the time, in which the suicides may regard as a best way to control the population, is not far behind.

Evenfor silly matters, the rate of suiciding persons is increasing. Among them, some times life may not be so worthy as death, I thing. There must be a wide study to know why this tendency is increasing so much.

After studying all these, there must arise one question in our mind - Is suicide a remedy for all our problems? Is it right to lead ourselves to this eternal sleep? Choice is yours, Voice is yours.

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Moovatupuzha



*Shiju Jacob*
*E4*

## SHOULD WE ENCOURAGE BEGGARS ?

Have you ever thought of the beggars who are wandering around and aside you. I know that you often see them. But I do not know whether you watch them or what you feel in your mind. Some people may feel mercy towards them. Some other people may feel something else. Well! I leave it for your consideration. By admitting my own limitations I take this opportunity to turn your mind for a while to the most abandoned people living in the society.

Begging has become a sort of profession with some people. There are different types of beggars wandering here and there. We can classify them mainly into two, ie. those who are really poor and unable to do any work and those who pretend to be unable but who are too lazy to do any work.

Of course we should help those who are really in need. But we should discourage those who pretend. Such people are creating headache in the society. They do not work hard. They are satisfied with what they get. They find it an easy way of living and a profitable occupation. Actually they do not deserve our sympathy or help. Nowadays we can see the modern beggars, those who are dressed well and are quiet. They are slightly different from the others. Because they are begging in the name of political parties or in the name of some organizations. We should be aware of this type of beggars. Actually they are exploiting the ordinary people. It should not be allowed. But there are some people who really want our help. We must help them generously.

The Central and State governments have started massive programmes for the rehabilitation of the neglected, illegitimate, orphans and the poor children. Some private institutions are also working for the above mentioned purpose. So it is desirable that we should discourage the beggars wandering around us.



*Sinimol Jose*
*L 3*

## CAMPUS POLITICS IN MY VIEW

Students come to colleges with sweet dreams about their college life and their future. They seek knowledge and want to learn about the wide world. But many of them fail to do their responsibilities to the society and disappoint their parents. What is the reason?

The main reason is politics. Today we can see it in every sphere of human activity. This epidemic has conquered the students also. It reduces the college campus into a scene of disturbance and violence.

It is an important thing to think, whether campus politics helps students to grow their political consciousness.

Campus politics is only a way to practice democracy. But today, election in the campus helps the political parties to gather support. It does not help democracy. Students need political ideas to a certain limit. But its overflow makes a confused campus.

Whenever and wherever a political leader faces problems, the 'little politicians' in the campus strike to demonstrate their reactions. Its result is that the poor students who come to college to study, miss their classes and fail in the examinations, and those who strike pass with first class or even with a rank. It is because they have enough money to attend special tuitions.

College Union is the platform to promote the abilities of the students. But today it interrupts the free thought of students. The reality is that today's college union fails to accomplish its aim.

I don't believe that politics is a necessary thing in the campus to make the students aware of democracy. The result of the college election is that the able students are disregarded and those who know how play politics win.

Our education period is the time to weave the warp and weft of our life. What is expected of a student is not to strike or to destroy public property. For a good tomorrow, for a beautiful future we must pledge to eradicate the unnecessary and harmful politics from our campus.

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Moovatupuzha



*Romils Mathew*
*C 3*

# THE DRUG EPIDEMIC

Drug and alcohol addiction are two fast spreading epidemics which are ruining the lives of many youngsters of our so called modern and civilized society. It is really shocking to see youngsters start using drugs for fun and out of curiosity and end up in the cells of mental hospitals as hopeless addicts.

### What are these drugs?

Drugs are either plant extracts or chemically synthesized. Our modern medicines are also drugs. Drugs which cause harmful effects are called narcotic drugs. Alcohols which come under this group are chemically, compounds of Carbon, Hydrogen and Oxygen.

Many of the narcotic drugs are extracted from plants, like Opium, Cannabis (ganja), Hashish, Cocaine, L.S.D. etc. Some others like Tetra Hydro Cannabinol (T.H.C), Heroin, Brown sugar etc are chemically synthesised.

Certain amphetamines also produce narcotic effects. The leading sedative used as a narcotic is 'methaqualone'. Certain psychedelics also produce narcotic effects. L.S.D. is also a primary psychedelic.

**Drugs are either plant extracts or chemically synthesized. Our modern medicines are also drugs. Drugs which cause harmful effects are called narcotic drugs**

### Why do people use these drugs?

People use drugs due to certain wrong concepts. They think that drugs can improve their aesthetic qualities. It is true that the use of narcotic drugs produce a 'high' or 'kick' which is actually a combined effect of sedation, tranquilization and mild hallucination. Even sedatives and tranquilizers, used indiscriminately, produce such effects.

The prime reason for drug use is its ability to produce a state of high pleasure and its mind altering property. On prolonged use they develop chemical dependency. Youngsters usually start drinking a small scale for company sake. Then they increase the quantity and slowly switch over to other more harmful and powerful ones. Youngsters who have low self esteem, who face constant failures in various aspects of life, who have got inability to do certain things etc. are all prone to drug use. They think that drugs will give them relief from their problems. Many youngsters have a wrong belief that drugs can elevate their sexual qualities and can give them greater pleasure in sexual indulgences. Aware or unaware of the ill effects, youngsters start using drugs and then slowly get addicted to it.

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Moovatupuzha

## Role of society in creating drug addicts

The society in which we live in has a great role in creating more and more drug addicts. To a very large extend parents also cause their children to become addicts without their knowledge.

Due to certain behavioural peculiarities of some parents in the modern nuclear families youngsters feel isolated and this lead them to drugs. Most parents have high expectations about their children. They consider them as instruments to achieve what they couldn't, without understanding their limitations. When they fail to rise up to their expectations they scold them and these youngsters feel dejected and hopeless.

Many eminent people of the society promote the selling of drugs, in the dark. They do this to fill their pockets without considering the future of those who consume these. Many common people think it wise not to take troubles, such as protesting against these, on their heads. Our government has not taken sufficient measures to control illicit drug consumptions. On the other hand they only help those who sell these.

## Effects of drug addiction

The physical and mental state of those who consume drugs undergo steady deterioration and it ends in death. The moral standards of those who consume drugs come down and they become social criminals. They have no fear when drugs are consumed and they are ready to do anything and everything, turning our social system upside down. They create a state of chaos in our society.

Narcotic drugs on reaching inside the body affect all parts; the lungs, the liver, the heart, the endocrine system etc. They cause the alteration of muscular activity, heart beat, B.P. etc. through their actions on the brain and spinal cord. They affect the reproductive physiology and the resistance power by their action on lymphocytes.

*Alcohol can affect the stomach and cause gastritis. The reflexes become sluggish and neuritis results*

Alcohol can affect the stomach and cause gastritis. The reflexes become sluggish and neuritis results. If ethyl alcohol is consumed acetaldehyde is formed in the body and if methyl alcohol formaldehyde, which eats up the liver cells as a whole within a short period as it has great carbohydrate affinity. On prolonged use people get addicted physiologically and psychologically and develop withdrawal symptoms.

Tobacco is the dried leaf of the plant Nicotiana. Besides nicotin tobacco smoke contains benzopyrene, Carbon monoxide, phenols and arsenic. Active or passive inhalation of tobacco smoke cause diseases like hypertension, gangrene, fogged vision, peptic ulcer, smokers cough, emphysema, arteriosclerosis and even lung cancer.

## What we can do against drugs?

The attitude against drugs should be totally changed. We should unite and fight against those who sell these and at the same time rehabilitate the already addicted. We should join together and bring the social criminals, who spread the drug epidemic to book. We should make people aware of the ill effects of drugs. Force should be made on the government to prevent narcotic drugs legally. Let us all work together and pray and wait for a modern society which will be free of vices such as drug addiction and alcoholism.

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Moovatupuzha



*അനീഷ് ജോസഫ്*
*ഇ 4*

# കൈയ്യക്ഷരത്തിൻെറ മനഃശാസ്ത്രം

'ബ്രിട്ടീഷ് നിയമസഭയിൽ അംഗമായിരുന്ന ഫോക്സ് സമർത്ഥനും, കാര്യശേഷിയുള്ളവനുമായിരുന്നു. അദ്ദേഹത്തിൻെറ കൈയക്ഷരം വളരെ മോശമായിരുന്നു. അതിനാൽ ദുഃഖിതനും, വിഷാദനുമായിരുന്നു അദ്ദേഹം'.

വൃത്തിയുള്ള നല്ല കൈപ്പട ഒരു വലിയ അനുഗ്രഹമാണ്. നല്ല കൈപ്പടയിൽ എഴുതിയിരിക്കുന്നവ ആരെയും പെട്ടന്ന് ആകർഷിക്കും. എഴുതിയ ആളിനെ കുറിച്ച് നല്ല അഭിപ്രായം ഉണ്ടാക്കാൻ അത് സഹായിക്കും. നല്ല കൈയക്ഷരത്തിൽ എഴുതിയാൽ ഉത്തരകടലാസ് നോക്കുന്ന അദ്ധ്യാപകർക്ക് ഒരു താൽപര്യം മൂല്യനിർണ്ണയത്തിൽ ഉണ്ടാകും.

ഒരാളുടെ കൈയക്ഷരം അയാളുടെ സ്വഭാവത്തെ കാണിക്കുന്നു എന്നാണ് കൈയക്ഷരത്തെ അടിസ്ഥാനമാക്കിയുള്ള ശാസ്ത്രശാഖയായ ഗ്രാഫോളജി വ്യക്തമാക്കുന്നത്. വ്യക്തി ഏതു ജോലിക്ക് അർഹനാണ് എന്ന് തീരുമാനിക്കുന്നത് കൈയക്ഷരം നോക്കിയാണ്. ചില ഡോക്ടർമാർ കൈയക്ഷരം നോക്കി രോഗം വരെ നിർണ്ണയിക്കാറുണ്ട്.

*വൃത്തിയുള്ള നല്ല കൈപ്പട ഒരു വലിയ അനുഗ്രഹമാണ്. നല്ല കൈപ്പടയിൽ എഴുതിയിരിക്കുന്നവ ആരെയും പെട്ടന്ന് ആകർഷിക്കും. എഴുതിയ ആളിനെ കുറിച്ച് നല്ല അഭിപ്രായം ഉണ്ടാക്കാൻ അത് സഹായിക്കും. നല്ല കൈയക്ഷരത്തിൽ എഴുതിയാൽ ഉത്തരകടലാസ് നോക്കുന്ന അദ്ധ്യാപകർക്ക് ഒരു താൽപര്യം മൂല്യനിർണ്ണയത്തിൽ ഉണ്ടാകും*

മനുഷ്യസ്വഭാവത്തിന് കൈയക്ഷരത്തോടുള്ള ബന്ധത്തെക്കുറിച്ച് പഠനങ്ങൾ ആരംഭിച്ചത് 17-ാം നൂറ്റാണ്ടിൽ ആണ്. ഇറ്റലിക്കാരനായ ആൾഡറേഷ്യസ് ആണ് ഇതിന് ആരംഭം കുറിച്ചത്. ജീവിതം മുഴുവൻ കൈയക്ഷര നിർണ്ണയത്തിന് വിനിയോഗിച്ച വ്യക്തിയാണ് ആബി-ഫ്ളാൻറ്. ഈ വിഷയത്തിനെ ഗ്രാഫോളജി എന്ന് നാമകരണം ചെയ്തത് അദ്ദേഹമാണ്. കൈയക്ഷരത്തിൻെറ സ്വഭാവം ഒരാൾ ചിന്താശീലനോ പ്രവർത്തനനിരതനോ, ബഹിർമുഖനോ അന്തർമുഖനോ എന്നു കാണിക്കുന്നു. വലുപ്പമേറിയ അക്ഷരങ്ങളുടെ ഉടമകൾ സ്വയം ശ്രദ്ധ പിടിച്ച് പറ്റാൻ ശ്രമിക്കുന്നവരാണ്. വളരെ ചെറിയ അക്ഷരങ്ങളുടെ ഉടമകൾക്ക് ആകട്ടെ അന്തർമുഖത ഉണ്ടാകുമെങ്കിലും, ഇവർക്ക് ബുദ്ധിസാമർത്ഥ്യം ഉണ്ടായിരിക്കും. സാമാന്യം വലുപ്പമുള്ള അക്ഷരങ്ങൾ സൂചിപ്പിക്കുന്നത് ധീരനും, ആത്മവിശ്വാസം തുറന്നടിക്കുന്ന പ്രകൃതക്കാരനും ആയിരിക്കും.

'നിങ്ങളുടെ കൈയക്ഷരം ഏതുതരമാണ് ചിന്തിക്കുക! മനസ്സിലാക്കുക'

കട്ടികൂടിയ അക്ഷരങ്ങൾ ധീരത, സാഹസികത, സജീവത്വം എന്നിവയെ കാണിക്കുന്നു. നേർത്ത അക്ഷരങ്ങൾ വൈകാരികതയെ കാണിക്കുന്നു. എഴുതുമ്പോൾ മുകളിലേക്ക് അൽപം ഉയർന്നു പോകുന്ന അക്ഷരങ്ങളുടെ ഉടമകൾ ശുഭാപ്തിവിശ്വാസവും, ലക്ഷ്യബോധവും ഉള്ളവരാണ്. ഒട്ടും വളയാതെ നേർവരയിൽ എഴുതുന്നവ പക്വതയെ സൂചിപ്പിക്കുന്നു.

വ്യക്തമായ അക്ഷരങ്ങൾ ആശയവിനിമയത്തിനുള്ള കാര്യക്ഷമതയെ സൂചിപ്പിക്കുന്നു. അവ്യക്തമായ അക്ഷരങ്ങളുടെ ഉടമകൾ സങ്കോചമുള്ളവരും, ആശയവിനിമയക്ഷമതയില്ലാത്തവരുമാണ്. അക്ഷരങ്ങളുടെ അടിയിൽ വരയിടൽ അമിതമായ മമതയെ സൂചിപ്പിക്കുന്നു.

കൈയക്ഷരം നമ്മുടെ സ്വഭാവത്തെ വിളിച്ചറിയിക്കുന്നു. അതിനാൽ ചെറുപ്പത്തിൽ നല്ല കൈക്ഷരം നാം സമ്പാദിക്കണം. നല്ല കൈയക്ഷരം നമ്മുടെ പക്വതയെയും ജീവിത വിജയത്തെയും സൂചിപ്പിക്കുന്നു. മോശമായ കൈയക്ഷരം ജീവിതപരാജയത്തിലേക്കും അപൂർണ്ണവ്യക്തിത്വത്തിലേക്കും വിരൽചൂണ്ടുന്നു. അപൂർണ്ണത ജീവിത പാജയങ്ങളിലേക്കും, പരാജയം ജീവിതത്തിൻെറ നാശത്തിലേക്കും വിരൽ ചൂണ്ടുന്നു.

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Moovatupuzha



ज्योती मोहनन
*M 4*

# प्रदूषण की समस्या

वैज्ञानिक उन्नति के साथ-साथ अपने भौतिक सुखों की प्राप्ति केलिए मानव ने अनेक प्रकार के छोटे-बड़े कारखानों और उद्योगों का विकास किया है। जन वृद्धि के कारण गाँव, नगर, महानगर आदि की बनावट को विस्तार देना शुरू किया है। जंगलों को काटकर लोग बसावट का स्थान ढूँढ निकने है। उत्पादन बढाने केलिए नए मशीनों का निर्माण कर रहे है। वे मशीनें दिन रात ध्वनि और धूआँ उगलती रहती है। नदियों पर पुल बँध रहे है। गाँवों के लोग अब रोजगार की तलाश मे नगरों और महानगरों में पलायन करते है। नगरी लोग अपना उद्योग एवं कारखाना गाँवों की ओर बढाने की कोशिश कर रहा है। यह एक ओर देश की प्रगति के लिए सहायक है और दूसरी ओर जन स्वास्थ्य में गिरावट ला रहा है। पूरे संसार के राष्ट्रों में पर्यावरण की प्रदूषण की समस्या इतनी बडी हो गई है कि जनसंख्या का एक बहुत बड़ा हिस्सा रोज ग्रस्त है। भारत जैसे देश, जो गाँवों का देश है, विकास के फल स्वरूप प्रदूषण की समस्या का भी सामना कर रहा है। वह चाहे जल हो, स्थल हो या वायु सब तरह लोगों को हानि पहुँचाती ही।

प्रकृति की स्वाभाविक प्रक्रिया में अब असंतुलन पैदा होने लगा है। जंगलों के बेरोक-टोक काटा जाने के कारण अनेक प्रकार के जीव-जंतुओं का वंश नाश हो गया है। कुछ जंतुओं की संख्या हमारे अंगुलेयों में गिनने लायक बन गया है। प्रकृति का शोधक कारखाना अब शिथिल बन गया है। इसके कारण स्वास्थ्य संबन्धि अनेक दोष पैदा हो गया है। धरती के चारों ओर धेरे हुए प्रकृति का स्वस्थ आवरण अब दूषित होने लगा है। यही पर्यावरण या प्रदूषण की समस्या है।

अनेक प्रकार के पेड-पौधे और जीव-जंतू एक दुसरे पर निर्भर रहते है। प्रकृति ने एक प्रकार का संतुलन बनाया है। लेकिन अब प्रदूषण की समस्या के कारण प्रकृति में असंतुलन पैदा हो गया है।

कल-कारखानों की दूषित एवं अनियन्त्रित हवा और जल-मल बाहर निकल कर बदबू पैदा करने वाली गैस फैला देती है। कारखानों की धुआँ उगलने वाली चिमनियाँ दूर-दूर तक वातावरण को दूषित कराती है। बहुत अधिक कूडा करकट कारखाने से नदियों और समुद्र में बहा दिया जाता है। इससे जल मलिन हो जाता है। इसके कारण जल पीने में अयोग्य बन जाता है। आधुनीकरण के साथ-साथ भारतीय शहरों एवं गाँवों के नालों मे गंदा पानी इकट्ठा हो रहा है। इसके कारण आस-पास के निवासी अनेक प्रकार के मारक रोगों के शिकार बन गये है। इसके कारण साँस और फेफड़ों के रोज पनपते है। आँखें खराब हो जाती है। मलेरिया, प्लेग आदि खतरनाक रोग उत्पन्न होते है।

गाडियों एवं मशीनों के शोर से ध्वनि प्रदूषण फैलता है। कान बहरे हो जाता है। मानव अनेक प्रकार के शारीरिक एवं मानसिक रोगों का शिकार होता जा रहा है। भारत में ध्वनि प्रदूषण पर कोई रोक-टोक नहीं है। सड़कों पर गाडियाँ साइलेंसर के बिना चलाई जाती है। उत्सव आदि के समय धर्मशालाओं एवं स्कूलों में लाउटस्पीकर का प्रयोग अब बडी मात्रा में होता है। चुनाव आते समय सभी पार्टियाँ अपने स्थानार्थी की सफलता केलिए सड़कों पर लाउडस्पीकर की सहायता से मत प्राप्त करने की कोशिश करती है। अब यहाँ के लोगों की श्रवण शक्ति कम होती जा रही है। उन पर प्रतिकूल असर पड़ गया है।

मानव समाज का अनियंन्त्रित विस्तार द्रुत गति से होता जा रहा है। मानव जाति का मन एवं शरीर दुषित हो गयो है। वनस्पतियों की सफलता अब कम होती जा रही है। ज्यादा भूमि अब उगने योग्य नही है। उपजाऊ भूमि हमें नष्ट होती जा रही है। सारी धरती आने वाले दिनों में एक रेगिस्थान बन जाएगी। हम अब बाद सूखापन आदि प्राकृतिक प्रलोपों का सामना करते है। अनेक प्रकार के लोग इस प्रकृति के संहार तांडव का शिकार बन गये है। उनें हमेशा केलिए दुख की नदी में डूबने की दुर्विधि पैदा हो गयी है।

विज्ञान की प्रगति के साथ-साथ औद्योगिक विकास हो रहा है। फिर भी आधुनिक सभ्यता की कृत्रिमता के प्रतीक ध्वनि-विस्तारक यंन्त्र रसायनों से बने स्वाध एवं वस्त्र, सौंदर्य उत्पादक वस्तुएँ, अंबरचुंबी मकानें या इमारतें, चमक दार बस्तियाँ, औषधियाँ आदि को नियंन्त्रण में रखना आवश्यक है। यदि हम ऐसा न करें तो सारे मानव जीवन को यह एक घमासान खतरा उत्पन्न करा सकती है। इस वातावरण में हम प्रकृति के आवरणों को बंदी बना रहे है और स्वयं अपने को दास बनते जा रहे है। इसलिए इससे बचने केलिए प्रकृति और मानव निर्मित साधनों को एक साथ मिलाना है जिससे प्रकृति को अपना सौंदर्य नष्ट न हो जाए। मशीनों की हमारी सेविका ही बना देना चाहिए। उसे अपना स्वामिनी बनने का अवसर कभी भी न दें।

वन, पर्वत, नदी आदि से हमें भर पूर लाभ मिलते है ये सब प्रकृति रमणीयता के प्रतीक है। नगरों की आवादी पर एक सीमा रखना आवश्यक है। भारत गाँवों का देश होने के कारण गाँवों के विकास पर ही भारत का विकास निर्भर रहता है। ग्रामीण संस्कृति का विकास अनिवार्य है। विष वायू एवं धूआँ निकलने वाले कारखानों को बस्ती से दूर स्थापित करना चाहिए ताकि प्रदूषण से जनों को हाति न पहुँचे। नगरों में निवास, चिकित्सा, शिक्षा आदि का समुचित व्यवस्था रोती चाहिए। प्रदूषण को रोकने केलिए कानून बनाना आवश्यक है। कारखानों को आधुनीकरण करना आवश्यक है। लोगों की जीवन रीति में परिवर्तन होना ज़रूरी है। सफाई को उनके जीवन का एक भाग बना देना चाहिए। वृक्षों को लगवाना है। खाली ऊसर भूमि में वृक्षाशेपण करके उद्यानों का विकास किया जाए। आधुनिक सभ्यता में जीने वाले मानव की स्वास्थ्य रक्षा केलिए ये सब आवश्यक है।

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Moovatupuzha



*Mangattu Kavala, Newman College Road*
*Under Construction*




# We Creating History

HOTELS
FINANCING
WINE SHOPS
FUELS
TRAVELS
TOURIST HOMES
REAL ESTATE
INDUSTRIAL MANUFACTURING
LIQUOR BUSINESS

PANTHACKAL GROUP CONCERNS

SANGAMITHRA

പാദരക്ഷകൾക്ക്

# കുന്നത്തുശ്ശേരിൽ ഷൂ മഹൽ

പാലാ റോഡ് തൊടുപുഴ



Bata, Action, Phonix, Lotto,
Lunar, Paragon Etc




നിറഞ്ഞ ഒരു മുന്നേറ്റത്തിൻെറ
നാന്ദികുറിച്ചുകൊണ്ട് ഹൃദയസ്പന്ദനങ്ങൾ
ആവിഷ്കരിക്കുമ്പോൾ,
നിങ്ങളുടെ സൃഷ്ടിയിലൂടെ
നിങ്ങളിലെ നിങ്ങളെ അറിയുമ്പോൾ





*Generator donated by the Students & Union - '94-'95*



*ബാബു ജോർജ്ജ്*
*കെ 4*

# ഭ്രാന്തൻ

സെല്ലിൻെറ കമ്പിയഴിയിൽ മുഖം ചേർത്തയാൾ മഴപെയ്യുന്നത് നോക്കിനിന്നു. തുലാവർഷം തിമർത്തടിച്ചു പെയ്യുകയാണ്. രാത്രിയിൽ തുടങ്ങിയ മഴ ഇതുവരെയും ശമിച്ചിട്ടില്ല. ഓടിൽനിന്നു വീഴുന്ന വെള്ളത്തിൻെറ ശബ്ദം അയാളുടെ കാതുകളിൽ തുളച്ചിറങ്ങി. താൻ ഭ്രാന്തനാണെന്നുപോലും ഭ്രാന്തൻ! ചിന്തകൾ മനസ്സിനെ മഥിച്ചപ്പോൾ അയാൾ ഗതകാലങ്ങളിലേക്കുയാത്രയായി.

ഭാരിച്ച സ്വത്തുക്കളുടെ ഉടമയാണെങ്കിലും അച്ഛന് സർക്കാരുദ്യോഗം രാജിവയ്ക്കാൻ മനസ്സു വന്നില്ല. 'എന്തിനു വീട്ടിലിരുന്നു മുഷിയണം'? ഇതായിരുന്നു അച്ഛൻെറ വിശദീകരണം. അന്നും പതിവുപോലെ ഓഫീസിൽ പോയ അച്ഛൻ മടങ്ങിവന്നത് ഒരു ഓട്ടോറിക്ഷയിലായിരുന്നു. ഏതോ വാരികയിലെ നോവലിൽ മുങ്ങിത്താഴ്ന്ന ഞാൻ വണ്ടിയുടെ ശബ്ദം കേട്ടാണ് വരാന്തയിലേക്കിറങ്ങി ചെന്നത്. ഒരിക്കൽപോലും വണ്ടിവിളിച്ചുവരാതെ, ലൈൻ ബസിൽ വരുന്ന അച്ഛൻ ഓട്ടോയിൽ വന്നതുകണ്ടപ്പോൾ മനസ്സിൽ അൽഭുതം കുറി. മുറ്റത്തേക്കിറങ്ങിയപ്പോൾ അച്ഛൻെറ കൂടെ ജോലിചെയ്യുന്ന ഗോപാലപിള്ളസാറും കൂടെയുണ്ട്. 'നീയെന്താ നോക്കിനിൽക്കണെ! ആ കയ്യിലൊന്നു പിടിച്ചേ അച്ഛനൊരു ചെറിയ തലചുറ്റൽ അതാ ഓട്ടോ പിടിച്ചുവന്നേ! ഗോപാലപിള്ളസാർ പറഞ്ഞു. അച്ഛൻെറ കൈയ്ക്കുപിടിച്ച് വരാന്തയിലേക്കു കയറ്റി കസാലയിൽ ഇരുത്തി. വിയർപ്പിൽ കുളിച്ച അച്ഛൻ കുടിക്കാനൽപം വെള്ളം ആവശ്യപ്പെട്ടു. അമ്മയെ വിളിച്ച് വെള്ളം കൊണ്ടുവരാൻ പറഞ്ഞപ്പോഴേക്കും ഗോപാലപിള്ളസാർ പോകാൻ തിടുക്കം കൂട്ടി. ഒരു കാപ്പി കുടിക്കാൻ പോലും നിൽക്കാതെ വന്ന ഓട്ടോയിൽത്തന്നെ അദ്ദേഹം പോയി.



ഗ്ലാസ്സിൽ വെള്ളമെടുത്ത് വരാന്തയിലേക്കു വന്ന അമ്മ അപ്പോഴാണ് അച്ഛൻ വന്ന വിവരമറിഞ്ഞത്. 'എന്താ എന്തുപറ്റി മോനെ അച്ഛന് ഇത്രനേരത്തേ വരാൻ?' "അച്ഛന് ചെറിയ ഒരു തലചുറ്റലമ്മേ ആ ഗോപാലപിള്ളസാർ ഓട്ടോവിളിച്ചിവിടാക്കി ഇപ്പോഴങ്ങു പോയതൊള്ളു". അമ്മ കൊടുത്ത വെള്ളം പകുതി കുടിച്ചപ്പോഴേക്കും ഗ്ലാസ്സ് കയ്യിൽനിന്നുവീണ് അച്ഛൻ കസാലയിലേക്കു ചരിഞ്ഞു.

അച്ഛൻെറ മരണം അമ്മയെ വല്ലാതെ തളർത്തിക്കളഞ്ഞു. പിന്നീടുള്ള ഭരണത്തിൻെറ താക്കോൽ ചേട്ടൻെറയും ചേട്ടത്തിയമ്മയുടെയും കയ്യിലായിരുന്നു. അച്ഛൻെറ വേർപാടും പ്രഷറിൻെറ അസുഖവുമെല്ലാം അമ്മയെ തീർത്തും കിടപ്പിലാക്കി. കിടപ്പിലായ അമ്മയെ ശുശ്രൂഷിക്കുന്നതിലോ, നോക്കുന്നതിലോ ചേട്ടനോ ചേട്ടത്തിയമ്മക്കോ വല്ല്യ താൽപര്യമുണ്ടായിരുന്നില്ല. ഞാനെപ്പഴും അടുത്തുണ്ടവണമെന്ന് അമ്മയ്ക്കു വല്ല്യനിർബന്ധമായിരുന്നു. എൻെറ കൈകളിൽ തിരുപ്പിടിപ്പിച്ചുകൊണ്ടമ്മ പറയും 'എനിക്ക് നിൻെറ കല്യാണം കൂടിക്കണ്ടിട്ടു മരിച്ചാൽ മതിയായിരുന്നു. നിൻെറ കുട്ടികൾ ഈ മുറ്റത്തു പിച്ചവെച്ചു നടക്കുന്നത് ഞാൻ പലപ്പോഴും സ്വപ്നം കാണാറുണ്ട്. ചേട്ടനായിട്ട് എനിക്കത് കാണാൻ സാധിച്ചില്ല. ദൈവം അവർക്കൊരു കുഞ്ഞിക്കാലു നൽകിയില്ലല്ലോ'. പക്ഷേ ആ ആഗ്രഹം പോലും സാധിച്ചുകൊടുക്കാൻ എനിക്കായില്ല. അതിനുമുൻപേ മരണം അതിൻെറ ചിറകിലേറ്റി അമ്മയെയും കൊണ്ടുപോയി. അമ്മയുടെ മരണം ആ വലിയ വീട്ടിൽ എന്നെ ഏകനാക്കി.

സർവ്വീസിലിരിക്കെ മരിച്ചയാളുടെ ആശ്രിതർക്കുള്ള ജോലിയും ജ്യേഷ്ഠൻ കരസ്ഥമാക്കി. അച്ഛൻെറ വകയിൽ ലഭിച്ച അവസാനത്തെ സമ്പാദ്യം. നാട്ടുകാരും സുഹൃത്തുക്കളും

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Moovatupuzha

തന്നെ കുറ്റപ്പെടുത്തി 'അച്ഛന്റെ താന്തോന്നി, ഇപ്പൊ മനസിലായില്ലെ പഠിക്കാൻ വിട്ടകാലത്ത് പഠിക്കാത്തതിന്റെ വിഷമം. അല്ലെങ്കിൽ കവലനിരങ്ങി നടക്കുന്ന നിനക്ക് ആ ജോലിയെങ്കിലും കിട്ടുമായിരുന്നില്ലെ'. ശരിയാണ് എല്ലാം തന്റെ കുറ്റം, ഇളയമകനോട് അച്ഛൻ പകർന്നു നൽകിയ ലാളനയുടെ പ്രതിഫലം.

സുഹൃത്തുക്കളുടെ കുറ്റപ്പെടുത്തലും, നാട്ടുകാരുടെ കളിയാക്കലും എല്ലാമായപ്പോൾ തന്നോടുതന്നെ അവജ്ഞതോന്നി. ഇതെല്ലാം സഹിക്കാമായിരുന്നു. പക്ഷെ ഊണുമേശയുടെ മുമ്പിൽ ചെല്ലുമ്പോഴുള്ള ചേട്ടത്തിയമ്മയുടെ സംസാരം അസഹനീയമായിരുന്നു. 'വെറുതെ കവലനിരങ്ങിനടക്കാൻ ഇവിടെ ഒരാൾക്ക് സമയമുണ്ട്. തൂമ്പയെടുത്തു പറമ്പിലൊന്നു പണിയാൻ സമയമില്ല. മൂന്നു നേരം വെട്ടിവിഴുങ്ങുന്നതിനൊരു കുറവുമില്ലല്ലോ?' അമ്മയുള്ളപ്പോൾ ഒരിക്കൽപോലും അധികാരത്തിന്റെ സ്വരത്തിൽ സംസാരിക്കാത്ത ചേട്ടത്തിയമ്മയും സംസാരിക്കാൻ പഠിച്ചിരിക്കുന്നു. ഒപ്പം ചേട്ടന്റെ മൗനാനുവാദവും. എല്ലാവർക്കും താനൊരധികപ്പറ്റുപോലെ തോന്നിയപ്പോൾ ആ വീട്ടിലേക്കു ചെല്ലാൻ തന്നെ മടിച്ചു.

അമ്പലമുറ്റത്തെ ആലിൻ ചുവട്ടിൽ നീണ്ടു നിവർന്നു കിടക്കുമ്പോൾ ലഭിക്കുന്ന സുഖം ശരീരത്തിനു മാത്രമല്ല മനസ്സിനും സന്തോഷം പകർന്നു നൽകാറുണ്ടായിരുന്നു. ആലിൻ ചുവട്ടിൽ കിടന്നുറങ്ങാൻ അന്ന് എനിക്കൊരു സുഹൃത്തുണ്ടായിരുന്നു ചുമട്ടുതൊഴിലാളി രാഘവൻ. രാഘവന്റെ വീടിനെക്കുറിച്ചോ നാടിനെക്കുറിച്ചോ ആർക്കും അറിവില്ലായിരുന്നു. ശരിക്കും പറഞ്ഞാൻ ഒരു വരത്തൻ. ചന്തയിൽ ചുമടെടുക്കും മൂക്കറ്റം കുടിക്കും. എങ്കിലും വെള്ളമടിച്ച് റോഡിൽ കിടക്കുന്ന സ്വഭാവം രാഘവനില്ല. നേരെ ആലിൻ ചുവട്ടിൽപോയി കിടക്കും. രാഘവന് രാത്രിയിൽ നല്ല ഉറക്കമുള്ള ആളല്ല. അവൻ വലിച്ചുതള്ളുന്ന ബീഡിക്കുറ്റിയിലേക്കും നോക്കി ഞാനിരിക്കും. ഉള്ളിലേക്കു വലിച്ചിരുത്തുന്ന പുക, വട്ടത്തിൽ, മൂക്കിലൂടെ അങ്ങനെ പല രീതിയിൽ രാഘവൻ പുറത്തു വിടും. അവന്റെ ഈ പ്രകടനങ്ങളാകാം എന്നെയും അതിലേക്കു ക്ഷണിച്ചത്. 'രാഘവാ എനിക്കും ഒരു ബീഡി വലിച്ചാൽ കൊള്ളാമായിരുന്നു.' എന്റെ ആഗ്രഹം ഞാൻ രാഘവനെ അറിയിച്ചു. തന്റെ കറപിടിച്ച പല്ലുകാട്ടി അവൻ വികൃതമായി ഒന്നു ചിരിച്ചു. അതിനുശേഷം പതിയെപറഞ്ഞു. 'തണുപ്പുള്ളപ്പോൾ വലിച്ചാൽ നല്ല സുഖാ'! സുഖമായ ഉറക്കം, സുന്ദരമായ സ്വപ്നം, പിന്നെ നമ്മുടെ ദുഃഖങ്ങൾ, വിഷമങ്ങൾ ഇവയൊക്കെ അലിഞ്ഞലിഞ്ഞില്ലാതാകും' അതായിതിന്റെയൊരു ഗുണം.



രാഘവൻ വീണ്ടും ചിരിച്ചു. പിന്നെ മടിശ്ശീലനിവർത്തി ചെറുവിരൽ വണ്ണമുള്ള ഒരു ബീഡി എനിക്കുതന്നു. ആദ്യത്തെ വലിയായതുകാരണമാകാം ഞാൻ വല്ലാതെ ചുമച്ചു. എന്റെ ചുമകേട്ടിട്ടാവണം ആലിൻ കൊമ്പിൽ തൂങ്ങിനിന്ന കടവാവലുകൾ പറന്നകന്നത്. 'എന്തു ബീഡിയായിത് രാഘവാ'? 'കഞ്ചാവ്' രാഘവന്റെ ശബ്ദം ചിലമ്പിച്ചിരുന്നു. കാരണം ഈ ബീഡികൂടി വലിച്ചുകഴിയുമ്പോഴാണ് രാഘവൻ ഭൂതകാലങ്ങളെക്കുറിച്ചോർക്കുന്നത്. അപ്പോൾ എന്തൊക്കെയോ പിറുപിറുക്കുന്നതു കേൾക്കാം. ഏതോ ഒരു ലില്ലിയെക്കുറിച്ച്, പ്രേമവിവാഹമായിരുന്നത്രേ രാഘവന്റേത്. ആദ്യപ്രസവത്തിൽ ഇരട്ടക്കുട്ടികൾ അതു മരിച്ചുപോയത്രേ. അതോടെ ലില്ലിയുടെ സമനില തെറ്റി. അതൊക്കെ മറക്കാനാണ് ഇതൊക്കെ വലിക്കുന്നത്. അങ്ങനെ പലതും രാഘവൻ പിച്ചും പേയും പോലെ പറയും. തുടർച്ചയായി രാഘവൻ ഇതുപോലൊരു ബീഡി എനിക്കുതരുമായിരുന്നു. ആ ബീഡിവലിച്ചു ലഭിക്കുന്ന സംതൃപ്തിയിൽ ഞാൻ കിടന്നുറങ്ങും.

അങ്ങനെയിരിക്കെ ഒരു രാത്രിയിൽ രാഘവൻ ആൽത്തറയിൽ എത്തിയില്ല. അന്ന് എന്തോ ഒരസ്വസ്ഥത എന്നെ ബാധിക്കുന്നതായി എനിക്കുതോന്നി. ശരീരത്തിനൊരു വിറയൽ, കൈകാലുകൾ തണുപ്പത്തെന്നപോലെ വിറക്കുന്നു, തല പെരുത്തുകയറുന്നു. ഞാനൊരു ഭ്രാന്തനായ് മാറിയ നിമിഷമായിരുന്നു അത്.

നാട്ടുകാർക്ക് പറയാൻ ഒരു പുതുവിഷയവും കുടികിട്ടി 'വടക്കേതിലെ ചെക്കന് ഭ്രാന്താ! അവനിപ്പോ വീട്ടിലൊന്നും പോകില്ല. ആ ആൽത്തറേൽ തന്നാ കിടപ്പും മറ്റും. താടീം മുടീം നീട്ടി; ഭ്രാന്താണ് അല്ലാതെന്താ'.

നീണ്ടൊരലർച്ച കേട്ടയാൾ ചിന്തയിൽ നിന്നു ഞെട്ടിയുണർന്നു. 'എനിക്കു ഭ്രാന്തില്ല; ഞാൻ ഭ്രാന്തനല്ല!' നീണ്ടു പോകുന്ന ഇടനാഴിയുടെ അങ്ങെയറ്റത്തുനിന്നുമുള്ള മുഴങ്ങുന്ന ശബ്ദം ആശുപത്രിയെ പ്രകമ്പനം കൊള്ളിച്ചു. തുടർന്നാരൊക്കെയോ ഒരു സ്ട്രെക്ച്ചർ തള്ളിക്കൊണ്ടുവരുന്നതിന്റെ ശബ്ദവും. ആരോ കുതറി രക്ഷപ്പെടാൻ ശ്രമിക്കുന്നു. അതിനിടയിലും അയാൾ വിളിച്ചു പറയുന്നുണ്ടായിരുന്നു 'എനിക്കു ഭ്രാന്തില്ല; ഞാൻ ഭ്രാന്തനല്ല'...

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Moovatupuzha



# ഇരുട്ട്

*ഷാനോജ് അല്ലേശ്*

*ജി. 1*

ഇരുട്ടിന്റെയും തണുപ്പിന്റെയും സമ്മിശ്രഗന്ധം നിർവ്വികാരതയോടെ ഞാൻ ശ്വസിച്ചു. മധുര സ്വപ്നങ്ങൾ സമ്മാനിക്കുന്ന നിദ്ര രാത്രിയുടെ തേരിലേറി വരാറായി. പക്ഷേ എനിക്കിന്ന് വല്ലാത്ത നിസംഗത തോന്നുന്നു. പുറത്ത് പെയ്യുന്ന മഞ്ഞിൽ കൊഴിയുന്ന റോസാദളങ്ങളുടെ വേദന എന്നിൽ വെറുമൊരു മരവിപ്പു മാത്രമെ പടർത്തിയുള്ളു. എന്റെ മനസ്സിന്റെ അല്ല ആത്മാവിന്റെ തിളങ്ങുന്ന നേത്രങ്ങളിൽ ഉറക്കം ഒളിച്ചുകിടപ്പുണ്ടോ? നിലാവിന്റെ ലഹരിയിൽ തത്തിക്കളിക്കുന്ന കടലിന്റെ ഭംഗി എന്നെ പുളകം കൊള്ളിക്കുന്നില്ലായിരുന്നു. മുന്നിൽ ഇരുട്ട്.

ഈ പഴകിയ ഇരുട്ടിന്റെ മടുപ്പിക്കുന്ന ഗന്ധം ഞാൻ ഓർക്കാനിഷ്ടപ്പെടാത്ത എന്റെ ഭൂതകാലത്തിലേക്ക് എന്നെ വലിച്ചിഴയ്ക്കുന്നു. എന്റെ അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ ഇരുട്ട് എന്നെ പൊതിയുകയായിരുന്നു. അമ്മയുടെ ഗർഭ പാത്രത്തിനുള്ളിൽ വച്ച് എന്നെ കഴുത്തു ഞെരിച്ച് കൊല്ലാൻ ശ്രമിച്ചു. എന്നാൽ എന്നെ കൊല്ലാതിരിക്കാൻ അലറിക്കരഞ്ഞുകൊണ്ട് പുറത്ത് കടന്നപ്പോഴും വിധി എനിക്കെതിരായി നീങ്ങുകയായിരുന്നു. എന്നെ അഴുക്ക് ചാലിലേക്ക് വലിച്ചെറിഞ്ഞതിന് ശേഷം എന്റെ അമ്മ എന്നെ വിട്ടു പോയി. തെരുവുകളിൽ നിന്ന് തെരുവുകളിലേക്ക് ഞാൻ ഇഴഞ്ഞു.

എന്റെ വളർച്ചയുടെ ഓരോ ഘട്ടത്തിലും ഇരുട്ട് എന്റെ കൂടെ ഉണ്ടായിരുന്നു. അങ്ങനെ ഞാൻ ഇരുട്ടിനെ സ്നേഹിച്ചു. പിന്നെ കറുത്ത പുകയും വിഷദ്രാവകങ്ങളും എന്റെ ജീവിതത്തിലേക്ക് കടന്നു വന്നു. തെരുവുപെണ്ണുങ്ങളുടെ നാറുന്ന ദേഹവും എനിക്ക് ഒഴിവാക്കാൻ പറ്റാതായി. അഴുക്ക് ചാലുകളിൽ നിന്ന് കരകയറാൻ ഞാൻ ശ്രമിച്ചു. പക്ഷെ കഴിഞ്ഞില്ല.

*എന്നെ*
*അഴുക്ക് ചാലിലേക്ക്*
*വലിച്ചെറിഞ്ഞതിന് ശേഷം*
*എന്റെ അമ്മ*
*എന്നെ വിട്ടുപോയി.*
*തെരുവുകളിൽ നിന്ന്*
*തെരുവുകളിലേക്ക്*
*ഞാൻ ഇഴഞ്ഞു*

അപ്പോൾ അവൾ വന്നു. എന്റെ അലീന. അവൾ അഴുക്കു ചാലിൽ നിന്ന് എന്നെ കൈപിടിച്ചുയർത്തി. അങ്ങനെ അവൾ എനിക്ക് എല്ലാമായി തീർന്നു. എന്റെ എല്ലാമായ എന്റെ മാത്രമായ അലീന. ആ ഗ്രാമീണ സുന്ദരി എന്നിൽ കടന്നുവന്നതുമുതൽ അവൾ എന്നെ സ്നേഹത്താൽ വീർപ്പുമുട്ടിച്ചു. ആ ഉൻമാദലഹരിയിൽ ഞാൻ ആനന്ദനൃത്തമാടി അങ്ങനെ ഞങ്ങൾ ഇണക്കുരുവികളായി പറന്നു നടന്നു.

പക്ഷേ ഞാൻ സന്തോഷിക്കുന്നത് വിധിക്ക് ഇഷ്ടമല്ലായിരുന്നു. അവൻ എന്നെ വീണ്ടും ചതിച്ചു. വിധി എന്റെ മാത്രമായ അലീനയെ മോഷ്ടിച്ചു. അവളുടെ ശരീരം എനിക്ക് നൽകി, അവളുടെ ജീവനും ആത്മാവും ആ ദുഷ്ടൻ തട്ടിയെടുത്തു. വീണ്ടും ഞാൻ അഴുക്കു ചാലിലേക്ക് വഴുതി വീണു. എനിക്ക് പിടിച്ചു നിൽക്കാനായില്ല.

വിധി എന്നെ കളിപ്പിക്കുന്നു. അവൻ എന്നെ ഒരു കളിക്കോപ്പാക്കുന്നു. അന്നും ഇന്നും എന്നും വിധി എനിക്കെതിരാണ്. ഇതാ ഞാൻ അഴുക്കു ചാലിൽ കഴുത്തോളമെത്തിയിരിക്കുന്നു. തെറ്റുകളാകുന്ന അഴുക്കുകൾ എന്നെ ശ്വാസം മുട്ടിക്കുന്നു. സംസാരിക്കാൻ കഴിയുന്നില്ല. ഇരുട്ട് എന്നെ പൊതിഞ്ഞു കഴിഞ്ഞു. എങ്ങും കൂരിരുട്ട്.

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Moovatupuzha



ബിജു മാധവൻ
എച്ച് 4

# മഞ്ഞമന്ദാരം

ഓരോയൊരു കുറ്റൻ തിരമാല ഉയർന്നു പൊങ്ങി തല്ലിച്ചിന്നി ചിതറുന്ന സ്മൃതി മണ്ഡലത്തിന്റെ തീരത്ത് സൗഹൃദത്തിന്റെ കുളിർതെന്നലിൽ ഇഴപിരിയുന്ന ആത്മബന്ധത്തിന്റെ കണ്ണികൾ വിളക്കിച്ചേർക്കാനുള്ള എന്റെയീ സാഹസത്തിന്, അവിവേകമാണെങ്കിൽ മാപ്പ്. മറവിയുടെ മാറാലകൾ തൂത്തുമിനുക്കി സ്ഫടികതുല്യമാക്കുവാൻ നിന്റെ ഈ സഹായത്തിന് ഞാനപേക്ഷിക്കുന്നു. ഇല്ലെങ്കിൽ അവിവേകമതിന്റെ കൊടുമുടിയിലെത്തിയ നാടോടിയാണെന്ന് ധരിക്കുന്നതിലെന്തു തെറ്റ്. കാണുന്ന പൂക്കളിൽ നിന്നെല്ലാം തേൻനുകരുന്ന ചിത്രശലഭമാണെന്ന് കരുതിയെങ്കിൽ തെറ്റിയിരിക്കുന്നു. ഒരേയൊരു പുഷ്പം മാത്രമേ എന്റെയീ പൂന്തോട്ടത്തിലുള്ളു. മഞ്ഞമന്ദാരങ്ങൾ മാത്രം. വാക്കുകളേറിയാൽ തെറ്റുവർദ്ധിക്കുമെന്നറിയായ്കയല്ല. എങ്കിലും പ്രതീക്ഷയോടെ...



ഓർമ്മകളുടെ കടൽത്തീരത്ത് പഞ്ചസാരമണലിൽ രൂപങ്ങൾ സൃഷ്ടിച്ച് സാഗരത്തിന്റെ ആലിംഗനത്തിൽ, തഴുകി തലോടലിൽ നശ്വരമാകുന്ന ചിത്രങ്ങൾക്കു മുമ്പിൽ അനന്തമായ ചക്രവാളത്തിൽ ഊളിയിടുന്ന സൂര്യന്റെ ഇനിയൊരു ഉദയത്തിന് കാത്തിരിക്കുന്ന ശിൽപിയാകണമെങ്കിൽ അറിയിക്കുക. അല്ലെങ്കിൽ ഓർമ്മകളെല്ലാം തൂത്തുപെറുക്കി മാറാപ്പിലാക്കി തോളിൽതൂക്കി ചന്ദ്രികാചർച്ചിതമായ രാവുകളിൽ ഏഴിലംപാല പൂക്കുന്ന കാവുകളിൽ അലയുന്ന ഏകാന്തപഥികന് എന്റെ സാദൃശ്യം കണ്ടെത്തിയെങ്കിൽ തെറ്റി. അതു ഞാനായിരിക്കാനിടയില്ല. വിഷ്ണു ആകാൻ മാത്രമേ ഞാനുള്ളു. ഒരേയൊരു ലക്ഷ്മി...

പുനരവതാരമായ കണ്ണനാവാൻ ആവില്ല. കണ്ണന് പതിനായിരക്കണക്കിനായിരുന്നു രാധികമാർ. പക്ഷെ അതിലൊരു രാധ, അവൾ മാത്രം. ശ്രീകൃഷ്ണനെ കാണാൻ അമ്പാടിയിലെത്തിയ കുചേലൻ കൊണ്ടുവന്നത് അവൽ ആയിരുന്നെങ്കിൽ രാധയെ കാണാൻ ദ്വാരകയിലെത്തിയ കണ്ണൻ കരുതിയിരുന്നത് സ്നേഹം മാത്രമായിരുന്നു. ആ നോട്ടം, ചിരി, സംസാരം ഇതു മാത്രം മതിയായിരുന്നു. പക്ഷേ... ആ ശ്വാസത്തിന്റെ മഞ്ഞുമാമലകളിൽ ഇളംവെയിൽ കാത്തിരുന്ന സന്തോഷത്തിന്, ദുഃഖത്തിന്റെ ഹിമകണമായ് ഉരുകിയൊലിക്കേണ്ടി വന്നു. അതിന്റെ നൊമ്പരങ്ങൾ ഹൃദയകവാടങ്ങളിൽ വിള്ളലുണ്ടാക്കുമ്പോൾ സന്തോഷമായെങ്കിൽ സംതൃപ്തനായി. എന്തിനു വലയുന്നു. ഉത്തരം കിട്ടാത്ത കടംകഥയ്ക്കായ് കാതോർക്കുന്ന ബാല്യത്തിലല്ലയിപ്പോൾ. അതോർമ്മയിൽ ഉണ്ടാവണം....

പൊഴിയുന്ന ദേവദാരുക്കൾ ഇടതൂർന്നു വളരുന്ന സൗഹൃദത്തിന്റെ ഹിമാലയത്തിൽ ആഗ്രഹത്തിന്റെ മഞ്ഞുമലകൾ പടുത്തുയർത്തിയ ഗ്രീഷ്മകാല സായംസന്ധ്യകളിൽ സൗഹൃദം വസന്തം വിരിയിക്കട്ടെ എന്നാശിക്കുന്നു. മനസ്സിന്റെ മണിച്ചെപ്പിൽ മഞ്ഞുരുകുമ്പോൾ കുളിച്ച് കുറിവരച്ച് മഞ്ഞപ്പട്ടു ജാക്കറ്റും കസവു ദാവണിയും ചുറ്റി ഇലച്ചീന്തിൽ പ്രസാദവും കവിളിൽ അർക്കനേടർത്തിയ അരുണിമയും ഈറൻമാറാത്ത മുടിച്ചുരുളിൽ തിരുകിയ മനോഹരമായ മഞ്ഞമന്ദാരത്തിന്. മഞ്ഞുതുള്ളിക്ക്-മന്ദാകിനിക്ക്.

K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Moovatupuzha



നവീൻ ജോൺ
ഡി1

# പ്രതീക്ഷകൾ

മുഴുമിപ്പിക്കാനാവാത്ത ഉറക്കത്തിന്റെ ക്ഷീണിച്ച മൃദുലതയിൽ കൂർത്തു മൂർത്ത കമ്പികൊണ്ട് തുരുതുരെ കുത്തുന്നതു പോലെയുള്ള അലാറമടിയുടെ തുയിലുണർത്തു കേട്ട്, ഏഴര വെളുപ്പിന് മനുഷ്യജന്മത്തെയും ലോകത്തെയും ശപിച്ചുണർന്ന്, പ്രിയപ്പെട്ടവരുടെ മുഖങ്ങൾ കണ്ട്, ദുഃഖങ്ങൾ മറന്ന്, കുളിക്കാൻ വേണ്ടി അപ്പു അമ്പലക്കുളത്തിലേക്ക് പോയി.

കുളി കഴിഞ്ഞ് ഭഗവാനോട് മനമുരുകി പ്രാർത്ഥിച്ചു 'ഈ ജോലിയെങ്കിലും കിട്ടണേ'. ഭഗവാൻ കേട്ടോ എന്തോ.

'ഇന്നെവിടെയ്ക്കാ അപ്പു' കയ്യിൽ പ്രസാദവും മുഖത്ത് നിറഞ്ഞ പുഞ്ചിരിയുമായി പൂജാരി ചോദിച്ചു. ഒരു ഇന്റർവ്യു ഉണ്ടെന്ന് അപ്പു മറുപടി പറഞ്ഞപ്പോൾ ഇത് എത്രയോ പ്രാവശ്യം കേട്ടതാണെന്ന ഭാവം മുഖത്ത്.

'മോനെ അച്ഛനോട് പ്രാർത്ഥിച്ചിട്ടു പോകൂ' അമ്മ പറഞ്ഞു. അച്ഛന്റെ ഫോട്ടോയുടെ മുമ്പിൽ ചെന്നുനിന്ന് പരിഭവം പറയാനാണ് അവനു തോന്നിയത്. എന്റെ തലയിൽ ഈ ഭാരം കെട്ടിവെച്ച് എന്തിനാ നേരത്തേ പോയത്.

കയ്യിൽ നാണയത്തുട്ടുകളുമായി അനിയത്തി മുന്നിൽ. അവൾക്കു വിവാഹപ്രായമായിരിക്കുന്നു.

'ഏട്ടനെന്താ എന്നെ ഇങ്ങിനെ നോക്കുന്നത്' അവൾ അപ്പുവിനോടു ചോദിച്ചു.

'എന്തിനാ നീ വെറുതേ കുടുക്ക പൊട്ടിച്ചത്'

'അത് സാരമില്ല ഏട്ടനിത് കൈയ്യിൽ വെച്ചോളു. എന്തെങ്കിലും ആവശ്യം വരും' പാതി മനസ്സോടെ അവനത് വാങ്ങി.

'അപ്പൂ തേങ്ങാക്കാരൻ പൈസ തന്നില്ലേ'. അമ്മ ചോദിച്ചപ്പോൾ അവൻ ഉവ്വെന്ന് തലയാട്ടി'. അടുത്ത തേങ്ങാ പറിക്കുമ്പോൾ കൊടുക്കാം. ബസ്സിന് സമയമായി നീ ഇറങ്ങ്'. അമ്മ ധൃതിവെച്ചു.

അവനെ യാത്രയാക്കുന്ന അമ്മയുടെയും അനിയത്തിയുടെയും കണ്ണുകൾ കണ്ടപ്പോൾ വെറും കയ്യോടെ തിരിച്ചു വരരുതേയെന്ന് മനമുരുകി പ്രാർത്ഥിക്കുന്നതായി അവനുതോന്നി. അവരോട് നിശബ്ദമായി യാത്രാനുമതി തേടി അവൻ വീട്ടിൽ നിന്നിറങ്ങി.

ബസ്സ്റ്റോപ്പിൽ വെച്ച് പല പരിചയക്കാരെയും കണ്ടു. എല്ലാവരോടും ഒരേ മറുപടി പറഞ്ഞ് ആരോടും അതൃപ്തി ഭാവിക്കാതെ ബസ്സ് വന്നപ്പോൾ അതിൽ കയറി അപ്പു രക്ഷപെട്ടു.

ബസ്സിലിരിക്കാൻ അപ്പുവിന് ഇടം കിട്ടി. അവന്റെ ഭാവിയെക്കുറിച്ച് അവൻ അറിയാതെ ഓർത്തുപോയി. ഈ ജോലി കൂടി കിട്ടിയില്ലെങ്കിൽ! പത്തോ പതിനായിരമോ കൊടുത്താൽ ജോലി കിട്ടുമായിരുന്നു. കൊടുക്കാൻ കയ്യിൽ പണമില്ല. ബസ്സിന്റെ നീട്ടിയുള്ള ഹോണടിയാണ് അവനെ ചിന്തയിൽനിന്നുണർത്തിയത്.

ഇന്റർവ്യൂന് പത്തിരുപത് പേരുണ്ടായിരുന്നു. എല്ലാവരുടെയും മുഖത്ത് ആശയുടെ കിരണങ്ങൾ. പേരു വിളിക്കുന്നത് ആകാംക്ഷയോടെ കാത്തിരുന്ന് കാത്തിരുപ്പിന് ഒരവസാനമെന്ന പോലെ അവന്റെ പേർ വിളിച്ചു. അപ്പു അകത്തേക്കു കയറിച്ചെന്നു.

മുടി കുറച്ചു നരച്ച് കണ്ണട ധരിച്ച ഒരു മദ്ധ്യവയസ്കനായിരുന്നു ഇന്റർവ്യു ചെയ്തത്. അദ്ദേഹം അവന്റെ സർട്ടിഫിക്കറ്റുകളെല്ലാം നോക്കി കുറെ ചോദ്യങ്ങളും ചോദിച്ചു. അവനെല്ലാറ്റിനും ഉത്തരവും നൽകി.

'നിങ്ങൾ വളരെ പെർഫെക്ടാണ് നിങ്ങളെപ്പോലുള്ള ഒരാളെയാണ് ഇവിടെയാവശ്യം. ഇക്കാലത്ത് നിങ്ങളെപ്പോലുള്ളവരെ കാണാൻ തന്നെ വിഷമം' അദ്ദേഹം അതു പറഞ്ഞപ്പോൾ അപ്പു നന്ദിയോടെ നോക്കി പുഞ്ചിരിച്ചു.

അപ്പോഴാണ് അവർക്കിടയിലിരുന്ന ഫോൺ ശബ്ദിച്ചത്. 'ഹലോ അതെ ഞാനാണ് സർ. നടന്നുകൊണ്ടിരിക്കുകയാണ് സർ, സർ, ശരി.'

അപ്പു പ്രതീക്ഷയോടെ അദ്ദേഹത്തിന്റെ മുഖത്ത് നോക്കി. പക്ഷേ നിരാശയോടെ അദ്ദേഹം പറഞ്ഞു. 'സോറി എനിക്കൊന്നു ചെയ്യാൻ കഴിയും. നിങ്ങളെയിവിടെ ജോലിക്കെടുക്കാൻ കഴിയുകയില്ല. മുകളിൽ നിന്നും വിളിച്ചു പറഞ്ഞാൽ, നിങ്ങൾ വേറെയെവിടെങ്കിലും ശ്രമിച്ചു നോക്കൂ. നിങ്ങൾക്ക് തീർച്ചയായും ജോലി കിട്ടും'.

അവൻ യാതൊരു പ്രതീക്ഷയുമില്ലാതെ നന്ദി പറഞ്ഞുകൊണ്ട് ഇറങ്ങി. അടുത്ത ആൾ ധൃതിയിൽ അകത്തേക്കു കയറിപ്പോയി പ്രതീക്ഷയോടെ.

എങ്ങോട്ട് പോകണമെന്ന് അപ്പുവിന് ഒരു നിശ്ചയവുമുണ്ടായിരുന്നില്ല. എങ്കിലും മുന്നോട്ട് തന്നെ നടന്നു. പലരുടെയും മുഖങ്ങൾ മനസ്സിൽ തെളിഞ്ഞു വന്നു. എല്ലാവരും അവനെ പരിഹസിക്കുന്നതായി തോന്നി. തിരക്കു പിടിച്ച ആ നഗരത്തിലെ തിരക്കിൽ അവനും അവന്റെ ദുഃഖങ്ങളും അലിഞ്ഞില്ലാതെയായി.

K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Moovatupuzha



അമ്പിളി പി.എസ്
എൽ 3

# ക്ഷണക്കത്ത്

**എന്റെ സൂര്യപുത്രിക്ക്,**

ഇന്നലെ നിന്റെ കത്തു കിട്ടി. ഇവിടെ എല്ലാവർക്കും സുഖം തന്നെ. അവിടുത്തെപോലെ തന്നെ ഇവിടെയും. അപ്പുവിനും കുട്ടേട്ടനും സുഖം തന്നെയല്ലേ. ഭദ്രചിറ്റ, ഇപ്പോഴും പാരലൽ കോളേജിൽ തന്നെയാണോ. ഇപ്പഴും അന്നക്കുട്ടിയെ കോടമ്പാക്കം വിളിക്കാറുണ്ടോ? എങ്കിൽ No. 20 മദ്രാസ് മെയിലിൽ പോകാമല്ലോ. ഓഗസ്റ്റ് 1ന് നീ വരണം. ഇന്ദ്രജാലത്തിലെ പടക്കുതിരയെപ്പോലെ ഇൻഹരിഹർ നഗറിൽ ഞാൻ കാത്തിരിക്കുന്നു. മണിവത്തൂരിലെ ആയിരം ശിവരാത്രിയും ഗാനമേളയും എഴുന്നള്ളത്തും കണ്ട് ഉൽസവപ്പിറ്റേന്ന് ആറാട്ടു കഴിഞ്ഞ് അലകടലിനക്കരെയും കണ്ട് ഈ മഹാനഗരമാകെ തൂവാനത്തുമ്പികളെപ്പോലെ പറന്ന് പറന്ന് പറന്ന് അലകടലിനക്കരെ വാസ്തുഹാരയിൽ പോകാം.

അന്നു നീയെനിക്കു നൽകിയ ഒരു മയിൽപ്പീലി തുണ്ടും കുറെ വളപ്പൊട്ടുകളും മനസ്സിൽ ഒരു മണിമുത്തുപോലെ ഇന്നും സൂക്ഷിക്കുന്നു. ഒരു സായാഹ്നത്തിന്റെ സ്വപ്നത്തിൽ, ഒളിയമ്പുപോലെ കക്കോത്തിക്കാവിലെ അപ്പൂപ്പൻ താടിപോലെ ഓർമ്മയിലെന്നും എല്ലാ ദിനരാത്രങ്ങളിലും തലയണമന്ത്രംപോലെ ഈ തണുത്ത വെളുപ്പാൻ കാലത്ത്, ഇലഞ്ഞിപ്പൂക്കളെപ്പോലെ നീ കടന്നു വരുന്നു.

മൂന്നു മാസങ്ങൾക്കു മുൻപ് അച്ചുവേട്ടന്റെ വീട്ടിൽനിന്നും ക്ഷണക്കത്ത് കിട്ടി. കാര്യം നിസാരം പ്രശ്നം ഗുരുതരം എന്നു പറയുമ്പോലെ ആലൗ സ്റ്റോറിയുടെ മറുപുറം കണ്ടു. ഡെയ്സിക്ക് ഗജകേസരിയോഗത്തിൽ മാലയോഗം ഏപ്രിൽ 18-ന്, മുഹൂർത്തം 11.30ന് കടമറ്റത്തച്ചന്റെ ആശിർവാദത്തിൽ, അനന്തരം ഹണിമൂൺ ഹോട്ടൽ ഹൈറേഞ്ചിൽ, പിന്നെ ഡെയ്സിക്ക് ഞാൻ ഒരു സമ്മാനം കൊടുത്തു. ഒരു പൊന്നരഞ്ഞാണവും കനകച്ചിലങ്കയും.

ഇനി വീണ്ടും എന്നെപ്പറ്റിത്തന്നെ പറയാം. ഒരു തുടർക്കഥപോലെ, വഴിയോരക്കാഴ്ച്ചയും കണ്ട് നാടോടിയെപ്പോലെ പാവം പാവം രാജകുമാരനായി. ഇരുപതാം നൂറ്റാണ്ടിന്റെ ഓടയിൽ നിന്നും സർവ്വകലാശാലയിലേക്കു കടന്നു ചെന്ന എനിയ്ക്ക് ജീവിതം ഒരു രാഗം പോലെ ആയിരുന്നുവെങ്കിലും കളിക്കളത്തിലെ പാവക്കൂത്തുപോലെ അത് താളം തെറ്റിയ താരാട്ടായി.

അനന്തനും അപ്പുക്കുട്ടനും ആനയുണ്ടെന്നും 6-ാം വാർഡിൽ ആഭ്യന്തര കലഹമാണെന്നും ഇൻസ്പെക്ടർ ബൽറാം റെയ്ഡ് നടത്തിയെന്നും ഡോ. പശുപതിയേയും കോട്ടയം കുഞ്ഞച്ചനേയും പിടിച്ചെന്നും കേട്ടു. ശരിയാണോ. ഇന്നലെ രേവതിയുടെ പാവക്കുട്ടിയുമായി കാർണിവൽ കാണാൻ പോയ മാളൂട്ടിക്ക് ആനയ്ക്കൊരുമ്മ നൽകാൻ മോഹം. പക്ഷേ മനു അങ്കിൾ സമ്മതിച്ചില്ല.

പിന്നെ നന്ദിനി ഓപ്പോളേയും CID ഉണ്ണികൃഷ്ണൻ B.A,B.Ed നേയും എന്റെ അന്വേഷണം അറിയിക്കുക. കുടുംബവിശേഷങ്ങൾ എന്തൊക്കെയുണ്ട്. ഇത് മഞ്ഞുകാലമാണ് സൂക്ഷിക്കണം. ന്യൂഡെൽഹിയിലെ കമ്മീഷണറെ ദാദ കൊന്നു. ലേഡീസ് ഓൺലിയിൽ കയറുമ്പോൾ കൈയ്യും തലയും പുറത്തിടരുത്. ശോഭരാജിനേയും മിസ്സ് പമീലയേയും റെയ്ഡിൽ പിടിച്ചു. പെരുവണ്ണാപുരത്തെ വിശേഷങ്ങൾ അറിഞ്ഞോ? ഉണ്ണികൃഷ്ണന് ജോലികിട്ടി.

മണിച്ചിത്രത്താഴ് പൂട്ടാൻ വിഷ്ണു വിയറ്റ്നാം കോളനിയിൽ നിന്നും വന്നിട്ടുണ്ട്. വിഷ്ണുവിന് പ്രിയങ്കയെ ഇഷ്ടമാണ്. പക്ഷേ ജാതകം ചേരില്ല. സാമ്രാജ്യവും സൈന്യവും ചെങ്കോലും കിരീടവും നഷ്ടപ്പെട്ട ഒരു വടക്കൻ വീരഗാഥയിലെ കടത്തനാടൻ അമ്പാടിയെപ്പോലെ, ഒരു സായാഹ്നത്തിന്റെ സ്വപ്നം പോലെ കടൽപോലെ ഇളകുന്ന മനസ്സുമായി ഞാൻ ജൈത്രയാത്ര തുടരുന്നു. പൂവിനു പുതിയ പൂന്തെന്നൽ പോലെ തോവാളപ്പൂക്കൾ പറിച്ച്, തേൻമാവിൻ കൊമ്പിൽ കയറി നടന്ന കാലം മാറി കഥമാറി. പിന്നെ നമ്മുടെ ജോണിവാക്കർ ദൈവദത്തം പോലെ കോടീശ്വരനായി.

കന്യാകുമാരിയിലൊരു കടങ്കഥപോലെ കിന്നരിപ്പുഴയോരത്ത് പവിത്രമായ മനസ്സുമായി കാത്തിരിക്കുന്ന ശ്യാമേ മിഥുനത്തിലെ വെക്കേഷന് ഞാൻ വരും. ഒരു മുത്തശ്ശിക്കഥയിലെ രാജാവിന്റെ മകനെപ്പോലെ ഈ മെയ്മാസപ്പുലരിയിൽ മധുരസ്വപ്നങ്ങൾ കണ്ട് മഞ്ഞിൽ വിരിഞ്ഞ പൂക്കളുമായി എന്റെ കാണാക്കുയിലിനെ തേടി ആയിരം കണ്ണുമായി ഞാൻ കാത്തിരിയ്ക്കുന്നു. നമുക്കു പാർക്കാൻ മുന്തിരിത്തോപ്പുകൾ ഭൂമിയിലെ രാജാക്കൻമാർ തീർത്തിരിയ്ക്കുന്നു. എന്റെ കിഴക്കുണരും പക്ഷി വരൂ നമുക്കിവിടെ ഒരു നക്ഷത്രക്കൂടാരം പടുത്തുയർത്താം.

കാലം മാറിയാലും കഥമാറിയാലും ഋതുഭേദങ്ങൾ മാറിയാലും ജൻമാന്തരങ്ങളോളം നിന്റെ വിരഹം ഇരുട്ടിന്റെ ആത്മാവിലെ നഖക്ഷതങ്ങൾ പോലെ എന്റെ ഹൃദയത്തെ കീറിമുറിക്കും. വർഷങ്ങൾ പോയതറിയാതെ ഞാൻ നിനക്കായി കാത്തിരിക്കുന്നു.

സസ്നേഹം

ടി.പി. ബാലഗോപാലൻ എം.എ
ഭാർഗവി നിലയം
ഗാന്ധി നഗർ സെക്കൻറ് സ്ട്രീറ്റ്
വിയറ്റ്നാം കോളനി
ന്യൂഡൽഹി

K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Moovatupuzha

ഗിരിഷാ എം. ജെ.
സി.2

# കുങ്കുമം ചാലിച്ച സന്ധ്യ

ആരോടോ ഉള്ള ദേഷ്യം തീർക്കാനെന്നപോലെ ഇരമ്പിക്കയറുന്ന തിരയെ നോക്കി ഞാനാകടൽതീരത്തേറെനേരം ഇരുന്നു. സമീപപ്രദേശമാകെ പൊന്നൊളി വിതറിക്കൊണ്ട് സൂര്യനസ്തമിക്കുവാൻ പോകുന്നു. അസ്തമയം കാണുവാൻ എത്തിയവർ അതേക്കുറിച്ച് വർണ്ണിക്കുന്നു. അത് പക്ഷേ, എന്റെ മനസ്സിന് അൽപംപോലും സന്തോഷമേകിയില്ല. അല്ലെങ്കിൽ ഞാനെന്തിന് സന്തോഷിക്കണം? എങ്ങനെ സന്തോഷിക്കാനാവും?

കുട്ടിയും കുറച്ചും ക്രമംതെറ്റിയ ജീവിതത്തിന് ഇനിയെങ്കിലും അടിവരയിടാതെവയ്യ. അതിനാണ് ഞാനിവിടെ, ഈ കടൽക്കരയിലെത്തിയത്. അസ്തമനസൂര്യന്റെ ചെങ്കിരണങ്ങൾ കടൽതീരത്തുനിൽക്കുന്ന തെങ്ങിൻ തലപ്പുകളെ തഴുകി അവയെ കൂടുതൽ മനോഹരമാക്കിയിരിക്കുന്നു.

ഈ സൂര്യനസ്തമിച്ചു കഴിയുമ്പോഴേയ്ക്കും എന്റെ ജീവിതവും അസ്തമിക്കണം. എന്റെ തെറ്റിന് പരിഹാരമായിത്തീരുമോ ഇത്? ഇല്ലെങ്കിലും കുറ്റബോധത്താൽ വിങ്ങുന്ന മനസ്സുമായി എത്രനാൾ ജീവിക്കും? അഥവാ ജീവിച്ചാൽതന്നെ എന്റെ ഷിബുവിന്റെ ആത്മാവ് എന്നെ വെറുതെ വിടുമോ? ഇല്ല. ഒരിയ്ക്കലുമില്ല. അതുകൊണ്ട് എനിയ്ക്കും എന്റെ ഷിബുവിന്റെ അടുത്തേയ്ക്കുപോകണം. അതിനുവേണ്ടിയാണ് ഷിബു മരിച്ച ഈ കടലിൽ, ഈ സമയത്ത് ഞാൻ വന്നത്.

- അന്ന് -

കോളേജിൽനിന്ന് ടൂർ പോകുന്ന കാര്യം പറഞ്ഞപ്പോഴേ "ഈ ടൂറിന് ഞാനില്ലെടാ" എന്ന് അവൻ പറഞ്ഞതാണ്. പക്ഷേ, എന്റെ നിർബന്ധത്തിനുവഴങ്ങി അവൻവന്നു. അവന്റെ അവസാനത്തെ ടൂറായിരുന്നു അതെന്ന് ആരും അറിഞ്ഞിരുന്നില്ല. പതിവിലേറെ ഉത്സാഹത്തോടും സന്തോഷത്തോടുംകൂടി എപ്പോഴും അവൻ എന്നോടു സംസാരിച്ചുകൊണ്ടാണിരുന്നത്. അത്തരത്തിലുള്ള ആ യാത്രയ്ക്കിടയിൽ അവന്റെ ചിരിയിലും തമാശയിലും പ്രത്യേകിച്ചൊന്നും എനിക്ക് തോന്നിയില്ല. അതുപക്ഷേ വരാനിരിയ്ക്കുന്ന ദുരന്തത്തിന്റെ മുന്നോടിയായിരിയ്ക്കുമെന്ന് ഞാനെന്നല്ല, ആരും പ്രതീക്ഷിച്ചിരുന്നില്ല.

അഞ്ചു ദിവസത്തെ പ്രോഗ്രാം. അവസാനം ഞങ്ങളെത്തിയത് കടൽതീരത്തായിരുന്നു. വണ്ടിയിൽനിന്നാദ്യം ചാടിയിറങ്ങിയത് ഞാനും ഷിബുവും ആയിരുന്നു. പഞ്ചസാരമണൽ കാലുകൊണ്ട് തട്ടിത്തെറിപ്പിച്ച് ഞങ്ങളാകടൽക്കരയിലൂടെ നടന്നു.

അന്നത്തെ അസ്തമയത്തിന് എന്തൊരു ഭംഗിയായിരുന്നു. "കുങ്കുമം ചാലിച്ച സന്ധ്യ" എന്നുപറഞ്ഞാൽ ഇതാ അല്ലേടാ"? അവനെന്നോടു ചോദിച്ചചോദ്യം ഇപ്പോഴും എന്റെ കാതുകളിൽ അലയടിയ്ക്കുന്നു. തമാശകൾ പറഞ്ഞ് പൊട്ടിച്ചിരിച്ച് സമയം പോയതറിഞ്ഞില്ല.



"നമുക്കും കടലിലിറങ്ങി ഒന്നു നീന്തിയാലോ"? എന്നു ഞാനവനോടു ചോദിച്ചപ്പോൾ "അതുവേണോ"? എന്ന മറുചോദ്യമായിരുന്നു അവന്റെ മറുപടി. ഞാനേറെ നിർബന്ധിച്ച് അവനെ വെള്ളത്തിലിറക്കി. പുറകെ ഞാനും മറ്റു കുട്ടികൾ നോക്കിനിൽക്കേ ഞാനും ഷിബുവും ആഴത്തിലേയ്ക്കുനീന്തി. "ഇനിയും ആഴത്തിലേയ്ക്കു പോകരുതേ" എന്ന് കുട്ടികൾ വിളിച്ചുപറയുന്നുണ്ടായിരുന്നു. എന്നേക്കാൾ വളരെ മുന്നിലായിരുന്നു ഷിബു. ഞാൻ വെറുതെ കരയിലേയ്ക്കൊന്നുനോക്കി. പിന്നീട് തിരിഞ്ഞുനോക്കിയപ്പോൾ ഷിബുവിനെ കാണാനില്ലായിരുന്നു! കുതിച്ചുയരുന്ന തിരയിൽ ഞാൻ വിറങ്ങലിച്ചുനിൽക്കവെ അവന്റെ ഒരു കൈ ഉയരുന്നതു ഞാൻ കണ്ടു. 'അരുത്' എന്ന് വിലക്കുകയായിരുന്നു ആ കൈ. അതെ, എന്റെ ഷിബു എന്നെ രക്ഷിക്കാൻവേണ്ടി ഉയർത്തിയതായിരുന്നു ആ കൈയ്യ്. കടലിന്റെ ആഴത്തിലേയ്ക്ക് എന്നന്നേയ്ക്കുമായി അവനെ തിരമാല തട്ടിക്കൊണ്ടുപോയിരുന്നു.

സൂര്യനസ്തമിയ്ക്കാൻ ഇനി ഏതാനും നിമിഷങ്ങൾമാത്രം. തിരമാലയായി അടിച്ചുകയറുന്ന ഈ ഉപ്പുവെള്ളത്തിൽ എന്റെ ഷിബു അലിഞ്ഞു ചേർന്നിട്ടുണ്ട്. വലിയ വലിയ തിരകളായിവന്ന് അവനെന്നോട് ദേഷ്യപ്പെടുകയില്ലേ? നീയല്ലേ എന്റെ ജീവനെ എന്നിൽനിന്ന് തട്ടിത്തെറിപ്പിച്ചതെന്ന് ചോദിക്കുകയില്ലേ? അവന്റെ ദേഷ്യമകറ്റാൻ, അവന്റെ ചോദ്യത്തിനുത്തരമായി അവനോടൊപ്പം ഞാനും പോകട്ടെ.

K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Moovatupuzha



ജിൻസി ജോസ്
എഫ് 1

# വിടരാത്ത പുഷ്പം

സൂര്യദേവന്റെ ഇളംരശ്മികൾ ജനാലയുടെ നേർത്ത ചില്ലിനുള്ളിൽ തട്ടി അകത്തു കടക്കുവാൻ വെമ്പൽ കൊള്ളുന്നു.

'ഓ... പ്ലീസ്...ഗിവ് മി എ പഫ്'

ഒരു പഫ് ഒന്നുമതി...ഒന്നു മാത്രം മതിയേ...

മയക്കുമരുന്നിനടിമയായി ഭ്രാന്താശുപത്രിയുടെ മൂകത നിറഞ്ഞ സെല്ലിൽ നിന്നുള്ള വിളി... മയക്കുമരുന്നിനു വേണ്ടി വെമ്പൽ കൊള്ളുന്ന അവളുടെ ഹൃദയത്തിന്റെ തുടിപ്പ് മുഴങ്ങി കേൾക്കുന്നു...എന്റെ മനസ്സിനെ അവളെക്കുറിച്ചുള്ള ചിന്തകൾ അലട്ടിക്കൊണ്ടിരിക്കുന്നു. താൻ ഇന്നലെ കണ്ടത് സോഫി തന്നെയായെന്ന് മനസ്സിൽ ഉരുവിടുന്നു. യാഥാർത്ഥ്യത്തെ മറികടക്കാൻ മനസ്സിനാവില്ലല്ലോ?

എന്റെ പ്രിയപ്പെട്ട കൂട്ടുകാരി - സോഫി, വിശ്വസിക്കാനാവില്ല! കൂട്ടുകാരി നിനക്ക് എവിടെയാണ് തെറ്റുപറ്റിയത്? സന്തോഷത്തിനും സുഖത്തിനുവേണ്ടി നീ എന്തൊക്കെയാണ് പ്രവർത്തിച്ചത്. എല്ലാവരാലും സ്നേഹിക്കപ്പെടണമെന്ന് വാശിയുണ്ടായിരുന്ന നീ സ്നേഹത്തിനായി പരക്കം പാഞ്ഞത് സ്വന്തം നാശത്തിലേക്കായിരുന്നുവല്ലോ?

അവളെക്കുറിച്ചുള്ള പഴയ സ്മരണകൾ എന്നിൽ തലയുയർത്തി. എന്റെ വീടിനടുത്തായിരുന്നു സോഫിയുടെ വീട്. കുട്ടിക്കാലം മുതൽക്കെ ഞങ്ങൾ കളിക്കൂട്ടുകാരായിരുന്നു. ഇണങ്ങിയും പിണങ്ങിയും ഓരോ ദിനങ്ങൾ കടന്നുപോയിക്കൊണ്ടിരുന്നു. അവൾ എന്റെ ഓട്ടോഗ്രാഫിൽ ഇങ്ങനെ എഴുതി 'എടി ഫിലോ, ജീവിതമാകുന്ന പൂവിൽ പൂമ്പാറ്റകളാകുന്ന നമ്മൾ വന്നിരിക്കുമ്പോൾ പൂമ്പൊടിയിലെ തേൻ പകരുവാൻ മറക്കരുതേ'യെന്ന്. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞതോടെ ഞങ്ങൾ കോളേജ് വിദ്യാഭ്യാസത്തിനായി രണ്ടു വഴിക്ക് പിരിഞ്ഞു.

ആദ്യമൊക്കെ മാസത്തിലൊരു ലെറ്റർ വച്ചൊക്കെ വരുമായിരുന്നു. പിന്നെ അതും നിന്നു. ഞാൻ അങ്ങോട്ടയച്ചെങ്കിലും മറുപടി ഉണ്ടായിരുന്നില്ല. പിന്നെ അതും നിർത്തി. അവളുടെ ഡാഡി സ്ഥിരം മദ്യപാനിയായിരുന്നു. അതോടൊപ്പം മയക്കുമരുന്നിന് അടിമയായിരുന്നു. അയാൾ ലഹരിക്ക് അടിമപ്പെട്ട് മമ്മിയെ മർദ്ദിക്കുന്നതിന്റെ ഓരോ രംഗങ്ങളും അവൾ എന്നോട് പറയുമായിരുന്നു. സഹികെട്ടപ്പോൾ അവളുടെ മമ്മി ജീവിതത്തോട് വിടപറഞ്ഞു, ആത്മഹത്യയിലൂടെ... ആരാലും സ്നേഹിക്കപ്പെടാതിരുന്ന അവൾക്ക് താൻ താങ്ങും തണലുമായിരുന്നുവല്ലോ?

അവളുടെ ഡാഡിയുടെ രണ്ടാം വിവാഹത്തോടെ സ്ഥിതിയാകെ മാറി. പിന്നീടവൾക്ക് വേദനാജനകമായ ദിനങ്ങളായിരുന്നു. രണ്ടാനമ്മയുടെ പീഡനങ്ങൾ, എണ്ണിയെണ്ണി എന്നോട് പറഞ്ഞ് കരയുമ്പോൾ ഞാൻ അവളെ എനിക്ക് കഴിയുംവിധം ആശ്വസിപ്പിക്കുമായിരുന്നു. പിന്നെ അവൾ സ്വയം നിയന്ത്രിക്കുന്നതുപോലെ പറയും 'എടി ഫിലോ, നീയാണ് എനിക്കെല്ലാം'

കുറെ വർഷങ്ങൾ കടന്നുപോയി. എനിക്ക് നഗരത്തിലെ ഒരു മനോരോഗാശുപത്രിയിൽ ഡോക്ടറായി ജോലി കിട്ടിയ ആദ്യദിവസം ആശുപത്രി പരിസരവും, അഡ്മിറ്റ് ചെയ്തിരിക്കുന്ന രോഗികളെയും കണ്ട് നടക്കുമ്പോൾ എവിടെ നിന്നോ ഒരു വിളി കേട്ടു 'എടീ ഞാനിവിടെയുണ്ട്' പിന്നെ ഒരു അട്ടഹാസം, അതു ഒരു തേങ്ങലായി മാറി. ആദ്യം മനസ്സിലാക്കാൻ ബുദ്ധിമുട്ടേണ്ടിവന്നു. ശ്രമിച്ചുനോക്കി പിന്നെ...പിന്നെ...ഹോ...എന്റെ സോഫി, എന്റെ പ്രിയപ്പെട്ട കൂട്ടുകാരി!

പിന്നീട് അവളെക്കുറിച്ച് അന്വേഷിച്ചപ്പോഴാണ് അറിഞ്ഞത് - സോഫിയെ ഈ രൂപത്തിൽ ആക്കി തീർത്തത് കോളേജിലെ അവളുടെ കൂട്ടുകാരികളാണെന്ന്. അവർ അവളെ മയക്കുമരുന്നിനും മദ്യത്തിനും അടിമയാക്കി, അവളെ അങ്ങനെ ഉല്ലാസവതിയാക്കി തീർത്തു. അവളുടെ ഡാഡി വീട്ടിൽ സൂക്ഷിച്ചിരിക്കുന്ന മദ്യവും മയക്കുമരുന്നും അവളുടെ കാര്യങ്ങൾ നടക്കുവാൻ എളുപ്പമുള്ളതാക്കിതീർത്തു. അങ്ങനെയാണ് ഇപ്പോൾ ഭ്രാന്താശുപത്രിയുടെ ഏകാന്തസെല്ലിനുള്ളിൽ കഴിയേണ്ടിവന്നത്. അവളോടൊത്ത് സഹതപിക്കാൻ കൂട്ടുകാരുമില്ല, ഡാഡിയുമില്ല.

ഇവൾ പഠിച്ച് അഭിമാനത്തോടെ ജയിച്ചിറങ്ങി ഈ നാടിന്റെ അന്തസ്സിനുവേണ്ടി പ്രവർത്തിക്കേണ്ടവളല്ലേ? ഇവൾ ഇതാ ചുരുണ്ട മുടിയാകെ ജടപിടിച്ച് ചോര കെട്ടി, എല്ലും തോലുമായി, കീറിപറിഞ്ഞ ഉടുപ്പും ധരിച്ച് ഭ്രാന്താശുപത്രിയുടെ അഴികൾ പിടിച്ചു കുലുക്കി അലറികൊണ്ടു നിൽക്കുന്നു...

ഇവളോടൊത്ത് സഹതപിക്കുകയല്ലാതെ എനിക്ക് എന്തുചെയ്യാൻ സാധിക്കും?

വിടരാത്ത പൂവിന് സുഗന്ധം പരത്താൻ കഴിയില്ലല്ലോ? വിടർന്ന പൂവിനേപോലെ സുഗന്ധം പരത്തേണ്ടവളല്ലേ ഇവൾ? ഈ രാഷ്ട്രത്തിന്റെ ക്ഷേമത്തിന് ഗണ്യമായ സംഭാവനകളർപ്പിക്കേണ്ട എത്രയോ യുവതലമുറക്കാരാണ് മയക്കുമരുന്നുസേവയിലൂടെ ഭാവിയുടെ ഭീഷണികളാകുന്നത്? എന്റെ മനസ്സ് എന്നെ ചിന്താ നിമഗ്നയാക്കി.



K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Moovatupuzha



*Biju George*
*K3*

# THE MIRACULOUS PITCHER

Long ago, in far away country Old Philomeon was reeling on a chair by the window after supper. His wife Bancis sat on the floor beside him knitting. They loved each other extremely and nothing in the world troubled them. They were very poor and had no children.

They received the travellers who sought hospitality among the villagers, but were driven away. The old couple had taken their supper and they had very little to serve their guests. However they were ready to give anything at hand to the guest. Making an apology, old Baucis served the frugal fare for them. She served them milk from a moderately sized earthern pitcher. Having emptied the bowl of milk from the pitcher there was scarcely a drop left in the pitcher. But Quick Silver, one of the travelers demanded milk for a second time. She revealed her helplessness. Quick Silver, taking the pitcher by the handle, suggested that there was milk in the pitcher and filled not only his own bowl but his companion likewise. The good woman scarcely believed her eyes.

At the command of Quick Silver she took the pitcher again and served them milk. She found that something



mysterious in the happening. She told her husband what she had seen. To make it sure when they asked for more milk, old Philomeon took the empty pitcher to serve them. As he was about to serve he saw a little white fountain gushing up from the bottom of the pitcher. Old Philomeon asked them whether they were wonder working strangers. The elder traveler replied they were their friends and blessed them and their pitcher for the needy thereafter.

Having taken the supper they rested. When morning came old Baucis and her husband Philomeon accompanied the strangers, a little from their door. The strangers were beginning to go, but before they departed they blessed the old couple with a beautiful palace, a happy life together and a happy death for them in the end.

The evil people of the village were given a lesson and their village was changed into a beautiful lake and the villagers were changed into fish of the lake. Thus Old Philomeon and his wife were given the boon to live together and leave the world at the same time when they die, for their hospitality.

K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Moovatupuzha

*With best compliments from*

# Hotel Vyshali

(Bar attached) Phone 22467

THODUPUZHA

# Papootty Hall

(A/c Bar attached) Phone 22312

THODUPUZHA

*Our spectily :- out door and Indoor catteing services*

# Hotel ocean king

(A/c Bar attached) Phone 232240

THOPPUMPADY

# Hotel Iswary Complex

(A/c Bar attached) Phone 22045

VAIKOM



# സിഗാ സ്റ്റഡി സെന്റർ

(ലാബ് അറ്റാച്ച്ഡ്) Ph. 23208

സഹകരണ ആശുപത്രിക്ക് സമീപം

തൊടുപുഴ

- ട്യൂഷൻ ക്ലാസ്സുകൾ: P.D.C, V.H.S.E, B.A, B.Sc. & B. Com.
- P.D.C & V.H.S.E (SEPT & MARCH) ബാച്ചുകൾ
- Spoken English
  പാരലൽ ബാച്ച്
- M.A ENGLISH (കാമരാജ് യൂണിവേഴ്സിറ്റി)
  (11nd class ഗാരന്റി)

**M.B.B.S & ENGG, Long & Short Term**
**എൻട്രൻസ് കോച്ചിംങ്ങ് ക്ലാസ്സുകൾ.**

ഡയറക്ടർ



Best Compliments from

# M/S KAVALAKKATTU BROS

## Hardware Dealer

Market Road, Thodupuzha
Phone, Shop 22540
Resi. 55240



കല്യാണക്കുറികൾക്ക്

# പീലിയാനിക്കൽ

എൻറർപ്രൈസസ്,

## പ്രസ് & പേപ്പർ മാർട്ട്

ജ്യോതി ബസാർ തൊടുപുഴ
Phone 22448, Res. 23248

Branch: പ്രിയാ പ്രിന്റേഴ്സ്
പാലാ റോഡ്, തൊടുപുഴ.

# സ്റ്റാർ അലുമുനിയം ഫേബ്രിക്കേറ്റിംഗ് കമ്പനി

മാർക്കറ്റ് റോഡ് തൊടുപുഴ

എല്ലാവിധ അലുമിനിയം ഫേബ്രിക്കേഷൻ ജോലികളും
ഉത്തരവാദിത്തത്തോടെ കൃത്യസമയത്ത് ചെയ്ത് കൊടുക്കുന്നു.

N.B. അലുമിനിയം ഫേബ്രിക്കേഷൻ കോഴ്സിന് അഡ്മിഷൻ തുടരുന്നു.

---

ആശംസകൾ

# പുളിമൂട്ടിൽ ജൂവലേഴ്സ്

പാലാ റോഡ്–തൊടുപുഴ
Phone:23231

---

ഇടുക്കി ജില്ലയിലാദ്യമായി കേന്ദ്ര. ഗവ.

## DOEACC

**'O' LEVEL COMPUTER COURSES**

OPROV 488 **BASE**

College of Computer Science
Opp.New Pvt. Bus Stand
THODUPUZHA - KERALA.




PRE DEGREE I & II GROUP, B.Sc I & II YEAR
MATHEMATICS SUB & MAIN, PHYSICS, STATISTICS. SPECIAL TUITION FOR PRE- DEGREE MATHEMATICS

# ചാംസ്

THODUPUZHA PHONE : 23514

# ഡാംസൽ

(Govt. Approved)

**മോട്ടോർ ഡ്രൈവിംഗ് സ്കൂൾ**
**തൊടുപുഴ ഫയർ സ്റ്റേഷനു സമീപം**

Light, A/R, and Heavy വാഹനങ്ങളിൽ Driving പഠിപ്പിച്ച് Licence എടുത്തു കൊടുക്കുന്ന പ്രമുഖ സ്ഥാപനം. കൂടാതെ Auto Consulting Work നും സമീപിക്കുക.

Ladies -നു Driving പഠിക്കുവാൻ പ്രത്യേക സൗകര്യമുള്ളതാണ്.

ഫോൺ 23635



# ആൽബ ഇലക്ട്രോണിക്സ്



**പഴയ മുനിസിപ്പൽ ബസ്സ്റ്റാൻറ്, തൊടുപുഴ**

വിവിധ കമ്പനികളുടെ വാച്ചുകൾ, ക്ലോക്കുകൾ, ടൈംപീസുകൾ,
റേഡിയോ, ടേപ്പ് റിക്കോർഡർ, എമർജൻസി ലാമ്പുകൾ,
ടെലിഫോൺ, ടാപ്പിംഗ് ലൈറ്റ്
ഓഡിയോ കാസറ്റുകൾ തുടങ്ങിയവയുടെ അംഗീകൃത വിതരണക്കാർ

**N.B.** സെയിൽസ് & സർവ്വീസ്


## UNION INAUGURATION



*Inaugural Address*
*Kunjunni Master*



*Felicitation*
*Dr. O.M. Anujan*



*Inauguration*



*Prof. M.C. John*
*Principal*



*Jobison Jacob*
*Presidential Address*

# UNION INAUGURATION FELICITATIONS



*Fr Paul Nedumpuram*
*Burzar*



*Prof. M.M. George*
*Staff Advisor*



*Priya*
*Vice Chairman*



*Ganamela by*
*Sandhesh Orchestra*



*Audience*



*Gigu Thomas*
*Editor*



*Mujeeb T.M.*
*Senate Member &*
*Debating Club Sec.*



*Mathew M. Manjeri*
*All India Intervarsity*
*Silver Medalist*
*(Walking)*

# Congratulations !!



*Beena John*
*All India Interversity*
*Bronze Medalist*

*(Walking)*



*Simi Mathew*
*All India Amature*
*Athelitic meet Silver*
*Medalist*

*(Walking)*

## N.S.S. Volunters Secretaries


*Manoj Kumar P.K.*


*Gigimol Nair*


*Antony Jose*

## N.C.C.


*Sreekanth S.*
*SU/O*


*Babu Paul*
*U/O*


*Peter C. Joseph*
*U/O*


*Anish M Mannoor*
*U/O*


# CHOICE MARRIAGE BUREAU
MARKET ROAD, THODUPUZHA

# CHOICE FANCY
*Stationaries, Ladies items, and Toys.*

ERNAKULAM JOS BROTHERS
DRY CLEANING COLLECTION POINT

---

Phone Res. 04862-73033

SHARP
E.N.G.I.N.E.E.R.I.N.G.S.

MOUNT SINAI ROAD, THODUPUZHA

**Mfrs. of Rubber, Rolling Shutters,**
**Collapsibile Gate**
**Gate, Grills and All other Iron Works**

# തൃപ്തി

## ലേഡീസ് സെന്റർ

(പഴയ ബസ്സ്റ്റാന്റ് ബിൽഡിംഗ്)
തൊടുപുഴ

ഗാരന്റി ആഭരണങ്ങൾ, ലേഡീസ് ഐറ്റംസ്, ഫാൻസി, ക്രോക്കറി,
പ്രസന്റേഷൻ സെറ്റുകൾ, കളിപ്പാട്ടങ്ങൾ, പ്ലാസ്റ്റിക് ഐറ്റംസ് etc.

---

## സെന്റ് ജോർജ് (അക്വീനാസ്) കോളേജ്

മുതലക്കോടം

സ്ഥാപിതം 1974 PHONE-22804

മുതക്കോടം പള്ളിയുടെ മേൽനോട്ടത്തിൽ നടത്തുന്ന സെന്റ് ജോർജ് കോളേജ് രണ്ടു ദശാബ്ദക്കാലമായി അ… ടംഖവും ഉന്നത വിജയ നിലവാരവും പുലർത്തി വരുന്നു. ഒന്നാംവർഷ P.D.C മൂന്നും നാലും ഗ്രൂപ്പുകളും B.Com ക്ലാ… കളും യഥാസമയം ആരംഭിക്കുന്നതാണ്. അനേകരുടെ അഭ്യർത്ഥന മാനിച്ച് P.D.C തോറ്റ കുട്ടികൾക്ക് ഈ വർഷം മു… സ്പെഷൽ ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്.

മാനേജർ
മുതലക്കോടം പള്ളിവികാരി
പ്രിൻസിപ്പാൾ

---

റെഡിമെയിഡ് വസ്ത്രങ്ങൾക്ക്

## വാക്കണ്ടം
## സെലക്ഷൻസ്

മാർക്കറ്റ് റോഡ്–തൊടുപുഴ

---

### THE SHORTEST DISTANCE TO A JOB

Prepare for a job in Travel Agencies, Airlines Hotels, Restaurants, Motels and in other areas of Hospitality Industry.
Take one course at

**Founders**
SCHOOL OF MANAGEMENT STUDIES

SREE KRISHNA TEMPLE ROAD
THODUPUZHA 685 584 ✆ P.P. (04862) 3389


# Nominated Members



*Shibu K. M.*
*Sports Club*



*Anil K.P.*
*Quiz Club*



*Cristopher Augustine*
*Agriculture Club*



*Raju K. Sebastian*
*Film Club*



*Manoj M.K.*
*SC/ST*

# Thilakam, Prathibha, Champion
# Best Camper



*Suresh A.R.*
*Kalaprathibha*



*Nithi Raj*
*Kalathilakam*



*Simi Stephen*
*Champion*



*Ginv George*
*Best Camper*



*Fiby Abraham*
*Best Camper*

# SPORTS DAY



*Welcome to Shiny Wilson*



*March past*



*Inauguration by*
*Shiny Wilson*



*Shibu K.M.*
*Sports Club Sec.*



*Two Wheelar Fancy Dress*

## TEAM PHOTOS



*Volly ball*



*Basket ball*



*Foot ball*



*Hockey*



*Athletics*


Parallel calasses for

**B. Sc. & M. Sc. (Maths)**

(കേരള/കാലിക്കട്ട്)

Tuition classes for

**Pre-degree (1, 11, 111, 1v groups)**

**B. Sc; B.A; B. com.,MSc. Maths For All subjects)**

# Nova Career Academy

Manakad Road
and
Mangattu Kavala
Thodupuzha
**(a centre for education and Career Development)**

Coaching classes in full swing
First and second Pre.Degree
Maths, Physics, Chemistry and English
BSc. Maths, Statistics and Physics
B.S.R.K. and L.I.C. Tests

Director
Prof. T.S. Chacko

---

ആശംസകൾ

22ct സ്വർണ്ണാഭരണങ്ങൾക്ക്

# വെള്ളിയേപ്പള്ളിൽ ജ്വല്ലറി

## പാല

Phone 212100


## COLLEGE DAY



*Warm welcome to the guests*



*Inaugural Address*
*Vijayalakshmy*



*Inauguration*



*Felicitation by*
*R. Gopalakrishnan*



*Audience*

# സ്വയംതൊഴിൽ കണ്ടെത്തൽ കേരളത്തിലെ സാധ്യതകൾ

പി.ജെ. ജോസഫ്
പി.പി. തങ്കച്ചൻ
കെ.വി. സുരേന്ദ്രനാഥ്

*പി.ജെ. ജോസഫ്*
*മുൻമന്ത്രി*

## സ്വയം തൊഴിൽ കണ്ടെത്തൽ: കേരളത്തിലെ സാധ്യതകൾ



**കേ**രളത്തിലെ രൂക്ഷമായ തൊഴിലില്ലായ്മപ്രശ്നം പരിഹരിക്കാൻ ഇക്കാലമത്രയുമുള്ള പരിശ്രമങ്ങൾ ഫലമണിഞ്ഞിട്ടില്ല. വ്യവസായരംഗം മുരടിച്ചുനിൽക്കുന്നു. കാർഷികരംഗത്തും ഉത്പാദനവും ഉത്പാദനക്ഷമതയും കുറഞ്ഞിരിക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നുള്ളതാണ് ഏറ്റവും മുഖ്യമായിട്ടുള്ള ഘടകം. ഈ ഉത്തരവാദിത്തം ഗവൺമെൻറ് ഏറ്റെടുക്കണം. അടിസ്ഥാന സൗകര്യങ്ങളിൽ ഒന്നാമത്തേതായിട്ടുള്ളത് വൈദ്യുതിയുടെ ലഭ്യതയാണ്. Load Shedding ഉം Power Cut ഉം ഇല്ലാതെ മതിയായ വോൾട്ടേജിൽ വൈദ്യുതി ലഭ്യമാക്കുക. മുടങ്ങാതെ വൈദ്യുതി ലഭ്യമല്ലാത്ത ഒരുസ്ഥലത്ത് ആർക്കും വ്യവസായങ്ങൾ ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ കഴിയില്ല. 2000-ാം മാണ്ടാകുമ്പോഴേക്കും വൈദ്യുതിയുടെ ലഭ്യത കേരളത്തിൽ ഇന്നുള്ളതിൻെറ 60% കണ്ടെങ്കിലും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. അതുപോലെതന്നെ റോഡ്, റെയിൽവേ, വൈദ്യുതി, വെള്ളം തുടങ്ങിയ സൗകര്യങ്ങളും ലഭ്യമാക്കണം. വികസനോമുഖമായ ഒരു നികുതി നയവും അവലംബിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ വ്യവസായ സംരംഭകരിൽ ചിലരുമായി ബന്ധപ്പെട്ടപ്പോൾ വ്യവസായവികസനത്തിന് തടസ്സമായി അവർ പറഞ്ഞ മുഖ്യമായ കാരണം ഇവിടുത്തെ നികുതി നയമാണ്. സംരംഭകരെ ഏതെങ്കിലും തരത്തിൽ ബുദ്ധിമുട്ടിക്കുന്ന ബ്യൂറോക്രസി കേരളത്തിലെ വ്യവസായരംഗത്ത് ഏറ്റവും വലിയ ഭീഷണിയാണ്. ഗുജറാത്ത് Govt. അടുത്തകാലത്ത് Sales Taxൻെറ കാര്യത്തിൽ വളരെ ഉദാരമായ ഒരു സമീപനം സ്വീകരിച്ചിരിക്കുകയാണ്. കേരളത്തിലുള്ളതിൻെറ ഏതാണ്ട് മൂന്നിരട്ടി ആനുകൂല്യങ്ങളാണ് പുതിയ സംരംഭകർക്ക് Sales tax ഇളവിൻെറ കാര്യത്തിൽ ഗുജറാത്ത് Govt. ചെയ്തിരിക്കുന്നത്. ഗുജറാത്തിലോ ഹരിയാനയിലോ, മഹാരാഷ്ട്രയിലോ ഉദ്പാദിപ്പിക്കുന്ന വസ്തുക്കൾ കേരളത്തിൽ എത്തിക്കുവാൻ എട്ടോ പത്തോ ദിവസങ്ങൾ മതിയാകും. അവിടെ വളരെ കുറച്ചുനികുതി കൊടുക്കേണ്ട ഉത്പന്നങ്ങളോട് നികുതി വളരെയേറെ കൊടുക്കേണ്ട കേരളത്തിലെ ഉത്പന്നങ്ങൾക്ക് മത്സരിക്കുക എളുപ്പമല്ല. കേരളത്തിനുള്ളിലോ ഇതര സംസ്ഥാനങ്ങളിലോ എത്തിച്ച് വിറ്റഴിക്കാൻ ബുദ്ധിമുട്ടാകുന്ന ഒരു സാഹചര്യം കേരളത്തിലെ നികുതി നയം വഴിഉണ്ടായിട്ടുണ്ട്. തൊഴിൽ രംഗത്തെ സംബന്ധിച്ചും പരാതിയുണ്ട്. പക്ഷെ ആ രംഗത്ത് വളരെയേറെ മാറ്റങ്ങൾ കേരളത്തിലുണ്ടായിട്ടുണ്ട്. ഇരിക്കുന്ന കമ്പ് അറക്കുന്ന ഒരു നയം തൊഴിലാളി സംഘടനകൾ അനുവർത്തിക്കുകയില്ല. എന്നൊരു ശക്തമായ തീരുമാനത്തോടെ മാത്രമേ കേരളത്തിലേക്ക് വ്യവസായങ്ങളെ കൂടുതലായി ആകർഷിക്കാൻ കഴിയുകയുള്ളു. വികസനോൻമുഖമായ ഒരു നികുതി നയം കേരളത്തിൻെറ വ്യവസായ വികസത്തിന് അനുപേക്ഷിതമാണ്. വ്യവസായ സംരംഭകരുടെ ഒരു കുറവ് കേരളത്തിൽ പരമ്പരാഗതമായിത്തന്നെയുണ്ട്. മറ്റു പലസംസ്ഥാനങ്ങളിലും പുതിയ പുതിയ സംരംഭങ്ങൾ തുടങ്ങുവാൻ അഭ്യസ്തവിദ്യരായ ധാരാളം ചെറുപ്പക്കാർ മുന്നോട്ടുവ

> *ശമ്പളം കിട്ടുന്ന ഏതെങ്കിലും ജോലി ചെയ്യുന്നതാണ് നമ്മുടെ യുവാക്കൾക്ക് താൽപര്യം. അതുകൊണ്ട് സാഹസികമായി വ്യവസായ രംഗത്തേക്ക് പുതിയ സംരംഭങ്ങൾ തുടങ്ങുവാനായി കടന്നുവരുന്ന ചെറുപ്പക്കാരുടെ എണ്ണം താരതമ്യേന കുറവാണ്*

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Moovatupuzha

രുമ്പോൾ കേരളത്തിലെ യുവജനങ്ങളുടെ സമീപനം വ്യത്സ്തമാണ്. ശമ്പളം കിട്ടുന്ന ഏതെങ്കിലുംജോലി ചെയ്യുന്നതാണ് നമ്മുടെ യുവാക്കൾക്ക് താൽപര്യം. അതുകൊണ്ട് സാഹസികമായി വ്യവസായ രംഗത്തേക്ക് പുതിയ സംരംഭങ്ങൾ തുടങ്ങുവാനായി കടന്നുവരുന്ന ചെറുപ്പക്കാരുടെ എണ്ണം താരതമ്യേന കുറവാണ്. ഇതു പരിഹരിക്കുവാൻ ദീർഘകാലാടിസ്ഥാനത്തിലും അതുപോലെ ഹ്രസ്വകാലാടിസ്ഥാനത്തിലും പദ്ധതികളും പരിപാടികളും ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

നന്നേ ചെറുപ്പത്തിലേതന്നെ തൊഴിൽ പരിശീലനം നൽകിയാൽ ഈ രംഗത്തിന്നത്തെ അവസ്ഥക്ക് കുറെയൊക്കെ മാറ്റം വരുത്താൻ കഴിയും. അഭിരുചിക്കനുസരിച്ച് വിവിധ മേഖലകളിലേക്ക് കുട്ടികളെ തിരുച്ചുവിടാനും അവിടെയെല്ലാം പ്രായോഗിക പരിശീലനം നൽകാനും ഉതകുന്ന ഒരു വിദ്യാഭ്യാസരീതി നാം അവലംബിക്കേണ്ടിയിരിക്കുന്നു. അതുപോലെതന്നെ തെരഞ്ഞെടുക്കുന്ന മേഖലകളിൽ വളരെ ചിട്ടയായ പരിശീലനവും വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു. അതുപോലെതന്നെ പരീക്ഷക്ക് കൂടുതൽ മാർക്ക് നേടുവാൻ കഴിയുന്ന രീതിയിൽ കുട്ടികളെ വിദ്യ അഭ്യസിപ്പിച്ചിട്ടു കാര്യമില്ല. കൈകൊണ്ടെന്തെങ്കിലും ചെയ്യുവാനുള്ള ഒരു പരിശീലനം. അതുപോലെതന്നെ ഏർപ്പെടുവാൻ പോകുന്ന മേഖലകളെ സംബന്ധിച്ച് വളരെ വ്യക്തമായ ഒരു പരിശീലന പരിപാടിയും ആവിഷ്കരിച്ചു നടപ്പാക്കണം. അതോടൊപ്പം പുതിയ സംരംഭങ്ങൾ തുടങ്ങുവാൻ ബന്ധപ്പെടുന്നവർക്ക് ഒരുക്കിക്കൊടുക്കേണ്ട മറ്റു സൗകര്യങ്ങൾ. സ്വന്തം പോക്കറ്റിലെ പണമെടുത്ത് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നവരല്ല ഇന്ത്യയിലുള്ളത്. കുറച്ചു മൂലധനം സ്വന്തമായ കണ്ടെത്തണം. എന്നാൽ മുതൽ മുടക്കിന്റെ മുഖ്യഭാഗം ബാങ്കിംഗ്, ധനകാര്യ സ്ഥാപനങ്ങളിൽനിന്നാണ് കണ്ടെത്തേണ്ടിയിരുക്കുന്നത്. അങ്ങനെ ആവശ്യത്തിനുമാത്രം വായ്പ ലഭ്യമാക്കുക. ആ വായ്പതന്നെ കുറഞ്ഞപലിശക്ക് ലഭ്യമാക്കുക. ഇതുരണ്ടും ഒപ്പംവന്നാലെ കാര്യമുള്ളു. ഇന്ന് ഇന്ത്യക്ക് മ



റ്റുരാജ്യങ്ങളുമായിത്തന്നെ മത്സരിക്കേണ്ടിവരുന്നു. പുതിയ സാമ്പത്തിക നയങ്ങളുടെ പശ്ചാത്തലത്തിൽ വിദേശനിർമ്മിത സാധനങ്ങൾ ധാരാളം നമ്മുടെ രാജ്യത്തേക്ക് ഇറക്കുന്നു. വിദേശനിർമ്മിത സാധനങ്ങളുമായി മത്സരിക്കണമെങ്കിൽ നല്ല ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ ഉണ്ടാകണം, രണ്ട് കുറഞ്ഞവിലയ്ക്ക് നൽകുവാനും. സാധ്യമാകണം. വ്യവസായ സംരംഭകരെ തുറിച്ചുനോക്കുന്നു അല്ലെങ്കിൽ അവർക്ക് ഭീഷണി നിലനിർത്തുന്ന ഒരു പ്രധാനകാര്യം ഇവിടെ വായ്പകൾക്കുള്ള അന്യായമായ പലിശയാണ്. ഇതര രാജ്യങ്ങളിൽ വികസിത രാജ്യങ്ങളിൽ 7.5, എട്ടുശതമാനം പലിശയ്ക്ക് വായ്പ ലഭിക്കുമ്പോൾ ഇന്ത്യയിൽ അല്ലെങ്കിൽ കേരളത്തിൽ ഈ പലി

*അനുബന്ധ*
*വ്യവസായങ്ങൾ ചെറിയ*
*ചെറിയ യൂണിറ്റുകളായി*
*വികേന്ദ്രീകരിക്കുക.*
*അപ്പോൾ അനുബന്ധ*
*വ്യവസായങ്ങളിൽ*
*നിർമ്മിക്കുന്ന വസ്തുക്കൾ*
*മുഖ്യവ്യവസായത്തിന്റെ*
*ഘടകങ്ങളായി*
*മാറുന്നതുകൊണ്ട്*
*അവയ്ക്ക്*
*വിപണികണ്ടെത്തുക*
*ദുഷ്കരമല്ല.*

ശനിരക്ക് 16-17% നിൽക്കുന്നു. ഇരട്ടി പലിശക്ക് പണം കടമെടുത്ത് മറ്റുള്ളവരുമായി മത്സരിക്കുക എളുപ്പമല്ല. അതുപോലെതന്നെ വിദേശങ്ങളിൽനിന്നും ഇഷ്ടംപോലെ സാധനങ്ങൾ ഇറക്കുമതിചെയ്യാൻ അനുവദിച്ചാൽ ഇന്ത്യയിലെ സാധനങ്ങൾക്ക് പിടിച്ചു നിൽക്കാൻ ബുദ്ധിമുട്ടുണ്ടാവും. നികുതിയിതര നിയന്ത്രണങ്ങൾ ഇന്നു വിദേശരാജ്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

അതുപോലെതന്നെ ഇന്ന് വിദേശ രാജ്യത്തുനിന്നും ഇവിടെയെത്തുന്ന ഉത്പന്നങ്ങൾക്ക് വിലനിയന്ത്രണവും നമ്മുടെ Govt. ഏർപ്പെടുത്തിയാൽ മാത്രമേ സംസ്ഥാനങ്ങളിലും വ്യവസായങ്ങൾ വളരുകയുള്ളു; സ്വയം തൊഴിൽ കണ്ടെത്താൻ ആഗ്രഹിക്കുന്ന ചെറുപ്പക്കാർക്ക് ആത്മവിശ്വാസത്തോടുകൂടി രംഗത്തേക്ക്വരുവാൻ സാധിക്കുകയുള്ളു. വിപണികണ്ടെത്തുക ഒരു മുഖ്യമായ പ്രശ്നംതന്നെയാണ്. അതിനവലംബിക്കാവുന്നമാർഗ്ഗം ചില വ്യവസായങ്ങൾക്ക് കേന്ദ്രീകൃതമായി നടത്തുക. അനുബന്ധ വ്യവസായങ്ങൾ ചെറിയ ചെറിയ യൂണിറ്റുകളായി വികേന്ദ്രീകരിക്കുക. അപ്പോൾ അനുബന്ധ വ്യവസായങ്ങളിൽ നിർമ്മിക്കുന്ന വസ്തുക്കൾ മുഖ്യവ്യവസായത്തിന്റെ ഘടകങ്ങളായി മാറുന്നതുകൊണ്ട് അവയ്ക്ക് വിപണികണ്ടെത്തുക ദുഷ്കരമല്ല. പ്രധാന വ്യവസായം അല്ലെങ്കിൽ കേന്ദ്രീകൃത വ്യവസായം നടത്തുന്ന ആൾക്ക് പരസ്യങ്ങൾനടത്തുവാനും അതുപോലെ വിപണി വിപുലമാക്കുവാനുമുള്ള ഏർപ്പാടുകൾ ചെയ്തുകൊടുക്കണം. പല വ്യവസായങ്ങളും അത്തരത്തിൽ തുടങ്ങുവാൻ നമുക്കുകഴിയും. സൈക്കിൾ നിർമ്മാണം, പലതരത്തിലുള്ള എൻജിനിയറിംഗ് ഉത്പന്നങ്ങൾ, ഇതൊക്കെ ഇങ്ങനെ വികേന്ദ്രീകൃതമായി അനുബന്ധവ്യവസായങ്ങൾ തുടങ്ങുവാൻ സാധിക്കും. ഇലക്ട്രോണിക്സ് രംഗത്ത് ഇത് സാധ്യമാണ്. ഇത്തരത്തിലുള്ള ഒരു വ്യവസായ ശൃംഖല കെട്ടിപ്പടുത്താൽ ചെറുകിട യൂണിറ്റുകൾക്ക് തങ്ങളുടെ ഉത്പന്നങ്ങൾ എളുപ്പം വിറ്റഴിക്കാൻ കഴിയും എന്നുള്ളത് ശ്രദ്ധേയമാണ്. കേരളത്തിൽ വ്യവസായം തുടങ്ങുവാൻ രംഗത്തുവരുന്ന ചെറുപ്പക്കാർക്ക് മൂലധനത്തിന്റെ പ്രശ്നമല്ല, പ്രധാനമുള്ളത്, വർക്കിംഗ് ക്യാപിറ്റവും വലിയ

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Moovatupuzha

പ്രശ്നംതന്നെയാണ്. വ്യവസായങ്ങൾ തുടങ്ങിക്കഴിയുമ്പോൾ അത് നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമായ പ്രവർത്തനമൂലധനം നൽകുന്നതിനും ബാങ്കുകൾ പലപ്പോഴും വിമുഖതകാണിക്കുന്നു. പ്രാരംഭദശയിലുള്ള യൂണിറ്റുകൾക്ക് ആവശ്യമായ വർക്കിംഗ് ക്യാപിറ്റൽ കണ്ടെത്തുവാൻവേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു.



വ്യവസായ രംഗംപോലെതന്നെ പ്രാധാന്യമുള്ള രംഗമാണ് കാർഷികരംഗം. ഇന്ത്യയിലും കേരളത്തിലും തൊഴിലാഗ്രഹിക്കുന്ന ഒരു നല്ലശതമാനം ചെറുപ്പക്കാർക്ക് കാർഷിക മേഖലയിൽ തൊഴിൽ കണ്ടെത്തുവാൻ കഴിയും. പരമ്പരാഗതമായ കൃഷികളിൽമാത്രം ഒതുങ്ങിനിൽക്കാതെ പുതിയ പുതിയ സംരംഭങ്ങളിലേക്ക് അവർ കടന്നുവരണം. അങ്ങനെയുള്ള ചിലമേഖലകൾ എടുത്തു പറയേണ്ടതുണ്ട്. ഒന്ന് പുഷ്പകൃഷി, കേരളത്തിൽ പുഷ്പങ്ങൾക്ക് അധികം വിപണിയില്ല. ഇന്ത്യയിലും പ്രതിവർഷം പത്തുമുതൽ പതിനഞ്ചുശതമാനംവരെ പൂക്കളുടെ ആവശ്യം കൂടിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ വളരെ അനുകൂലമായ ചിലഘടകങ്ങളുണ്ട്. ചില പ്രത്യേക പുഷ്പങ്ങൾക്ക് അനുകൂലമായവ, ഓർക്കിഡ്സും അന്തൂറിയവും വളർത്തുവാൻ ഇന്ത്യയിൽ ഏറ്റവും അനുകൂലമായ കാലാവസ്ഥ ഉള്ളസംസ്ഥാനമാണ് കേരളം. ആവശ്യത്തിന് അന്തരീക്ഷത്തിലെ ഈർപ്പവും, സൂര്യപ്രകാശവും ഒക്കെ ആന്തൂറിയവും ഓർക്കിഡും നന്നായി വളരുവാനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. ഈ വാടാമലരുകൾക്ക് ഇപ്പോൾ ഇന്ത്യയിൽതന്നെ ആവശ്യത്തിനു വിപണിയുണ്ട്. വളരെ ശാസ്ത്രീയമായ സംഘടിതമായും പ്രവർത്തിച്ചാൽ ഇന്ത്യയ്ക്ക് വെളിയിലേക്കും ഈ പുഷ്പങ്ങൾ കയറ്റിഅയയ്ക്കുവാൻ സാധിക്കും. അവയുടെ വിനിയോഗം വർദ്ധിപ്പിക്കുവാനുള്ള ബോധപൂർവ്വമായ ചില ശ്രമങ്ങൾ നമുക്കുതന്നെ നടത്തേണ്ടിയിരിക്കുന്നു. അനേകായിരം ചെറുപ്പക്കാർക്ക് തൊഴിൽ കണ്ടെത്താനുള്ള പ്രധാനപ്പെട്ടമേഖലയാണിത്. തായ്‌ലണ്ടിലും, ഹോളണ്ടിലും, മൗറീഷ്യസിലും, സിംഗപ്പൂരിലുമൊക്കെ ഈ രംഗത്തുണ്ടായ പുരോഗതി വിലയിരുത്തുമ്പോൾ ഭൂമിയുടെ വിസ്തൃതി കുറവായിട്ടുള്ളവർക്കും, ഒരുതുണ്ടു ഭൂമിമാത്രം ഉള്ളവർക്കും അല്ലെങ്കിൽ വെറും ടെറസ്സുമാത്രം സ്വന്തമായുള്ളവർക്കും ഈ പുഷ്പകൃഷിയിൽ ആദായകരമായി ഏർപ്പെടാം എന്നുള്ളത് ഒരു വസ്തുതയാണ്. അതുപോലെതന്നെ പച്ചമരുന്നുകൾ ഹെർബൽ മെഡിസിൻസും ഇതിന്റെയെല്ലാം ഒരു കാലഘട്ടമാണ് കേരളത്തിൽ ജൈവവൈവിധ്യം ആരെയും ആർഷിക്കുന്ന ഒന്നാണ്. രണ്ടായിരത്തിഅഞ്ഞൂറിൽപരം ഔഷധസസ്യങ്ങൾ കേരളത്തിൽ കണ്ടെത്തിയിട്ടുണ്ട്. ആദായകരമായി കൃഷിചെയ്യാവുന്ന ഔഷധസസ്യങ്ങൾ side effects ഒന്നുമില്ലാത്ത, മറ്റു കുഴപ്പങ്ങളൊന്നുമില്ലാത്ത അനേകം Herbal Medicines ഉത്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 11-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽതന്നെ Herbal medicineന് ലോകമെമ്പാടുംതന്നെ വലിയ ഡിമാൻറുണ്ടായിരുന്നു. Sports medicine ഉൾപ്പെടെയുള്ളവ യാതൊരു Side effects ഉം ഇല്ലാതെ ഉത്പാദിപ്പിച്ചത് കൊടുക്കുവാൻ നമുക്കു കഴിയും. Herbal medicine ന്റെ അനന്ത സാധ്യതകൾ. പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞ നൂറ്റാണ്ടിൽ കഴിഞ്ഞിട്ടുണ്ട്. പശുവളർത്തലും കോഴിവളർത്തലും ശാസ്ത്രീയമായരീതിയിൽ നടത്തിയാൽ നമ്മുടെ വീട്ടമ്മമാർക്കും, അതുപോലെ Farm ഉടമകൾക്ക് തൊഴിൽ കണ്ടെത്താനും അതുപോലെ ആദായകരമായി നിലനിർത്താനും കഴിയുന്ന മറ്റു പല പ്രസ്ഥാനങ്ങളുടെയും അതുപോലെതന്നെ തെങ്ങ്, പരമ്പരാഗത ഇടവിളകൾ, റബർ തുടങ്ങിയവയുടെ ഉത്പാദനത്തെ ഇരട്ടിയായി വർദ്ധിപ്പിക്കാൻ സാധിക്കും. അതുപോലെതന്നെ കേരളത്തിന്റെ കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ധാരാളമായി നമുക്കിവിടെ ആരംഭിക്കുവാൻകഴിയും. കാർഷികോൽപ്പന്നങ്ങൾ അതേപടി വിപണിയിൽ വിൽക്കാതെ അതിന്റെ മൂല്യം വർദ്ധിപ്പിച്ചുകൊണ്ട് അതിനെ Value Added products ആക്കി വിൽക്കുവാൻ കഴിഞ്ഞാൽ കർഷകരുടെയും ആ മേഖലകളിൽ ജോലിചെയ്യുന്ന അനേകംപേരുടെയും വരുമാനം വർദ്ധിപ്പിക്കുവാനും അനേകം ആളുകൾക്ക് തൊഴിൽ നൽകാനും സാധിക്കും. കേരളത്തിന്റെ തൊഴിലില്ലായ്മപ്രശ്നം പരിഹരിക്കുവാൻ സമയബന്ധിതമായ ഒരു പരിപാടി ആവശ്യമായിരിക്കുന്നു. ഓരോവർഷവും നടത്തേണ്ട പരിപാടിളെക്കുറിച്ച് വ്യക്തമായ ഒരു രൂപമുണ്ടാവുക. ഒരു ദീർഘകാലാപദ്ധതി ഒരു ഹ്രസ്വകാല പദ്ധതിയും.

തൊഴിലില്ലായ്മ പരിഹരിക്കുക എന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം എന്ന കാഴ്ചപ്പാടോടെ പ്രവർത്തിക്കുന്ന ഒരു Govt. ഈ സംസ്ഥാനത്തുണ്ടാകണം. സമയബന്ധിതമായ പരിപാടികൾ രൂപീകരിക്കാനും അത് നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്താനും കഴിയുന്ന ഒരു ഭരണസംവിധാനം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകേണ്ടതാണ്. തൊഴിലാഗ്രഹിക്കുന്ന യുവജനങ്ങളുടെമാത്രം പ്രശ്നമായി തൊഴിലില്ലായ്മയെ കാണാതെ സമൂഹത്തിന്റെ മുഖ്യപ്രശ്നമായിക്കണ്ട് അതിന്റെ പരിഹാരത്തിനുവേണ്ടി പ്രവർത്തിക്കുവാൻ സമൂഹം തയ്യാറാവണം. വർഷത്തിലൊരിക്കലെങ്കിലും വിലയിരുത്തി കോട്ടങ്ങളും നേട്ടങ്ങളും ജനങ്ങളെ അറിയിക്കുവാനുള്ള ബാധ്യത കേന്ദ്രസംസ്ഥാന Govt.കൾക്ക് ഉണ്ട്. വാഗ്ദാനലംഘനത്തിനെതിരെ പൊതുജനം പ്രതികരിക്കണം. സ്വയം തൊഴിലിന് മുന്നോട്ടുവരുന്നവരെ കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിക്കുവാൻ Govt.ഉം സമൂഹവും തയ്യാറായാൽ തൊഴിലില്ലായ്മ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ നമുക്കു കഴിയും.

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Moovatupuzha

*പി.പി.തങ്കച്ചൻ*
*കൃഷിമന്ത്രി*

# തൊഴിലില്ലായ്മ പരിഹരിക്കാൻ കാർഷികാധിഷ്ഠിത വ്യവസായങ്ങൾ



**കേ**രളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ഗുരുതരമായ പ്രശ്നം തൊഴിലില്ലായ്മയാണ്. സംസ്ഥാനത്ത് തൊഴിലില്ലായ്മയുടെയും തൊഴിലിന്റെ അപര്യാപ്തതയുടെയും നിരക്ക് ദേശീയ നിരക്കിന്റെ ഏതാണ്ട് മൂന്നിരട്ടിയോളം വരും. 1986നും 1991നും മധ്യേ എംപ്ലോയിമെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർചെയ്തവരുടെ എണ്ണത്തിൽ രാജ്യത്ത് 12.47% വർധന ഉണ്ടായപ്പോൾ കേരളത്തിൽ അതേ കാലത്ത് 34.52 ശതമാനം വർധനയാണ് ഉണ്ടായത്. 1991ൽ തൊഴിലെടുക്കാൻ കഴിയുന്നവരുടെ കേരളത്തിലെമൊത്തം സംഖ്യ 136 ലക്ഷമായിരുന്നത് 2000ൽ 165 ലക്ഷമായും 2005ൽ 174 ലക്ഷമായും വർധിക്കുമെന്ന് കണക്കാക്കപ്പെടുന്നു. ആകെ ജനസംഖ്യയുടെ ഏതാണ്ട് 40 ശതമാനം പേരെമാത്രമേ തൊഴിലെടുക്കാൻ കഴിവുള്ളവരായി പരിഗണിക്കുന്നുള്ളു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് 1937ൽ നടത്തിയ ഒരു സർവേപ്രകാരം സ്ത്രീകളിൽ 76 ശതമാനത്തെയും പുരുഷൻമാരിൽ 46 ശതമാനത്തെയും തൊഴിലെടുക്കാൻ കഴിയാത്തവരായി മാറ്റിനിർത്തിയിട്ടുണ്ടെന്ന് വ്യക്തമായി. വീട്ടമ്മമാരെ മുഴുവൻ ഈ ഗണത്തിൽപ്പെടുത്തി ഒഴിവാക്കിയിട്ടും തൊഴിലില്ലാത്തവരിൽ 52 ശതമാനവും സ്ത്രീകളാണെന്ന് സർവേ കണ്ടെത്തി. വീട്ടമ്മമാരിൽ 40 ശതമാനംപേരും എന്തെങ്കിലും തൊഴിൽകിട്ടാൻ ആഗ്രഹം പ്രകടിപ്പിച്ചു എന്നതും ശ്രദ്ധിക്കേണ്ടതുണ്ട്.

തൊഴിലില്ലായ്മ ഇത്രരൂക്ഷമായി തുടരുകയാണെങ്കിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള സാധ്യതകുറഞ്ഞാണ്വരുന്നത്. വ്യവസായവത്കരണത്തിലൂടെ മാത്രമേ തൊഴിലവസരങ്ങൾ വേണ്ടത്ര സൃഷ്ടിക്കാൻ കഴിയു എന്ന് പറയാറുണ്ടെങ്കിലും വൻകിട വ്യവസായങ്ങൾ ആരംഭിച്ച് തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയുന്നകാലം കഴിഞ്ഞുപോയിരിക്കുന്നു. കോടിക്കണക്കിന് മുതൽമുടക്കാവശ്യമുള്ള അത്യാധുനിക യന്ത്രസംവിധാനങ്ങൾക്ക് തൊഴിലാളിയുടെ സേവനം അത്യന്താപേക്ഷിതമല്ല. സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. കെ. രാമകൃഷ്ണൻ ഈയിടെ അഭിപ്രായപ്പെട്ടത് വൻകിട വ്യവസായങ്ങളിൽ ഒരാൾക്ക് തൊഴിൽ കൊടുക്കണമെങ്കിൽ ചുരുങ്ങിയത് 1,12,000 രൂപയെങ്കിലും മുതൽമുടക്കണം എന്നാണ്. ചില സ്ഥാപനങ്ങളിൽ ഇത് മൂന്നരലക്ഷത്തോളം വരുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കംപ്യൂട്ടർ, അത്യാധുനിക യന്ത്രസംവിധാനങ്ങൾ എന്നിവ ഉപയോഗപ്പെടുത്തുന്നതിനാൽ നിലവിലുള്ള സ്ഥാപനങ്ങളിൽപ്പോലും തൊഴിലവസരങ്ങൾ കുറഞ്ഞുവരികയാണ്. കയർ, കശുവണ്ടി, കൈത്തറി, കുടിൽ വ്യവസായങ്ങൾ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെല്ലാംതന്നെ കടുത്തഭീഷണിയെ നേരിടുകയാണ്. സ്വയംതൊഴിൽ ചെയ്യുന്നതിൽ തത്പരരായ ഒട്ടേറെ യുവാക്കൾ ചെറുകിടവ്യവസായരംഗത്തേക്ക് ആവേശപൂർവ്വം വരുന്നുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ആ രംഗത്ത് പിടിച്ചുനിൽക്കുവാൻ അവരിലധികംപേർക്കും കഴിയുന്നില്ല.

നമ്മുടെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ല് കൃഷിയാണ്. ജനങ്ങൾ ഇടതിങ്ങിപ്പാർക്കുന്ന ഈ സംസ്ഥാനത്ത്. ഇപ്പോൾ 57.90 ശതമാനം ഭൂമിയിൽ കൃഷിനടക്കുന്നുണ്ട്. നമ്മുടെ മൊത്തവരുമാനത്തിന്റെ ഏതാണ്ട് മൂന്നിലൊന്നുഭാഗം (33.75%) കൃഷിയിൽനിന്നാണ് ലഭിക്കുന്നത്. 10 ലക്ഷത്തിലധികം കൃഷിക്കാരും 21 ലക്ഷത്തിലധികം കർഷകത്തൊഴിലാളികളും കേരളത്തിലുണ്ട്. എന്നാൽ നാണ്യവിളകൾക്ക് നൽകുന്ന അമിതപ്രാധാന്യം മൂലം നെല്ല്, മരച്ചീനി മുതലായവ കൃഷിചെയ്യുന്നസ്ഥലത്തിന്റെ വിസ്തൃതി ഗണ്യമായികുറയുകയാണ്. നേരെമറിച്ച് റബ്ബറിന്റെയും തെങ്ങിന്റെയും വിളഭൂമിയുടെ വിസ്തൃതി ദ്രുതഗതിയിൽ വർധിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയിൽ ആകെ ഉത്പാദിപ്പിക്കുന്ന കുരുമുളകിൽ 93 ശതമാനവും റബ്ബറിൽ 92 ശതമാനവും ഏലത്തിൽ 60 ശതമാനവും ഇഞ്ചിയിൽ 53 ശതമാനവും കശുവണ്ടിയിൽ 75 ശതമാനവും കേരളത്തിലാണ് ഉത്പാദിപ്പിക്കുന്നത്. എന്നാൽ ഏറ്റവുമധികം സ്ഥലത്ത് കൃഷിചെയ്യുന്ന (8,60,000 ഹെക്ടറിൽ) നാണ്യവിള നാളികേരമാണ്. ഏകദേശം ഒരുകോടി ജനങ്ങളുടെ ഉപജീവനമാർഗമാണത്. പതിനാറുകോടിയോളം തെങ്ങുകൾ കേരളത്തിലുണ്ട്. കേരളത്തിൽ 4,37,100 ഹെക്ടർ (1993-94ൽ) സ്ഥലത്താണ് റബ്ബർ കൃഷിയുള്ളത്.

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവ കയറും കശുവണ്ടിയുമാണ്. നാലുലക്ഷത്തോളംപേർ ഈമേഖലയിൽ തൊഴിൽചെയ്യുന്നു. കശുവണ്ടിമേഖലയിൽ ഒരുലക്ഷം തൊഴിലാളികളുണ്ട്. ക്ഷയോൻമുഖമായ ഈ കാർഷികാധിഷ്ഠിത വ്യവസായങ്ങൾ പുനരുദ്ധരിക്കേണ്ടത് സംസ്ഥാനത്തിന്റെ പൊതുവായ ആവശ്യമാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട നാണ്യവിളകളായ നാളികേരം, റബ്ബർ, സുഗന്ധവിളകൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ നമുക്ക് നന്നേകുറവാണ്. സംസ്ക്കരണത്തിനുവേണ്ടി ഇവ കേരളത്തിന് പുറത്തേക്ക് അയയ്ക്കുന്നതിനാൽ ഈ ഉത്പന്നങ്ങളുടെ വിലനിയന്ത്രിക്കുന്നത് അവിടെയുള്ള വ്യവസായികളാണ്. കേരളത്തിലെ കാർഷികവിളകൾക്ക് വിലയിടിക്കുന്നതിൽ മുഖ്യ ഉത്തരവാദികൾ സംസ്ഥാനത്തിനു പുറത്തുള്ള കുത്തകവ്യവസായികളാണ്. ഈ സ്ഥിതിക്ക് മാറ്റമുണ്ടായേമതിയാവൂ.

ഇത്രയുംപറഞ്ഞതിൽനിന്ന് കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ വൻതോതിലുള്ള വികസനത്തിലൂടെമാത്രമേ കേരളത്തിന്റെ സമ്പദ്വ്യവസ്ഥയെ പുനരുദ്ധരിക്കാനും രൂക്ഷമായ 'തൊഴിലില്ലായ്മാപ്രശ്നത്തിന് പരിഹാരം കണ്ടെത്താനും കഴിയൂ എന്ന് നമുക്ക് മനസ്സിലാക്കാവുനതാണ്. മറുനാടുകളിൽ വിശേഷിച്ചും ഗൾഫ് രാജ്യങ്ങളിൽ മലയാളികൾ ധാരാളമായി താമസിക്കുന്നതിനാൽ കേരളീയ ഭക്ഷ്യവസ്തുക്കൾക്ക് ഗണ്യമായി കയറ്റുമതി സാധ്യതയുണ്ട്. പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, ധാന്യപ്പൊടികൾ, കറിപ്പൊടികൾ, മസാലക്കൂട്ടുകൾ മുതലായവയ്ക്ക് നല്ലതോതിൽ ആഭ്യന്തര വിപണിയും ബാഹ്യവിപണിയുംകിട്ടും. താരതമ്യേന കുറഞ്ഞ മുതൽമുടക്കിൽ കൂടുതൽപേർക്ക് തൊഴിൽ കിട്ടത്തക്കവിധം ഇവയുടെ സംസ്കരണ ജോലികൾ ചെയ്യാവുന്നതാണ്. ഇതിന് വിലപിടിപ്പുള്ള യന്ത്രങ്ങളുടെ സഹായവും ആവശ്യമില്ല. നമ്മുടെനാട്ടിൽ ധാരാളമായി കിട്ടുന്ന മാങ്ങ, തേങ്ങ, കശുമാവിൻപഴം, കൈതച്ചക്ക, പ്ലാവിൻചക്ക, നേന്ത്രക്കായ, നെല്ലിക്ക മുതലായവ വീടുകളിൽവച്ചുതന്നെ ഗുണനിലവാരത്തോടെ സംസ്കരിച്ചടുക്കാൻ കഴിയും. ഇവയിൽനിന്നും വൈവിധ്യമാർന്ന ഉത്പന്നങ്ങൾ ആകർഷകമായ രീതിയിൽ പുറത്തിറക്കുന്നപക്ഷം ഈ മേഖലയിൽ വിപണിപിടിച്ചടക്കാൻ നമുക്ക് ബുദ്ധിമുട്ടുണ്ടാവുകയില്ല. റബ്ബർ, കാപ്പി, തേയില, ഏലം തുടങ്ങിയ തോട്ടവിളകൾ സംസ്കരിക്കുന്നതിനു പര്യാപ്തമായ ചെറുകിട-ഇടത്തരം വ്യവസായസ്ഥാപനങ്ങൾ ധാരാളമായി നമ്മുടെനാട്ടിൽ ഉണ്ടാവണം. ആധുനിക അഭിരുചികൾക്ക് അനുയോജ്യമായ വിധം ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനാവശ്യമായ ഉയർന്ന സാങ്കേതികവിദ്യകളിൽ നാം പരിജ്ഞാനംനേടണം. വിദ്യുച്ഛക്തിക്ക് ദൗർലഭ്യമുള്ളതിനാൽ അതിനെ അതിർകവിഞ്ഞ് ആശ്രയിക്കാത്തരീതിയിലുള്ള ഉത്പാദനപ്രക്രിയകൾ കണ്ടെത്താനും അവ നടപ്പിലാക്കാനുമുള്ള ബാധ്യത നമുക്കുണ്ട്.

> *കയർ, കശുവണ്ടി, കൈത്തറി, കുടിൽ വ്യവസായങ്ങൾ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെല്ലാംതന്നെ കടുത്തഭീഷണിയെ നേരിടുകയാണ്.*

മൃഗസംരക്ഷണ-ക്ഷീരോത്പാദന മേഖലകളെയും വ്യാവസായികാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുവാൻ നമുക്ക് കഴിയണം. പാലിന്റെ കാര്യത്തിൽ നമുക്ക് ഉണ്ടായിട്ടുള്ള അഭൂതപൂർവ്വമായ വളർച്ച മുട്ട, മാംസം എന്നിവയുടെ കാര്യത്തിലും ഉണ്ടാക്കാവുന്നതാണ്. ഗോവധ നിരോധനം പ്രാബല്യത്തിൽ വന്നിട്ടില്ലാത്ത ഒരു സംസ്ഥാനമെന്നനിലയ്ക്ക് രാജ്യത്തിന്റെ ഇതരഭാഗങ്ങളിലേക്ക് മാട്ടിറച്ചി അയയ്ക്കുവാനുള്ള നമ്മുടെ സാധ്യത വളരെ വലുതാണ്.

കൃഷിഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരികയും മിക്ക കുടുംബങ്ങൾക്കും ചെറിയതുണ്ടുഭൂമിമാത്രം ഉണ്ടായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നടപ്പാക്കാൻ കഴിയുന്ന വമ്പിച്ച വ്യാവസായിക സാധ്യതയുള്ള കൃഷി സമ്പ്രദായങ്ങളാണ് ഹോർട്ടികൾച്ചറും ഫ്ലോറികൾച്ചറും. ചെറിയ പ്ലോട്ടുകളിലും ടെറസ് കെട്ടിടങ്ങളിലും ഫ്ലാറ്റുകളിലും മറ്റും താമസിക്കുന്നവർക്കുപോലും ലഭ്യമായ അൽപം സ്ഥലത്ത് ചെടിച്ചട്ടികൾ സ്ഥാപിച്ച് വിലപിടിപ്പുള്ള പച്ചക്കറികളും അമൂല്യപുഷ്പ സസ്യങ്ങളും നട്ടുവളർത്താൻ പ്രയാസമില്ല. റോസ്, പിച്ചി, മുല്ല തുടങ്ങിയ പരമ്പരാഗത പുഷ്പങ്ങളും ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയ ആധുനിക പുഷ്പങ്ങളും തെറ്റി, ചെമ്പരുത്തി തുടങ്ങി ഔഷധപുഷ്പങ്ങളും ആദായകരമായി കൃഷിചെയ്യാം. ഔഷധസസ്യങ്ങളുടെ ദൗർലഭ്യം പരിഗണിച്ച് അവ കൃഷിചെയ്യുന്നതും ആദായകരമായിരിക്കും.

വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയും കാർഷികാധിഷ്ഠിത വ്യവസായങ്ങളും സ്ത്രീകൾക്ക്-വിശേഷിച്ചും വീട്ടമ്മമാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനംചെയ്യുന്നു എന്നത് എടുത്തുപറയേണ്ട ഒരു പ്രത്യേകതയാണ്. എന്നാൽ സ്ത്രീകൾ ഉൾപ്പെടയുള്ള തൊഴിൽ സംരംഭകരെ ഇത്തരം തൊഴിലുകളിൽനിന്നും അകറ്റിനിർത്തുന്ന ഒരു പ്രധാനപ്രശ്നം ഉത്പന്നങ്ങളുടെ വിപണനത്തിലുണ്ടാവുന്ന ബുദ്ധിമുട്ടുകളാണ്. ഈ സാഹചര്യത്തിൽ മിൽമ സഹകരണസംഘങ്ങളുടെ മാതൃകയിൽ കാർഷികാധിഷ്ഠിത തൊഴിൽ സംരംഭകരുടെ സഹകരണസംഘങ്ങൾ നാട്ടിലുടനീളം ഉണ്ടാവണം. അവരുടെ അപ്പെക്സ് സ്ഥാപനമായി ഒരു ഫെഡറേഷൻകൂടി രൂപവത്കരിക്കുന്നപക്ഷം അതിന് കാർഷികോത്പന്നങ്ങളുടെയും കാർഷികാധിഷ്ഠിത വ്യാവസായികോത്പന്നങ്ങളുടെയും ദേശീയ-അന്തർദേശീയതലങ്ങളിലുള്ള വിപണനം നിഷ്പ്രയാസം ഏറ്റെടുത്തു നടത്താൻ കഴിയും. ഇത്തരം സംഘങ്ങൾക്കും അവയുടെ ഫെഡറേഷനും ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ, കേന്ദ്ര-സംസ്ഥാനഗവർമ്മെണ്ടുകൾ എന്നിവയുടെ സഹായത്തോടെ വിഭവസമാഹരണം നടത്താനും അനായാസം പ്രവർത്തിക്കാനും ബുദ്ധിമുട്ടുണ്ടാവുകയില്ല എന്നാണ് എന്റെ വിശ്വാസം. സംഹാരതാണ്ഡവമാടുന്ന തൊഴിലില്ലായ്മയെ പിടിച്ചുനിർത്താൻ ഈവഴിക്ക് നാം ചിന്തിക്കേണ്ടകാലം വൈകിയിരിക്കുന്നു. ഇനിയെങ്കിലും നമുക്ക് ഊർജ്ജസ്വലതയോടെ രംഗത്തിറങ്ങാം.

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Moovatupuzha

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Moovatupuzha

കെ.വി. സുരേന്ദ്രനാഥ്
മുൻ എം.എൽ.എ.

# തൊഴിലില്ലായ്മ : കേരളത്തിന്റെ പ്രശ്നങ്ങൾ



കേരളത്തിലെ ജനസംഖ്യ, ഇന്ത്യയിലെ ജനസംഖ്യയുടെ 4% മാത്രമാണ്. കേരളത്തിലെ തൊഴിലില്ലായ്മ ഇന്ത്യയിലെ ആകെയുള്ള, സർക്കാർ കണക്കനുസരിച്ചുള്ള തൊഴിലില്ലായ്മ, അതിന്റെ 10% ത്തിൽ അധികമാണ്. നമ്മുടെ മൊത്തം ജനസംഖ്യ 3 കോടിക്ക് താഴെയാണ്. അതിലെ തൊഴിൽ സേന എന്നു പറയുന്നത്, അതായത് 18നും 60 നും ഇടക്ക് പ്രായമുള്ള, ജോലിക്ക് ശരീരശക്തിയുള്ള ആളുകളുടെ എണ്ണം ഒരു കോടി പത്തു ലക്ഷമാണ്. അതിൽ തൊഴിലില്ലാത്തവരുടെ എണ്ണം സർക്കാർ കണക്കനുസരിച്ച് 43 ലക്ഷമാണ്. തൊഴിലുള്ളവരുടെ എണ്ണം സർക്കാർ കണക്കനുസരിച്ച് 70 ലക്ഷമാണ്. ആ 70 ലക്ഷത്തിൽ, വർഷം മുഴുവൻ ജോലിയുള്ളവരും, പകുതി ജോലിയുള്ളവരും, നാട്ടിൻപുറങ്ങളിൽ ജോലി കിട്ടുമ്പോൾ ചെയ്യുന്നവരും അല്ലാത്തപ്പോൾ വെറുതെ ഇരിക്കുന്നവരും എല്ലാം ചേർന്നതാണ്. കയർ തൊഴിലാളിയും, കശുവണ്ടി തൊഴിലാളിയും ഇങ്ങനെ സ്ഥിരതയില്ലാത്ത ജോലി ചെയ്യുന്നവന്റെ എല്ലാം ചേർന്നുള്ള മാക്സിമം ആണ് ഈ 70 ലക്ഷം. ഈ കണക്കനുസരിച്ച് നമ്മുടെ തൊഴിലില്ലായ്മ, തൊഴിൽ സേനയുടെ കണക്കനുസരിച്ച് 35%-40% ശതമാനത്തോളം വരും. മറ്റു രാജ്യങ്ങളിൽ, യൂറോപ്പിലോ അമേരിക്കയിലോ ആണെങ്കിൽ അവിടെയൊക്കെ തൊഴിലില്ലാത്തവരുടെ എണ്ണം ആകെയുള്ളതിന്റെ 5% മായാൽ മുറവിളി തുടങ്ങും. അമേരിക്കയിലും ഫ്രാൻസിലും ജർമ്മനിയിലുമെല്ലാം തൊഴിലില്ലായ്മ നമ്മുടേതിന്റെ 10% മാത്രമാണ്. ഇവിടെ നാം ഇതെങ്ങനെ സഹിക്കുന്നു എന്നറിഞ്ഞുകൂടാ. ഒന്നും സംഭവിക്കാത്ത മട്ടിൽ നാമെല്ലാം നടക്കുന്നു. ഇതിന്റെ ഏകദേശം 50-60% എസ്.എസ്.എൽ.എസി വരെയോ അതിനുമപ്പുറമോ പഠിച്ചവരാണ്. എജ്യൂക്കേറ്റഡ് അൺ എംപ്ലോയ്മെൻറാണ് 50-60% വരെ. ഇത് മറ്റു സംസ്ഥാനങ്ങളിൽ കാണില്ല. ഇത് കേരളത്തിൽ മാത്രമുള്ള ഒരു 'മഹാഭാഗ്യമാണ്'. ഇത് വളരെക്കൊല്ലങ്ങളായി ഇങ്ങനെ തുടരുന്നു. ഇതിന്റെ വളരെ പ്രസക്തമായ മറ്റൊരു വശം, ഇന്ന് നമ്മൾ പുറമേ കാണുന്ന ഐശ്വര്യം, ഇവിടെ അധ്വാനിച്ചുണ്ടാക്കുന്ന സമ്പത്തിന്റെ വിതരണത്തിൽക്കൂടി വരുന്നതല്ല; ഗൾഫിൽ പോയി മണിഓർഡർ അയക്കുന്നതാണ്. ഇപ്പോൾ കേരളത്തിൽ മണി ഓർഡർ ഇക്കോണമി ഒരു വശമാണെങ്കിൽ മറുവശത്ത് തൊഴിലുള്ള ഓരോ ആളിനും പുലർത്തേണ്ട ചുമതലയുള്ള ആളുകളുടെ എണ്ണം ഇന്ത്യയിൽത്തന്നെ കേരളത്തിലാണ് കൂടുതൽ. ഒരു ശരാശരി കുടുംബം എന്നുപറയുന്നത് ഭാര്യയും ഭർത്താവും മൂന്നുകുട്ടികളും, അങ്ങനെ 5 പേരടങ്ങുന്നതാണ്. ആ അഞ്ചുപേർക്കു പുറമെ, 60 കഴിഞ്ഞ ഭാര്യയുടെ അച്ഛനോ, ഭർത്താവിന്റെ അച്ഛനോ, അമ്മയോ, അങ്ങനെ ജോലിയുള്ളയാൾക്കു പുലർത്തേണ്ട ആളുകളുടെ എണ്ണം കൂടുതലാണ്.

*ഇന്ന് നമ്മൾ പുറമേ കാണുന്ന ഐശ്വര്യം, ഇവിടെ അധ്വാനിച്ചുണ്ടാക്കുന്ന സമ്പത്തിന്റെ വിതരണത്തിൽക്കൂടി വരുന്നതല്ല; ഗൾഫിൽ പോയി മണിഓർഡർ അയക്കുന്നതാണ്.*

നമ്മുടെ നാട്ടിൽ നഗരവൽക്കരണം വളരെ കൂടുതലാണ്. അതിന്റെ കാരണം നഗരങ്ങളിൽ നിന്ന് ഒരു 'പുൾ' ഉണ്ട്. അതായത് നാട്ടിൻ പുറത്തുള്ളവരെ കാന്തം വച്ചാകർഷിക്കുന്നതുപോലെ നഗരം ആകർഷിക്കും. കാരണം നഗരങ്ങളിൽ ചെന്നാൽ ചുമടെടുത്തായാലും ജീവിക്കാം. ഗ്രാമങ്ങളിൽ അതിനുള്ള അവസരങ്ങളില്ല. കേരളത്തിൽ വരുമാനമുണ്ടാക്കുന്ന ഓരോരുത്തർക്കും, വരുമാനമില്ലാത്ത ബന്ധുവിനെ പുലർത്തേണ്ട ചുമതല കൂടിയുണ്ട്. ഇത് ആ കുടുംബത്തിന്റെ ജീവിത നിലവാരത്തെ ഇടിച്ചു താഴ്ത്തും. അഞ്ചു പേർക്കു വേണ്ടി ചെലവഴിക്കേണ്ട വരുമാനം 15 പേർക്കു വേണ്ടി ചെലവഴിക്കുമ്പോൾ അവരുടെ സ്റ്റാൻഡേർഡ് ഓഫ് ലിവിംഗ് താഴും. അതിന്റെ കണക്കെന്തെന്നു ചോദിച്ചാൽ, ഇന്ത്യയിലെ പഞ്ചവൽസരപദ്ധതികളുടെ കണക്കെടുക്കുന്ന കൂട്ടത്തിൽ ആളുകളുടെ Percapita Income - പ്രതിശീർഷവരുമാനം - കണക്കാക്കും. അപ്പോൾ കേരളത്തിലെ പ്രതിശീർഷവരുമാനം ദേശീയ ശരാശരിയേക്കാളും വളരെ പുറകിലാണ്. ഒരു വർഷത്തിലെ കണക്കു പ്രകാരം, കേരളത്തിലെ yearly average 3600/- രൂപയാണ് അപ്പോൾ ഒരു മാസം ശരാശരി 300 രൂപയാണ് ഒരാൾക്ക് ലഭിക്കുക. അതുകൊണ്ടെങ്ങനെയാണ് ജീവിക്കാൻ പറ്റുക? Percapita Incomeത്തിൽ ഒന്നാം സ്ഥാനം പഞ്ചാബിനാണ് അതുകഴിഞ്ഞാൽ ഹരിയാനയാണ്.



കേരളത്തിൽ തൊഴിലില്ലായ്മയുടെ പ്രധാന കാരണം വ്യവസായങ്ങളില്ലാത്തതാണ്. വ്യവസായമില്ലാത്തതിന്റെ കാരണം പണം മുടക്കാൻ ആളുകൾ തയ്യാറാവാത്തതാണ്. ഇവടെ എല്ലാവർക്കും Easy money വേണം. സിനിമയ്ക്ക് പണം മുടക്കിയാൽ, ഒന്നല്ലെങ്കിൽ രണ്ടു മാസംകൊണ്ട്, പത്തുലക്ഷം രൂപ മുടക്കിയാൽ 30 അല്ലെങ്കിൽ 40 ലക്ഷം ലാഭമുണ്ടാക്കാൻ പറ്റും. പഞ്ചനക്ഷത്രഹോട്ടലുകൾ, അല്ലെങ്കിൽ പഞ്ചനക്ഷത്ര ആശുപത്രികൾ, അല്ലെങ്കിൽ സ്വാശ്രയകോളേജുകൾ. എല്ലായിടത്തുനിന്നും തലവരി പിരിക്കാൻ തുടങ്ങും. ഇത്തരത്തിൽ എളുപ്പത്തിൽ പണമുണ്ടാക്കാനുള്ള മാർഗ്ഗങ്ങളല്ലാതെ, പണം മുടക്കിയാൽ ചിലപ്പോൾ നഷ്ടം വരാനിടയുണ്ടെന്നു സംശയമുള്ള (Risk Capital) മുടക്കു മുതൽ നിക്ഷേപത്തിന് മലയാളി തയ്യാറല്ല. പല കാരണങ്ങൾ അതിന് ഇവിടെ പറയുവാൻ കാണും. തൊഴിലാളികൾ യൂനിയനാണ്, അടിയുണ്ടാക്കും, സമരമുണ്ടാക്കും, അങ്ങനെ പല ന്യായങ്ങൾ കാണും. അപ്പോൾ അതിനോട് നമുക്ക് വൈമുഖ്യമാണ്. അതോടൊപ്പംതന്നെയുള്ളത് വൈറ്റ്കോളർ ജോലിക്കുള്ള ആഗ്രഹമാണ്. കൈനനയാതെ മീൻ പിടിക്കാനുള്ള മാർഗ്ഗം മേശയും കസേരയുമിട്ട് ഫാനിന്റെ കീഴിലിരുന്നുതന്നെ ജോലി ചെയ്യണമെന്നതാണ് മലയാളിയുടെ ആഗ്രഹം. ഇതെല്ലാമാണ് തൊഴിലില്ലായ്മയുടെ പ്രധാന കാരണങ്ങൾ.

സ്വയം തൊഴിൽ പരിപാടികൾ ഇപ്പോൾ കേരളത്തിൽ ഒട്ടുമുക്കാലും നടക്കുന്നത് ശരിയായ രീതിയിലല്ല. സ്വയം തൊഴിൽ പദ്ധതിയിൽ സർക്കാരിൽ നിന്നു കിട്ടുന്ന സബ്സിഡിയാണ് എല്ലാവർക്കും കാര്യം. 10,000/- രൂപ ലോൺകിട്ടിയാൽ 7000/- രൂപതടച്ചാൽ മതി. അതും പത്തുകൊല്ലംകൊണ്ട് അടച്ചാൽ മതി. ഒട്ടുവളരെ ആളുകൾ സ്വയം തൊഴിൽ വായ്പ വാങ്ങുന്നത് ഈ മൂവായിരം രൂപ തിരിച്ചടക്കേണ്ടതില്ലെന്നതുകൊണ്ടാണ്. വ്യവസായം ഒന്നും തുടങ്ങാൻ ആഗ്രഹമില്ലാത്തതയാൽ കള്ളപ്പേരുപറഞ്ഞ് അത് കൈക്കലാക്കും. ഒരു ലക്ഷം ചെറുകിട വ്യവസായങ്ങൾ കേരളത്തിലുണ്ടെന്നതാണ്, വ്യവസായ മന്ത്രിയുടെ കണക്ക്. പക്ഷേ ഈ ചെറുകിട വ്യവസായങ്ങളുടെ പേരിൽ നടക്കുന്നത് കള്ളക്കച്ചവടമാണ്.

തൊഴിലില്ലായ്മ പരിഹരിക്കാൻ വാസ്തവത്തിൽ കേരളത്തിൽ പറ്റുന്ന രണ്ടുമൂന്നു കാര്യങ്ങളുണ്ട്. കൃഷിയിലാണ് കേരളത്തിലിപ്പോൾ ഏറ്റവും കൂടുതൽ തൊഴിൽ സാധ്യത ഉള്ളത്. കൃഷി എന്നുപറഞ്ഞാൽ, അത് വളരെ ഭംഗിയായി, ശാസ്ത്രീയമായി ചെയ്യണം. പഴയ രീതിയിൽ കഞ്ഞിവയ്ക്കാനുള്ളത് കൃഷിചെയ്തെടുത്ത് കഞ്ഞിവച്ചുകുടിക്കുന്ന രീതിയിലല്ല തൊഴിലില്ലായ്മ പരിഹരിക്കാൻ വേണ്ടത്. കൃഷി വളരെ ശാസ്ത്രീയമായ രീതിയിൽ ലാഭകരമായ നിലയ്ക്ക് ചെയ്യേണ്ടിയിരിക്കുന്നു. കൃഷിമാത്രമല്ല, കൃഷിയുമായി ചേർന്ന്, ആടുവളർത്തൽ, കോഴിവളർത്തൽ, ഡയറി ഫാമിംഗ് കൂണുവ

◆□◆

*കേരളത്തിൽ വരുമാനമുണ്ടാക്കുന്ന ഓരോരുത്തർക്കും, വരുമാനമില്ലാത്ത ബന്ധുവിനെ പുലർത്തേണ്ട ചുമതല കൂടിയുണ്ട്. ഇത് ആ കുടുംബത്തിന്റെ ജീവിത നിലവാരത്തെ ഇടിച്ചു താഴ്ത്തും.*

◆□◆

K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Moovatupuzha

K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Moovatupuzha

ഉർത്തൽ തുടങ്ങിയ, ഓർക്കിഡ് അന്തൂറിയം തുടങ്ങിയവ വളരെ ലാഭകരമായ ബിസിനസ്സുകളാണ്. അതെടുത്ത് process ചെയ്ത്, commercial ആയിട്ട് ഇന്ത്യ മുഴുവൻ വിൽക്കാൻ പറ്റണം. അതൊക്കെ ചെയ്യാതെ, നാമെല്ലാം സർക്കാർ ജോലിയെന്നും പറഞ്ഞ് P.S.C.യുടെ ശതമാനം 50 ആക്കണം 60 ആക്കണം എന്നു പറഞ്ഞു നടക്കുകയാണ്. 80 ആക്കിയാൽ തന്നെ എന്താ പ്രയോജനം? 4 ലക്ഷം പേരാണ് സ്റ്റേറ്റ് സർവ്വീസിൽ ആകെ ഉള്ളത്. അതിൽ ഒരു വർഷം വരുന്ന വേക്കൻസീസ് - സ്വാഭാവികമായി റിട്ടയർ ചെയ്യുന്നവർ 5% മാത്രമാണ്. ഈ 5%ത്തിനു പകരം ഈ 47 ലക്ഷത്തിനും കൊടുക്കാൻ പറ്റില്ല. അതൊക്കെ ചെയ്യുന്നതിനു പകരം നമ്മുടെ കേരളത്തിൽ വളരെയേറെ ജോലി സാധ്യതകളുള്ള കാർഷികരംഗത്തേക്ക് ആളുകളെ ആകർഷിക്കാൻ പാകത്തിനുള്ള ഒരു പദ്ധതി തയ്യാറാക്കി നടപ്പാക്കണം. പദ്ധതികൾ ഉണ്ടാക്കുന്നതിന് പ്രയാസമില്ല. പക്ഷേ നടപ്പാക്കാനാണ് ആളില്ലാത്തത്. നടപ്പാക്കാനുള്ള ഒരു Machinery - Delivery System എന്നു പറയും - ഇല്ല.

*തൊഴിലാളികൾ യൂനിയനാണ്, അടിയുണ്ടാക്കും, സമരമുണ്ടാക്കും, അങ്ങനെ പല ന്യായങ്ങൾ കാണും. അപ്പോൾ അതിനോട് നമുക്ക് വൈമുഖ്യമാണ്. അതോടൊപ്പംതന്നെയുള്ളത് വൈറ്റ്കോളർ ജോലിക്കുള്ള ആഗ്രഹമാണ്. കൈനനയാതെ മീൻ പിടിക്കാനുള്ള മാർഗ്ഗം മേശയും കസേരയുമിട്ട് ഫാനിൻെറ കീഴിലിരുന്നു തന്നെ ജോലി ചെയ്യണമെന്നതാണ് മലയാളിയുടെ ആഗ്രഹം.*

കേരളത്തിലെ അവസ്ഥ വച്ച്. തൊഴിലിനെ സംബന്ധിച്ചിടത്തോളം വ്യവസായവത്ക്കരണത്തേക്കാൾ കൂടുതൽ തൊഴിൽ സാധ്യത കാർഷിക രംഗത്താണ്. അല്ലാത്ത തൊഴിലിനെ സംബന്ധിച്ചിടത്തോളം പറഞ്ഞാലും ചെറിയ യൂണിറ്റുകൾ - Family യൂണിറ്റുകൾ - ഭാര്യയും, ഭർത്താവും, 15 വയസ്സു കഴിഞ്ഞ കുട്ടിയും കൂടെ ചേർന്നുള്ള യൂണിറ്റുകൾ - അതാണ് Family Unit എന്നു പറയുന്നത്. ചൈനയിലൊക്കെ അത് വളരെ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. നാം അതേക്കുറിച്ച് ആലോചിക്കുക പോലും ചെയ്യുന്നില്ല. അതുപോലെ തന്നെ വില്ലേജ് യൂണിറ്റുകൾ; വില്ലേജ് യൂണിറ്റിൽ ഖാദി ബോർഡ് ആണ് ആകെയുള്ളത്. അതിൻെറ കാര്യക്ഷമത വളരെ കുറവാണ്. ഫാമിലി യൂണിറ്റുകൾക്ക് പലതരത്തിലുള്ള ഉൽപന്നങ്ങൾ ഉണ്ടാക്കാൻ കഴിയും. നേരത്തെ പറഞ്ഞതുപോലെ agro based processing, അത് ഫാമിലിക്കാണ് ചെയ്യാൻ കഴിയുക. ഉണ്ടാക്കുക, ജാം, ഫ്രൂട്ട് ഡ്രിംഗ്സ് മുതലായവയുടെ എല്ലാം ഉൽപാദനം ഫാമിലി യൂണിറ്റുകൾക്ക് വളരെ ഭംഗിയായി ചെയ്യാൻ കഴിയും. ഫാമിലി യൂണിറ്റുകളുടെ ഇന്നത്തെ വളർച്ച, ആ രംഗത്ത് സാധ്യമായതിൻെറ നൂറിലൊന്നു പോലും ആയിട്ടില്ല.

പ്ലാനിംഗ് കമ്മീഷൻെറ കണക്കനുസരിച്ച്, 18,000 കോടി രൂപ മുടക്കിയാൽ, പത്തുകൊല്ലം കൊണ്ട് ഇപ്പോൾ തൊഴിലില്ലാതെ നിൽക്കുന്ന ഒരു വിഭാഗത്തിന് തൊഴിൽ ഉണ്ടാക്കിക്കൊടുക്കാൻ കഴിയും. പക്ഷേ 18000 കോടി രൂപ എവിടുന്നുണ്ടാകും? പത്തുകൊല്ലം കാത്തിരിക്കാൻ ആരു തയ്യാറാകും? ആർക്കെങ്കിലും അതിനുള്ള ക്ഷമയുണ്ടാകുമോ? ഇതൊക്കെ അസാധ്യമായ കാര്യങ്ങളാണ്. അതുകൊണ്ട് വേഗത്തിൽ, കാരക്ഷമമായി ഈ കാര്യങ്ങൾ നടപ്പാക്കാൻ വേണ്ട ഏർപ്പാടുകൾ ഉണ്ടാക്കണം. ഇവിടെ ചില ധാരണകളുണ്ട്; ഇവിടെ മിനറൽസ് ഇല്ല, Iron ore ഇല്ല, വൈദ്യുതി ഇല്ല, കൽക്കരി ഇല്ല; അപ്പോൾ ഇതൊന്നും വളരെ ആവശ്യമില്ലാത്ത വ്യവ



സായങ്ങളേ ഇവിടെ എളുപ്പത്തിൽ നടക്കുകയുള്ളൂ. മൂലധനം നിക്ഷേപിക്കാനില്ല. കുറച്ചു മൂലധനത്തിൽ കൂടുതൽ പേർക്ക് തൊഴിൽ കൊടുക്കാൻ കഴിയണം. അപ്പോൾ യന്ത്രങ്ങൾക്കും, ഫാക്ടറികെട്ടിടത്തിനും താരതമ്യേന കുറച്ചു മാത്രം മുതൽ മുടക്ക് ആവശ്യമുള്ള ലേബർ ഇൻറൻസീവ് ആയ, തൊഴിൽദായക സൗകര്യം കൂടുതലായുള്ള വ്യവസായങ്ങൾ കണ്ടുപിടിച്ച് അതിവിടെ നടപ്പാക്കണം. ഉദാഹരണത്തിന് ഇലക്രോണിക്സ്; ഇലക്ട്രോണിക്സിന് അധികം വൈദ്യുതി വേണ്ട, പരിസ്ഥിതി മലിനീകരിക്കില്ല. വലിയ വലിയ ഇലക്ട്രോണിക് ഉപകരണങ്ങളുടെ parts ഉണ്ടാക്കിയിട്ട് വീടുകളിൽ പോയി അസംബിൾ ചെയ്യുകയാണ് ചെയ്യുന്നത്. ഇതിന് വലിയ കോൺസൺട്രേഷൻ ആവശ്യമില്ല. ഇത്തരത്തിലുള്ള വ്യവസായങ്ങളാണ് കേരളത്തിനു വേണ്ടത്.

ഇത്തരത്തിൽ തൊഴിലില്ലായ്മ പരിഹരിക്കൽ കുറേക്കൊല്ലങ്ങൾകൊണ്ടു മാത്രം സാധ്യമാകുന്ന ഒന്നാണ്. കൊല്ലങ്ങൾ കൊണ്ട് ഇത് സാധ്യമാകണമെങ്കിൽ വ്യക്തമായ പ്രോജക്ട് വേണം, നടപ്പാക്കാനുള്ള ആളുവേണം, നടപ്പാക്കുന്നതിനു നേതൃത്വം നൽകാൻ, കേരളത്തിൻെറ നിലനിൽപ്പ് ആഗ്രഹിക്കുന്ന ആളുകൾ കക്ഷിരഹിതമായി മുന്നോട്ടു വരണം. അതിൽ പല മതക്കാരുകാണും. ജാതിക്കാരു കാണും. രാഷ്ട്രീയ ചിന്താഗതിക്കാരുകാണും. അതൊക്കെ മറന്നിട്ടു നമ്മുടെ ചെറുപ്പക്കാർ പട്ടിണികിടക്കാനിടവരരുത് എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ആളുകളെല്ലാം, ബാക്കി കാര്യങ്ങളിലെല്ലാം അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും ഈ ഒരു കാര്യത്തിൽ ഒന്നിക്കണം. അതാണ് എനിക്ക് പറയാനുള്ളത്.

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Moovatupuzha

# NICS

## NATIONAL INSTITUTE OF COMPUTER SCIENCE

(Behind New Theatre), By-pass Road
Thodupuzha, Idukki 685 584

(A MEMBER OF COMPUTER SOCIETY OF INDIA)

Announce Courses :

PGDCA, DCS, DCA, Hardware Engineering,
Desk Top Publishing (DTP),
Computer Aided Designer (AutoCAD),
Ral-12, Gulf Package

